25

ഇത് നിങ്ങൾ വായിച്ചിരിക്കണം

# ബൈബിൾ, യഹോവാ സന്ദേശം, യേശുക്രിസ്തു, യേശുവിന്റെ മരണം, സെന്റ് തോമസ്, ഫ്രാൻസിസ് സേവ്യർ

# മതം മാറ്റം

ഡോ. സി.പി. മാത്യു, ഡോ. സി.ഐ. ഐസക്,
ഡോ. എൻ. ഗോപാലകൃഷ്ണൻ

സനാതനധർമ്മ വേദി
തിരുവനന്തപുരം–695 018

Scanned with CamScanner

# ഇതു ദൈവ വചനമോ?
# ബൈബിളിലെ (യഹോവാ) സന്ദേശം

"സമുദ്രത്തിലെ മത്സ്യങ്ങളുടെ മേലും ആകാശത്തിലെ പക്ഷികളുടെ മേലും ഭൂമിയിലെ സർവവന്യജന്തുക്കളുടെ മേലും, നിലത്തിഴയുന്ന എല്ലാ ഇഴജന്തുക്കളുടെ മേലും മനുഷ്യന് അധികാരമുണ്ടായിരിക്കും. (ഉൽപത്തി 1-26)

**ഇതു ഈ പ്രകൃതിയെ ചൂഷണം ചെയ്യാനും നശിപ്പിക്കാനും യഹോവ മനുഷ്യനു കൊടുത്ത വേദനാജനകമായ സന്ദേശമാണ്.**

സർപ്പം സ്ത്രീയോടു പറഞ്ഞു. തോട്ടത്തിന്റെ മധ്യത്തിലുള്ള ജ്ഞാനക്കനി തിന്നാൽ നിങ്ങളുടെ കണ്ണുതുറക്കും, നന്മതിന്മകൾ തിരിച്ചറിയും, നിങ്ങൾക്കും ദൈവത്തെപോലെ ആകാൻ സാധിക്കും, ജ്ഞാനപ്രാപ്തിയുണ്ടാകും സർപ്പം ഹവ്വയോടു പറഞ്ഞു. ആദവും ഹവ്വയും ജ്ഞാനക്കനി തിന്നപ്പോൾ അവരുടെ കണ്ണുകൾ തുറന്നു. തങ്ങൾ നഗ്നരാണെന്ന് അവർ അറിഞ്ഞു. അത്തിയിലകൾ കൂട്ടി ത്തയ്ച്ച് അവർ അരമറച്ചു. (ഉൽപത്തി 3-5, 6, 7)

**സർപ്പത്തിന്റെ നിർദ്ദേശം സ്വീകരിച്ചില്ലായിരുന്നെങ്കിൽ ആദത്തിന്റേയും ഹവ്വയുടേയും സന്തതി പരമ്പരകൾ ഇന്നും വിവേകമില്ലാതെ, നന്മതിന്മകൾ തിരിച്ചറിയാതെ, പ്രാകൃതരായി നഗ്നരായി ജീവിക്കുമായിരുന്നില്ലേ? സർപ്പമല്ലെ മനുഷ്യന് നഗ്നരാണെന്ന ജ്ഞാനം നൽകിയത്. ഈ വിവേകമുണ്ടാകാനുള്ള ജ്ഞാനക്കനി തിന്നതാണ് ആദിപാപം. അതിനാണ് യേശുദേവനെ കുരിശിലേറ്റിയത് എന്ന കഥ മെനഞ്ഞെടുത്തത്.**

ആദാം ഭാര്യയായ ഹൗവ്വയുമായി സംഗമിച്ചു. അവർ ഗർഭം ധരിച്ചു കായീനെ പ്രസവിച്ചു (ഉൽപത്തി 4-1). കായീൻ ഭാര്യയുമായി സംഗമിച്ചു അവൾ ഗർഭം ധരിച്ചു ഹാനോക്കിനെ പ്രസവിച്ചു (ഉൽപത്തി 4-17)

**ദൈവം ആദത്തെയും ഹവ്വയേയുമല്ലേ സൃഷ്ടിച്ചുള്ളൂ. അപ്പോൾ കായീൻ വിവാഹം കഴിച്ച പെണ്ണ് എവിടെ നിന്നു വന്നു? അവളെ ആരു സൃഷ്ടിച്ചു? അപ്പോൾ ആദത്തിനും ഹവ്വക്കും മുമ്പ് മനുഷ്യരുണ്ടായിരുന്നു, മാത്രമല്ല ആദിപാപവുമുണ്ടാകാൻ സാധ്യമില്ല.**

മോശെ പറഞ്ഞു:....... അർധരാത്രിയോടുകൂടി കർത്താവ് ഈജിപ്തിലൂടെ കടന്നുപോകും. അപ്പോൾ ഈജിപ്തു ദേശത്തുള്ള എല്ലാ ആദ്യജാതരും സിംഹാസനത്തിലിരിക്കുന്ന ഫറവോന്റെ ആദ്യ ജാതൻ മുതൽ തിരി കല്ലിന്നു പിന്നിൽ ഇരിക്കുന്ന ദാസിയുടെ ആദ്യ ജാതൻ വരെ മരിക്കും. മൃഗങ്ങളുടെ കടിഞ്ഞൂലുകളും ചത്തുപോകും. (പുറപ്പാട് : 11-4, 5)

**ഈ ആദ്യജാതരെ എന്തിനുവേണ്ടിയാണ് കർത്താവു നശിപ്പിക്കുന്നത്? ദയാവാരിധിയായ കർത്താവ് ഇങ്ങിനെ ചെയ്താൽ കർത്താവിന്റെ അനുയായികൾ എന്തായിരിക്കും ചെയ്യുക?**



Scanned with CamScanner

ഈജിപ്തുകാർ സമുദ്രതീരത്തു ചത്തടിഞ്ഞു കിടക്കുന്നതു കണ്ട്, കർത്താവ് ഈജിപ്തുകാർക്കെതിരെ ചെയ്ത ഈ മഹാകൃത്യം കണ്ട് ഭയപ്പെട്ട് കർത്താവിലും അവന്റെ ദാസനായ മോശെയിലും ഇസ്രായേൽ ജനം വിശ്വസിച്ചു. (പുറപ്പാട് 14-30)

**കർത്താവിൽ വിശ്വാസമുണ്ടാക്കാൻ ഒരു ജനതയെ മുഴുവനും കൊല്ലണമായിരുന്നുവോ?**

നിന്റെ ദൈവമായ കർത്താവു ഞാനാകുന്നു.... ഞാനല്ലാതെ മറ്റു ദേവന്മാർ നിനക്കുണ്ടാകരുത്. ഒരുവിഗ്രഹവും നിനക്കായി ഉണ്ടാകരുത്.... യാതൊന്നിന്റേയും ബിംബം നീ ഉണ്ടാക്കരുത്. നീ അവർക്കു മുമ്പിൽ തല കുനിക്കുകയോ അവയെ സേവിക്കുകയോ അരുത്. കാരണം, ഞാൻ നിന്റെ ദൈവമായ കർത്താവ്, അസഹിഷ്ണുവായ ദൈവം ആകുന്നു. എന്നെ വെറുക്കുന്നവരുടെ ദുഷ്ടതയ്ക്കു മൂന്നും നാലും തലമുറവരെയുള്ള സന്തതി പരമ്പരകളോട് പകവീട്ടുന്നവനാണു ഞാൻ (പുറപ്പാട് 20-2 മുതൽ 6)

**ഒരു ദൈവത്തിനു ചേർന്ന വരികളാണോ ഇത്? അസഹിഷ്ണുത, പകവീട്ടുക, ഇതല്ലെ ആസുരികതയെന്നു പറയുന്നത്. മറ്റൊരു ദൈവം നിനക്കുണ്ടാകരുതെന്നു പറയുന്നതു തന്നെ തീവ്രവാദമല്ലെ. അതു തന്നെയല്ലെ ഇന്നു ക്രിസ്ത്യാനികൾ പ്രചരിപ്പിക്കുന്നതും. ഇവിടെ സ്നേഹം, പരസ്പര വിശ്വാസം ബഹുമാനം ....ഇതെല്ലാം കളഞ്ഞ് ഞാൻ, എന്റെ ദൈവം, എന്റെ പുസ്തകം, എന്റെ വഴി ഇവയല്ലാതെ മറ്റൊന്നു വെച്ചുകൂടാ പൂജിച്ചുകൂടാ എന്നതു തന്നെയാണ് തീവ്രവാദം! ദൈവത്തിന്റെ തീവ്രവാദം**

മാലാഖ നിനക്കു മുമ്പേ സഞ്ചരിച്ച് അമോരിയർ ഹിത്തിയർ, പെരിസിയർ, കനാനിയർ എന്നിവരുടെ ദേശത്തുകൂടെ നിന്നെ നയിക്കും. ഞാൻ അവരെ തുടച്ചു നീക്കും. അവരുടെ ദേവന്മാരെ നമസ്കരിക്കുകയോ സേവിക്കുകയോ അരുത്. അവരെപ്പോലെ പ്രവർത്തിക്കരുത് ആ ദേവന്മാരെ സമൂലം നശിപ്പിക്കുകയും, ദേവസ്തംഭങ്ങൾ തകർക്കുകയും ചെയ്യുക. നിങ്ങളുടെ ദൈവമായ കർത്താവിനെ മാത്രം ആരാധിക്കുക (പുറപ്പാട് 23- 23, 24).

**ഈ വരികൾ ബൈബിളിൽ ഉടനീളം കർത്താവു പറയുന്നതായി കാണാം. ഇത്രക്കും തീവ്രവാദം പ്രചരിപ്പിക്കുന്ന ഒരു ദൈവത്തിനെ ഭാരതീയർക്ക് ആരാധിക്കാനെങ്ങിനെ സാധിക്കുന്നു.**

നീ ചെല്ലുന്ന ദേശത്തെ ജനങ്ങളുമായി സഖ്യമുണ്ടാക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുക. അല്ലാത്തപക്ഷം നിനക്ക് അതു കെണിയായിത്തീരും. നിങ്ങൾ അവരുടെ വിഗ്രഹങ്ങൾ തകർക്കുക. നീ മറ്റൊരു ദൈവത്തെ ആരാധിക്കരുത്. കാരണം, കർത്താവ് അസഹിഷ്ണുവായ ദൈവം ആകുന്നു. കർത്താവിന്റെ പേര് അസഹിഷ്ണുത എന്നാകുന്നു. (പുറപ്പാട് 34-12, 13, 14)

**ഇത് ബൈബിളിലെ പഴയ നിയമത്തിലുടനീളം കാണാം. ക്രിസ്ത്യാനികളുടേയും, മുസ്ലീമുകളുടേയും, ജൂതന്മാരുടെയും മൂലഗ്രന്ഥമാണ് ബൈബിൾ പഴയനിയമം.**

ഒരാൾ ഭാര്യയോടൊപ്പം ഭാര്യാമാതാവിനേയും പരിഗ്രഹിക്കുന്നതു ദുഷ്ടത



Scanned with CamScanner

യാകുന്നു. നിങ്ങളുടെ ഇടയിൽ അത്തരം ദുഷ്ടതകൾ ഇല്ലാതാക്കുന്നതിന് അയാളേയും സ്ത്രീകൾ രണ്ടുപേരെയും അഗ്നിക്കിരയാക്കുക (ലേവിയർ 20-15)

ഭീകരമെന്നല്ലാതെ ഇതിനെ എങ്ങിനെ വിവരിക്കും?

നിങ്ങളുടെ ദൈവമായ കർത്താവിനെ നിങ്ങൾ പിന്തുടരണം. അവനെ ഭയപ്പെടണം. അവന്റെ കൽപനകൾ പാലിക്കുക. അവന്റെ വാക്ക് അനുസരിക്കുക. നമുക്കു മറ്റു ദേവന്മാരുടെ പിന്നാലെ പോകാം. നമുക്ക് അവരെ സേവിക്കാം. എന്നിങ്ങിനെ പ്രവാചകനോ സ്വപ്നദർശിയോ പ്രത്യക്ഷപ്പെട്ട് പറഞ്ഞാൽ ആ പ്രവാചകനെ നിങ്ങൾ വധിക്കണം (ആവർത്തനം 1 മുതൽ 5 വരെ)

യഥാർത്ഥ യഹോവാ ദൈവത്തിന്റെ മുഖമാണീ വികൃത സന്ദേശം!

ഭൂമിയുടെ ഒരറ്റം മുതൽ മറ്റേ അറ്റം വരെ സമീപത്തോ വിദൂരത്തോ നിങ്ങൾക്കു ചുറ്റുമുള്ള ചില ദേവന്മാരിലേക്ക്, നിന്നെ വശീകരിച്ചാൽ, നീ വഴങ്ങരുത്, അയാൾക്കു ചെവികൊടുക്കരുത് നിന്റെ കണ്ണുകളിൽ അയാളോടു കാരുണ്യമുണ്ടാകരുത്. അയാളെ നീ വെറുതെ വിടരുത്. ഒളിച്ചു വെക്കുകയുമരുത്. അയാളെ നീ കൊല്ലണം അയാളെ വധിക്കാൻ നീ ആദ്യം കരം ഉയർത്തണം. പിന്നീട് ജനങ്ങൾ എല്ലാം കരം ഉയർത്തണം. നീ അയാളെ കല്ലെറിഞ്ഞു കൊല്ലണം (ആവർത്തനം 13-7 മുതൽ 10 വരെ)

**ക്രിസ്ത്യൻ മിഷണറിമാർ ലോകമെമ്പാടും മതപരിവർത്തനം നടത്തുന്ന വേളയിൽ, ഈ നിർദ്ദേശം അതാതു നാട്ടുകാർ നടപ്പിലാക്കിയിരുന്നെങ്കിൽ എന്തു സംഭവിക്കുമായിരുന്നു? ഇന്നു ക്രിസ്തുമതം തന്നെ ലോകത്തുണ്ടാകുമായിരുന്നില്ല.** പുരുഷന്മാർ തമ്മിൽ മൽപിടുത്തം നടത്തുമ്പോൾ, മർദ്ദിക്കുന്ന പരപുരുഷന്റെ കൈയിൽ നിന്നു ഭർത്താവിനെ രക്ഷിക്കാൻ, അടുത്തു ചെന്നു കൈനീട്ടി പരപുരുഷന്റെ ഗുഹ്യാവയവങ്ങളിൽ പിടിക്കുന്ന സ്ത്രീയുടെ കൈവെട്ടിക്കളയണം. നിന്റെ കണ്ണിൽ അവളോട് കനിവ് അരുത്. (ആവർത്തനം 25-11, 12)

കർത്താവ് പറഞ്ഞു : ഇതാ കണ്ടാലും, ഞാൻ, ഞാൻ മാത്രമാണ് അവൻ, ഞാനല്ലാതെ മറ്റൊരു ദൈവമില്ല. ഹനിക്കുന്നതു ഞാൻ ജീവിപ്പിക്കുന്നതു ഞാൻ, മുറിവേൽപ്പിക്കുന്നതു ഞാൻ സുഖപ്പെടുത്തുന്നതു ഞാൻ. എന്റെ കൈകളിൽ നിന്ന് വിടുവിച്ചെടുക്കാൻ ആർക്കും കഴിയില്ല. എന്റെ കരങ്ങൾ ആകാശത്തേയ്ക്ക് ഉയർത്തി ഞാൻ സത്യം ചെയ്യുന്നു. നിത്യം ജീവിക്കുന്ന എന്നാണെ സത്യം എന്റെ തിളങ്ങുന്ന വാളിന് മൂർച്ച കൂടി, ന്യായം വിധിക്കാനുള്ള അവകാശം കയ്യിലെടുത്ത് എന്റെ വൈരികളോടു ഞാൻ പ്രതികാരം ചെയ്യും, എന്നെ വെറുക്കുന്നവരോടും പകരം വീട്ടും എന്റെ അസ്ത്രങ്ങളെ രക്തപാനം കൊണ്ടു ലഹരിപ്പിടിപ്പിക്കും എന്റെ വാളിന്നു മാംസം ഭക്ഷണമാക്കും. വധിക്കപ്പെടുന്നവരുടേയും ബന്ധുക്കളുടേയും രക്തം കൊണ്ട്! (ആവർത്തനം 32-39 മുതൽ 42 വരെ)



Scanned with CamScanner

കർത്താവ് ജനങ്ങൾക്കിടയിൽ ഒരുഗ്രസംഹാരം നടത്തിയതുമൂലം ജനങ്ങൾ വിലപിച്ചു. (ശമൂവേൽ 6-20)

പോകൂ പാപികളായ അമാലേകിയരെ പാടേ നശിപ്പിക്കുക. അവർ വേരറ്റു പോകും വരെ പോരാടുക (ശമൂവേൽ 15-18). ഗിർഗാലിൽ കർത്താവിന്റെ സന്നി ധിയിൽ വെച്ച് ശമൂവേൽ, അമാലേകിലെ രാജാവായ ആഗാഗിനെ, കഷണങ്ങ ളായി വെട്ടിമുറിച്ചു. (1. ശമൂവേൽ 15-32)

കർത്താവ് അരുൾ ചെയ്യുന്നു : കണ്ടാലും നിന്റെ ഭവനത്തിൽ നിന്ന് തന്നെ ഞാൻ നിനക്കു തിന്മ ഉളവാക്കും. നിന്റെ കൺമുമ്പിൽ വച്ചു, ഞാൻ നിന്റെ ഭാര്യമാരെ എടുത്ത് നിന്റെ അയൽക്കാരനു നൽകും. പട്ടാപകൽ തന്നെ അയാൾ നിന്റെ ഭാര്യമാരോടൊപ്പം ശയിക്കും (2 ശമൂവേൽ 12-11, 12)

കർത്താവിനു സമാധാനബലിയായി സോളമൻ ഇരുപത്തീരായിരം കാളകളെയും ഒരു ലക്ഷത്തി ഇരുപതിനായിരം ആടിനേയും ബലിഅർപ്പിച്ചു (1. രാജാക്കന്മാർ 8-63)

സോളമനു രാജ്ഞിമാരായി എഴുന്നൂറു ഭാര്യമാർ ഉണ്ടായിരുന്നു. മുന്നൂറ് ഉപഭാര്യമാരും. (1. രാജാക്കന്മാർ 11-3)

കർത്താവിന്റെ വാക്കുകൾ അനുസരിക്കാതിരുന്നത് ആ ദൈവപുരുഷനാ ണ്. കർത്താവ് അയാളെ സിംഹത്തിന് ഏൽപിച്ചുകൊടുത്തു. സിംഹം അയാളെ ചിന്നിക്കീറിക്കൊന്നു. (1. രാജാക്കന്മാർ 13-26)

കർത്താവു പറഞ്ഞു : ഞാൻ നശിപ്പിക്കാനായി ഉഴിഞ്ഞുവെച്ചിരുന്ന മനു ഷ്യനെ നീ സ്വന്തം കയ്യിൽ നിന്ന് വിട്ടയച്ചു. അതുകൊണ്ട് അയാളുടെ ജീവനു പകരം നിന്റെ ജീവൻ; അയാളുടെ ജനത്തിനു പകരം നിന്റെ ജനം (1. രാജാ ക്കന്മാർ 20-42) കർത്താവ് അരുൾ ചെയ്യുന്നു : നായ്ക്കൾ നബോതിന്റെ രക്തം കുടിച്ച അതേസ്ഥാനത്തു വെച്ചു തന്നെ നായ്ക്കൾ നിന്റെ രക്തം കുടിക്കും. (1. രാജാക്കന്മാർ 21-19) കർത്താവ് അരുൾ ചെയ്യുന്നു. സിറിയ ക്കാർ നശിക്കുവോളം അവരെ ഈ കൊമ്പുകൾ കൊണ്ടു നീ കുത്തിക്കീറും (1. രാജാക്കന്മാർ 22-11)

അന്നുരാത്രി കർത്താവിന്റെ ഒരു മാലാഖ പുറപ്പെട്ട് അസീറിയക്കാരുടെ പാള യത്തിലെ ഒരു ലക്ഷത്തി എൺപത്തയ്യായിരം പട്ടാളക്കാരെ വധിച്ചു (2. രാജാ ക്കന്മാർ 19-35)

കർത്താവും സർവജനതകളുടേയും നേരെ കോപിച്ചിരിക്കുന്നു. അവൻ അവരെ ശപഥപൂർവ്വം വിധിച്ച് കൊലക്കു കൊടുത്തിരിക്കുന്നു. അവരിൽ വധിക്കപ്പെടുന്നവർ വലിച്ചെറിയപ്പെടും. അവരുടെ ശവശരീരങ്ങൾ ദുർഗന്ധം വമിക്കും. പർവതങ്ങളിൽ അവരുടെ രക്തം ഒഴുകും... ഇതാ ഏദോമിന്നു ഞാൻ ശപഥപൂർവം നാശം വിധിച്ചിരിക്കുന്നു. ജനത്തിനുമേൽ ന്യായവി ധിക്കായി ആ വാൾ ഇറങ്ങിവരുന്നു. കർത്താവിന് ഒരു വാളുണ്ട്. അതു



Scanned with CamScanner

രക്തം കുടിച്ച് ചെടിച്ചിരിക്കുന്നു. അതിന് മേദസ്സ് തിന്ന് മതിയായിരിക്കുന്നു.... കർത്താവിനു ബൊസ്രായിൽ ഒരു യാഗമുണ്ട്. ഏദോം ദേശത്ത് ഒരു മഹാ സംഹാരവും എന്നാൽ കാട്ടുകളകൾക്കു പകരം ജനതകൾ വീഴും, കാള കൾക്കുപകരം വീരന്മാരുടെ ഒരു വർഗം നിലംപതിക്കും. അവരുടെ ദേശം രക്തത്തിൽ കുതിരും. അവരുടെ മണ്ണ് മേദസ്സ് കൊണ്ട് വളക്കൂറുള്ളതാകും. കാരണം, കർത്താവിന് ഒരു പ്രതികാരദിനമുണ്ട്. സീയോന്നുവേണ്ടി പകരം വീട്ടാനുള്ള വത്സരം. (യെശയ്യ-34-5 മുതൽ 9 വരെ)

കർത്താവ് അരുൾ ചെയ്യുന്നു: ഇപ്പോൾ ഞാൻ എഴുന്നേൽക്കും ഇപ്പോൾ ഞാൻ നിവർന്നു നിൽക്കും. ഇപ്പോൾ ഞാൻ ഉയർത്തപ്പെടും. നിങ്ങൾ ഉണ ക്കപ്പുല്ലിനെ ഗർഭം ധരിച്ചിരിക്കുന്നു. നിങ്ങൾ വൈയ്ക്കോലിനെ പ്രസവിക്കും. നിങ്ങളെ വിഴുങ്ങുന്ന അഗ്നിയാണ് നിങ്ങളുടെ നിശ്വാസം. ജനപഥങ്ങളെ നീറ്റി കുമ്മായം പോലെയാക്കും. വെട്ടിവീഴ്ത്തിയ മുള്ളുപോലെ അവരെ തീയിൽ ചുട്ടുകളയും.... എന്റെ (യഹോവയുടെ) ശക്തി നിങ്ങൾ അംഗീക രിക്കൂ (യെശയ്യ 33-10, 11, 12)

ഈ ദേശം ആക്രമിച്ച് നശിപ്പിക്കുക എന്നാണ് കർത്താവ് എന്നോട് അരുൾ ചെയ്തത് (യെശയ്യ 36-10)

കർത്താവ് അരുൾ ചെയ്യുന്നു; കണ്ടാലും, ഞാൻ ഈ ജനതത്തെ ഇടറി വീഴിക്കാൻ അവരുടെ മുമ്പിൽ ഇടർച്ചകൾ ഉണ്ടാക്കും. പിതാക്കന്മാരും, പുത്ര ന്മാരും, അയല്ക്കാരനും, സ്നേഹിതനും, എല്ലാവരും ഒരുപോലെ നശിക്കും. (യിരെമ്യ 6-21)

അവർ ജെരുശലേമിലെ വീഥികളിൽ എന്താണ് ചെയ്യുന്നത് എന്നു കാണു ന്നില്ലേ? ആകാശരാജ്ഞിക്കുവേണ്ടി അപ്പംചുടാൻ കുട്ടികൾ വിറകു ശേഖ രിക്കുന്നു. പിതാക്കന്മാർ തീകൊളുത്തുന്നു. സ്ത്രീകൾ മാവു കുഴക്കുന്നു. അവർ എന്നെ (യഹോവയെ) പ്രകോപിപ്പിക്കാൻ അന്യദേവന്മാർക്ക് പാനീയ വഴിപാടുകൾ ഒഴിക്കുന്നു. എന്നെയാണോ അവർ പ്രകോപിക്കുന്നത്... (യിരെമ്യ 7-17, 18, 19)

കർത്താവായ ദൈവം അരുൾ ചെയ്യുന്നു; കണ്ടാലും എന്റെ കോപവും ക്രോധവും ഈ സ്ഥലത്തു മനുഷ്യനിലും, മൃഗത്തിലും, വയലിലെ വൃക്ഷ ങ്ങളിലും നിലത്തിലെ വിളയിലും ചൊരിയപ്പെടും. അതു കെടാതെ കത്തി യെരിയും (യിരെമ്യാ 7 - 20)

അവൻ വന്നു ദേശത്തേയും അതിലുള്ള എല്ലാറ്റിനേയും വിഴുങ്ങുന്നു. നഗ രത്തേയും, അതിലെ നിവാസികളേയും, ഇതാ ഞാൻ നിങ്ങളുടെ ഇടയി ലേക്ക് സർപ്പങ്ങളെ അയക്കുന്നു. മയക്കു മന്ത്രം ഫലിക്കാത്ത അണലികളെ. അവ നിങ്ങളെ കടിക്കും. കർത്താവാണ് ഇത് അരുൾ ചെയ്യുന്നത് (യിരെമ്യാ 8-17)



Scanned with CamScanner

ഇസ്രായേലിന്റെ ദൈവമായ സൈന്യങ്ങളുടെ കർത്താവ് അരുൾ ചെയ്യുന്നു: കണ്ടാലും, ഈ ജനത്തെ ഞാൻ കയ്പു ചീര തീറ്റും ഇവർക്കു വിഷജലം കുടിക്കാൻ കൊടുക്കും. അവരൊ അവരുടെ പിതാക്കന്മാരോ അറിഞ്ഞിട്ടില്ലാത്ത ജനതകളുടെ ഇടയിൽ ഞാൻ അവരെ ചിതറിക്കും. ഞാൻ അവരെ നശിപ്പിക്കുവോളം വാളുമായി അവരെ പിന്തുടരും (യിരെമ്യ 9-16)

കർത്താവ് അരുൾ ചെയ്യുന്നു: ഇതാ ഇക്കുറി ദേശവാസികളെ ഞാൻ കവിണിയിൽ വെച്ച് എറിഞ്ഞുകളയുന്നു. അവർക്ക്, അനുഭവപ്പെടുമാറ് ഞാൻ അവരുടെ മേൽ ദുരിതം വരുത്തും. (യിരെമ്യ 10-18,19).

കർത്താവ് അരുൾ ചെയ്യുന്നു; കണ്ടാലും, ഈ ദേശത്തെ സർവ നിവാസികളെയും ദാവീദിന്റെ സിംഹാസനത്തിൽ ഇരിക്കുന്ന രാജാക്കന്മാരേയും. പുരോഹിതർ, പ്രവാചകർ എന്നിവരേയും, സർവജറുശലേം നിവാസികളേയും ഞാൻ ലഹരി നിറഞ്ഞവരാക്കും. ഞാൻ അവരെ പിതാക്കന്മാരേയും പുത്രന്മാരേയും, അന്യോന്യം കൂട്ടിയിടിച്ച് നശിപ്പിക്കും; കർത്താവാണ് ഇത് അരുൾ ചെയ്യുന്നത്; അവരെ നശിപ്പിക്കാതിരിക്കാൻ അവരോട് ദയയോ വിട്ടു വീഴ്ചയോ കരുണയോ ഞാൻ കാണിക്കില്ല. (യിരെമ്യ 13-14)

കർത്താവ് അരുളി ചെയ്യുന്നു. എന്റെ ദാസനായ നെബുകദ് നെസ്സർ എന്ന ബാബിലോണിയൻ രാജാവിനെ ഞാൻ വിളിച്ചുവരുത്തും. ഈജിപ്തുദേശത്തെ അയാൾ തകർക്കും. ഈജിപ്തിലെ ദേവന്മാരുടെ ക്ഷേത്രങ്ങളിൽ അയാൾ തീകൊളുത്തും. അവ ചുട്ടെരിക്കും (യിരെമ്യ 43-12)

ഞാൻ അവരെ പിതാക്കന്മാരേയും പുത്രന്മാരേയും അന്യോന്യം കൂട്ടിയടിപ്പിച്ച് നശിപ്പിക്കും. കർത്താവാണ് ഇത് അരുൾ ചെയ്യുന്നത് അവരെ നശിപ്പിക്കാതിരിക്കാൻ അവരോട് ദയയോ വിട്ടു വീഴ്ചയോ കരുണയോ ഞാൻ കാണിക്കില്ല. (യിരെമ്യ 13-14)

കർത്താവ് അരുൾ ചെയ്യുന്നു; മഹാമാരിക്കുള്ളവർ മഹാമാരിയിലേക്കും, വാളിന്നുള്ളവർ വാളിലേക്കും, ക്ഷാമത്തിനുള്ളവർ ക്ഷാമത്തിലേക്കും, ബന്ധനത്തിലുള്ളവർ ബന്ധനത്തിലേക്കും പൊയ്ക്കൊള്ളട്ടെ. നാലുതരം വിനാശകരെ ഞാൻ അവരുടെ മേൽ അയക്കും. വധിക്കാൻ വാൾ, പിച്ചിച്ചീന്താൻ നായ്കൾ, തിന്നൊടുക്കാൻ ആകാശത്തിലെ പറവകളും ഭൂമിയിലെ ജന്തുക്കളും (യിരെമ്യ 15-2, 3) ഞാൻ അവരെ പുത്രീ പുത്രന്മാരുടെ മാംസം. തീറ്റും; ശത്രുക്കളും അവരെ വധിക്കാൻ കൊതിക്കുന്നവരും അവരെ പീഡിപ്പിക്കുമ്പോൾ ഉപരോധത്തിലും ദുരിതത്തിലും അവരെല്ലാം അയൽക്കാരന്റെ മാംസം തിന്നും! (യിരെമ്യ 19-9)

കർത്താവു പറയുന്നു : നീട്ടിപ്പിടിച്ച കരം കൊണ്ട്, ശക്തമായ ഭുജം കൊണ്ടും. കോപത്തോടെ, രോഷത്തോടെ, ഉഗ്രക്രോധത്തോടെ ഞാൻ തന്നെ നിങ്ങളോടു യുദ്ധം ചെയ്യും. ഈ നഗരത്തിലെ നിവാസികളെ സംഹരിക്കും. മനുഷ്യരും മൃഗങ്ങളും ഈ മഹാമരിയിൽ മരിക്കും. (യിരെമ്യ 21 - 5, 6,7) സകല



Scanned with CamScanner

ഭൂവാസികൾക്കും എതിരെ ഞാൻ ഒരു വാൾ വിളിച്ചു വരുത്തുന്നതിനാൽ നിങ്ങൾ ശിക്ഷിക്കപ്പെടാതെ പോകയില്ല. കർത്താവാണ് ഇത് അരുൾ ചെയ്യുന്നത് (യിരെമ്യ 25-30)

ഇടയന്മാരെ അലമുറയിട്ടു കരയൂ. ആട്ടിൻ പറ്റത്തിന്റെ നാഥന്മാരെ, ചാരത്തിൽ ഉരുളുവിൻ, കാരണം, നിങ്ങളെ കശാപ്പു ചെയ്ത് എറിഞ്ഞു കളയുന്ന ദിനങ്ങൾ വന്നെത്തിയിരിക്കുന്നു. നല്ല ആണാടുകളെ പോലെ നിങ്ങളും നിലം പതിക്കും കർത്താവ് അരുൾ ചെയ്യുന്നു. യിരെമ്യ 25-34) സകല ഭൂവാസികൾക്കും എതിരെ ഞാൻ ഒരു വാൾ വിളിച്ചു വരുത്തുന്നതിനാൽ നിങ്ങൾ ശിക്ഷിക്കപ്പെടാതെ പോകയില്ല. കർത്താവാണ് ഇത് അരുൾ ചെയ്യുന്നത് (യിരെമ്യ 25-30).

ആ ദിവസം കർത്താവായ ദൈവത്തിന്റെ ദിവസമാണ്. അവർ ശത്രുക്കളോടു പകരം വീട്ടുന്ന പ്രതികാരദിനം. വാൾ വേണ്ടത്ര ഭക്ഷിച്ചു തൃപ്തിയടയും, നിറയെ രക്തം കുടിക്കും, (യിരെമ്യ 46-10)

കർത്താവ് അരുളി ചെയ്യുന്നു. നീ എന്റെ ചുറ്റികയും യുദ്ധത്തിനുള്ള ആയുധവുമാണ്. നിന്നെകൊണ്ടു ഞാൻ ജനതകളെ തകർക്കുന്നു. നിന്നെ കൊണ്ടു ഞാൻ രാജ്യങ്ങളെ തകർക്കുന്നു. നിന്നെ കൊണ്ടു ഞാൻ കുതിരയെയും കുതിരക്കാരനേയും തകർക്കുന്നു. നിന്നെ കൊണ്ടു ഞാൻ തേരിനേയും തേരാളിയേയും തകർക്കുന്നു. നിന്നെ കൊണ്ടു ഞാൻ പുരുഷനേയും സ്ത്രീയേയും തകർക്കുന്നു. നിന്നെ കൊണ്ടു ഞാൻ ബാലനേയും വൃദ്ധനേയും തകർക്കുന്നു. നിന്നെ കൊണ്ടു ഞാൻ യുവാവിനേയും യുവതിയേയും തകർക്കുന്നു. നിന്നെകൊണ്ടു ഞാൻ ഇടയനേയും അയാളുടെ ആറ്റിൻപറ്റത്തേയും തകർക്കുന്നു. നിന്നെകൊണ്ടു ഞാൻ ദേശാധികാരികളേയും സേനാധിപന്മാരേയും തകർക്കുന്നു... നിങ്ങളുടെ മുന്നിൽവെച്ചു തന്നെ ഞാൻ പകരം വീട്ടും; കർത്താവാണിത് അരുൾ ചെയ്യുന്നത്. (യിരെമ്യ 51-20 മുതൽ 25 വരെ)

ഞാൻ അവർക്ക് ഒരു വിരുന്നൊരുക്കും. അവർ ഉന്മത്തരായി ഇനി ഉണരാത്ത നിത്യനിദ്രയിൽ ആകുവോളം അവരെ മദ്യപിപ്പിക്കും. കർത്താവാണ് ഇത് അരുൾ ചെയ്യുന്നത്. (യിരെമ്യ 51-39)കർത്താവ് പ്രതികാരത്തിന്റെ ദൈവമാണ്. അവൻ നിശ്ചയമായും 'പകരം വീട്ടും (യിരെമ്യ 51-56)

യഹൂദാപുത്രിയായ കന്യകയെ കർത്താവ്, മുന്തിരിച്ചക്കിലെന്നപോലെ അരച്ചുകളഞ്ഞു. (വിലാപങ്ങൾ 1-15) ഹേ വേശ്യേ! നിന്റെ നഗ്നത മുഴുവൻ അവർ കാണത്തക്കവണ്ണം അവരുടെ മുമ്പിൽ നിന്റെ നഗ്നത ഞാൻ അനാവരണം ചെയ്യും... അവർ നിന്നെ കല്ലെറിയും, വാൾകൊണ്ടു വെട്ടിനുറുക്കും. അവർ നിന്റെ വീടുകൾ അഗ്നിക്കിരയാക്കും... അങ്ങനെ നിന്റെ നേരെയുള്ള എന്റെ ഉഗ്രകോപം ശമിക്കും. കർത്താവായ ദൈവമാണ് ഇത് അരുൾ ചെയ്യുന്നത് (ഐസക്കിയേൽ 16-40 മുതൽ 43 വരെ)



Scanned with CamScanner

കർത്താവിന്റെ ദിനം കൊതിക്കുന്ന നിങ്ങൾക്ക് ദുരിതം. കർത്താവിന്റെ ദിനം നിങ്ങൾക്കെന്തിനാണ്? അതു വെളിച്ചമല്ല, ഇരുട്ടാണ്, സിംഹത്തിന്റെ മുമ്പിൽ നിന്ന് ഓടിയവൻ കരടിയുടെ മുമ്പിൽ ചെന്നു പെടുന്നതു പോലെയാണ് ഇത്....കർത്താവിന്റെ ദിനം ഇരുട്ടല്ലേ? വെളിച്ചമല്ലല്ലോ. പ്രകാശമില്ലാത്ത ഇരുട്ടല്ലേ അത്? നിങ്ങളുടെ തിരുനാളുകൾ ഞാൻ വെറുക്കുന്നു, ഞാൻ തള്ളിക്കളയുന്നു, (ആമോസ് 5-18 മുതൽ 22 വരെ).

ഇതാ കർത്താവു കല്പന നല്കുന്നു; ആ ആഘാതമേറ്റു വലിയഭവനം ഉടയുന്നു; ചെറിയ ഭവനം തുണ്ടുതുണ്ടാകുന്നു. (ആമോസ് 6-11)

കർത്താവു ബലിപീഠത്തിന്നരികെ നിൽക്കുന്നതു ഞാൻ കണ്ടു. അവൻ അരുൾ ചെയ്തു. ഉമ്മറപ്പടികൾ കിടങ്ങുമാറ് സ്തംഭങ്ങളുടെ മകുടങ്ങളിൽ അടിക്കുക. അവ സർവ ജനത്തിന്റേയും തലയിൽ തകർന്നുവീഴട്ടെ, അവരിൽ അവശേഷിക്കുന്നവരെ ഞാൻ വാളിന്നിരയാക്കും, അവരിൽ ആരും ഓടിപ്പോകയില്ല. അവരിൽ ആരും രക്ഷപ്പെടുകയില്ല. (ആമോസ് 9-12)

കണ്ടാലും! ഞാൻ നിനക്ക് എതിരാണ്; സൈന്യത്തിന്റെ കർത്താവാണ്. ഇത് അരുൾ ചെയ്യുന്നത്. ഞാൻ നിന്റെ പാവാട നിന്റെ മുഖം വരെ ഉയർത്തും. അങ്ങനെ നിന്റെ നഗ്നത ദർശിക്കാൻ ജനതകളെയും നിന്റെ അപമാനം ദർശിക്കാൻ രാജ്യങ്ങളെയും ഞാൻ അനുവദിക്കും. ഞാൻ നിന്റെ മേൽ ചെളിവാരിയെറിയും, നിന്നോടു ഞാൻ അവജ്ഞത കാട്ടും; നിന്നെ പരിഹാസ ദൃശ്യമാക്കും (നഹൂം 3-5, 6)

കർത്താവാണ് ഇത് അരുൾ ചെയ്യുന്നത്; കാരണം, ജനതകളെ ഒന്നിച്ചു കൂട്ടി, രാജ്യങ്ങളെ സമ്മേളിപ്പിച്ച് അവയുടെ മേൽ എന്റെ രോഷം, എന്റെ കോപച്ചൂടു മുഴുവനും ചൊരിയാനാണ് എന്റെ തീരുമാനം. എന്റെ അസഹിഷ്ണുത് കലർന്ന ക്രോധാഗ്നിയിൽ ഭൂമി മുഴുവൻ ദഹിപ്പിക്കപ്പെടും (സെഫന്യ 3-8)

## യേശുവിന്റെ കഥ

കന്ന്യാമറിയത്തിൽ, പരിശുദ്ധാത്മാവ് ഗർഭം ധരിപ്പിച്ചാണ്, യേശു ജനിച്ചത്. ഗർഭിണിയായ കന്യാമറിയവും ജോസഫും ബെത്ലഹേമിലേക്ക് തങ്ങളുടെ പേര് രജിസ്റ്റർ ചെയ്യുവാൻ പോകുന്ന വഴിയാണ് പ്രസവം നടന്നത് എന്നതിനാൽ ഒരു തുണിയിൽ പൊതിഞ്ഞ് ശിശുവിനെ പുൽതൊട്ടിയിൽ വെച്ചു. കുറേ ആട്ടിടയന്മാരല്ലാതെ മറ്റാരും അവിടെ വന്നിട്ടില്ല, നക്ഷത്രവും ഉദിച്ചിട്ടില്ല. യേശു എവിടെയാണ് എങ്ങിനെയാണ് വളർന്നതെന്നതിന് കാര്യമായ വിവരണങ്ങളൊന്നുമില്ല. 30-ാമത്തെ വയസ്സിൽ ജനങ്ങൾക്ക് ഉപദേശം നൽകിത്തുടങ്ങി. ചിലരുടെ രോഗങ്ങൾ മാറ്റി, പിശാചിനെ ഒഴിപ്പിച്ചു. ഇതിനിടക്ക് യേശുവിനെത്തന്നെ പിശാചു പിടിച്ചു വട്ടം കറക്കി. അപ്പോൾ പരിശുദ്ധാത്മാവും സ്വർഗസ്ഥനായ പിതാവും കയ്യും കെട്ടി നോക്കി നിന്നതല്ലാതെ തന്റെ പുത്രനെ പോലും 'പിശാചിൽ' നിന്ന് വേർപെടുത്തിയില്ല.



Scanned with CamScanner

യഹൂദരെ സംഘടിപ്പിക്കയും, പുരോഹിതവർഗത്തിനെതിരെ പോരാടുകയും, പള്ളിയെ കച്ചവടസ്ഥാപനമല്ലാതാക്കുകയും, താനാണ് യഹൂദരുടെ രാജാവ് എന്നു പറഞ്ഞു നടക്കുകയും, താൻ പറയുന്നത് മാത്രമാണ് ശരി എന്നു പ്രഖ്യാപിക്കുകയും, താൻ ദൈവത്തിന്റെ പുത്രനാണെന്നു പലപ്രാവശ്യം പ്രഖ്യാപിക്കുകയുമെല്ലാം ചെയ്തതിനാൽ പുരോഹിതരും മൂപ്പന്മാരും യേശുവിനെ വധിക്കാൻ തീരുമാനിച്ചു. തനി നാടോടികളായ 12 പേരേ യേശു ശിഷ്യരുമാക്കി അവരിൽ പോലും കറകളഞ്ഞ വിശ്വാസമുണ്ടാക്കാൻ യേശുവിന് സാധിച്ചില്ല. യുദാ ഇസ്‌കറിയാത്ത് എന്ന ശിഷ്യനാണ് യേശുവിനെ ഒറ്റികൊടുത്തത്. പത്രോസ് യേശു കേൾക്കേ തന്നെ യേശുവിനെ അറിയില്ലെന്നു മൂന്നു പ്രാവശ്യം പറഞ്ഞു. യേശു 'ഉയർത്തെഴുന്നേറ്റത്' ശിഷ്യന്മാരാരും വിശ്വസിച്ചില്ല. തോമസ് ഒട്ടും വിശ്വസിച്ചില്ല. യേശു കുരിശിൽ വെച്ച് പലപ്രാവശ്യം ദൈവത്തോട് തന്നെ കൈവിടരുതെന്നഭ്യർത്ഥിച്ചു. സ്വന്തം പുത്രൻ കുരിശിൽ കിടന്നു നിലവിളിച്ചിട്ടുപോലും ദൈവം യേശുവിനെ രക്ഷിച്ചില്ല. തനിക്കു നേരെ നീട്ടിയ മരണത്തിന്റെ പാനപാത്രം തിരിച്ചെടുക്കാൻ ദൈവത്തോട് പലപ്രാവശ്യം അപേക്ഷിച്ചിട്ടും ദൈവം സ്വന്തം പുത്രന്റെ വിളി പോലും കേട്ടില്ല. ദീനരോദനമായ യേശുവിന്റെ ഈ പ്രാർത്ഥന നടക്കുമ്പോഴെല്ലാം വിശുദ്ധരെന്നു വാഴ്ത്തപ്പെട്ട ശിഷ്യരെല്ലാം സുഖമായിട്ടുറങ്ങുകയായിരുന്നു.

യേശുവിന്റെ കുരിശു മരണത്തോടനുബന്ധിച്ചുള്ള വിവരണങ്ങളെല്ലാം മത്തായിയും, ലൂക്കോസും, മർക്കോസും, യോഹന്നാനും പലവിധത്തിലാണ് വിവരിക്കുന്നത്. മത്തായിയൊഴിച്ച് മറ്റാരും യേശു സ്വർഗത്തിൽ പോയി എന്നു പറഞ്ഞിട്ടുമില്ല. യേശു പാപികൾക്കു വേണ്ടിയാണ് മരിച്ചതെന്ന് ഒരാളും സൂചിപ്പിക്കുകപോലും ചെയ്തിട്ടില്ല. ഇതെല്ലാം മെനഞ്ഞെടുത്ത കഥകൾ മാത്രം. യേശു നൽകിയ നല്ല ഉപദേശങ്ങളിലൊന്നു പോലും ഇവിടത്തെ ക്രിസ്ത്യാനികൾ ജീവിതത്തിൽ പകർത്തിയിട്ടില്ല. യേശു ചെയ്തതെല്ലാം അതേപോലെ ജീവിതത്തിൽ നാടകമായി മാത്രമാണ് ഇവിടത്തെ അച്ചന്മാരും കുഞ്ഞാടുകളും അഭിനയിക്കുന്നത്. വെറുംപറ്റിക്കൽ മാത്രമാണ് ചെയ്തുകൊണ്ടിരിക്കുന്നതും.

യേശുവിന്റെ ജനനവും, ജീവിതവും, ഉപദേശവും, സഞ്ചാരവും രോഗം ഭേദമാക്കലും, കുരിശിലേറിയതും, മരിച്ചു എന്നും ഉയർത്തെഴുന്നേറ്റു എന്നും, പലരും കണ്ടു, മാലാഖ വന്നു, മാലാഖ പറഞ്ഞു.... എന്നെല്ലാം പറഞ്ഞു നടക്കുന്നതും ഒരു പ്രാവശ്യമെങ്കിലും ബൈബിൾ വായിച്ചു മനസിലാക്കിയാൽ ഇതെല്ലാം ബൈബിളിലെ കഥയാണെന്നു യാഥാർത്ഥ്യമോ ചരിത്രമോ അല്ലെന്നും മനസ്സിലാകും. ഇന്നത്തെ ക്രിസ്ത്യാനികൾ ചെയ്യുന്നത് തനി തട്ടിപ്പും, വെട്ടിപ്പും, ചതിയും, ഉപരിപ്ലവമായ, പ്രദർശനവും, മാത്രമാണെന്ന് മനസിലാകും. ഇതിന്റെ ഉദ്ദേശമാകട്ടെ പാവപ്പെട്ടവരെ മതം മാറ്റുക എന്നതും. വികസിത രാജ്യങ്ങളിലും വിദ്യാഭ്യാസമുള്ളവരുടെ ഇടയിലും ഈ കഥകളൊന്നും വിലപ്പോകില്ലെന്നതിനാലാണ് അമേരിക്ക, കാനഡ, യൂറോപ്പ്, ഇംഗ്ല



Scanned with CamScanner

ണ്ട്....... തുടങ്ങിയ രാജ്യങ്ങളിൽ പള്ളികളടച്ചു പൂട്ടുന്നതും, ലേലം വിളിച്ചു പൈസയ്ക്ക് വിൽക്കുന്നതും ബൈബിൾ പൂർണമായും തിരസ്കരിക്കപ്പെടുന്നതും.

**യേശു പരാജയപ്പെട്ടു!**

1. സ്വന്തം ശിഷ്യരെകൊണ്ടുപോലും തനിക്കുവേണ്ടി (ഗുരുവിനുവേണ്ടി) ഒരു ചെറിയ കാര്യം ചെയ്യിക്കാൻ പോലും യേശുവിനായില്ല. കാരണം പത്രോസ് തന്നെ യേശുവിനെ അറിയില്ലെന്ന് ആണയിട്ടു മൂന്നുപ്രാവശ്യം പറഞ്ഞു. (മത്തായി 26.74) സ്വന്തം ശിഷ്യനായ യൂദാ യേശുവിനെ ഒറ്റിക്കൊടുത്തു, അതും 30 വെള്ളിക്കാശിന് (മത്തായി 27-4) സ്വന്തം ശിഷ്യരെ നേർവഴിക്കു നയിക്കാൻ പറ്റാത്ത യേശുവിന് എങ്ങിനെ ലോകത്തെ നേർവഴിക്കു നയിക്കാനാകും?

2. യേശുവിന്റെ മേൽ കുറ്റം ആരോപിച്ചപ്പോൾ ഈ ശിഷ്യരോ യേശു തന്നെയോ ഒന്നും പറഞ്ഞില്ല. ... അവർ നിശബ്ദനായിരുന്നതേയുള്ളൂ. യേശുവും മറുപടി പറഞ്ഞില്ല (മത്തായി 27-12, 13, 14). വിമർശനങ്ങൾക്കും കുറ്റാരോപണത്തിനു പോലും ഉത്തരം പറയാത്ത യേശു മറ്റുള്ളവർക്കു വേണ്ടി എങ്ങിനെ വാദിക്കും? അവനവൻ ധർമ്മബോധമുള്ളവനായാൽ പോരാ ധർമ്മബോധമുള്ളവനും, സത്യസന്ധനുമാണെന്ന് തെളിയിക്കേണ്ടതായ ഉത്തരവാദിത്വം പോലും യേശു നിറവേറ്റിയില്ല. സ്വയം രക്ഷപ്പെടാനറിയാത്തവന് മറ്റുള്ളവരെ രക്ഷിക്കാനാകില്ല തന്നെ.

യേശുവിനെ ക്രൂശിക്കുക എന്നു അവരെല്ലാം പറഞ്ഞു (മത്തായി 27-22, 23) ഇത്രയും കഴിവും ശക്തിയും, കന്യകയെ ഗർഭിണിയാക്കാൻ വരെ ശ്രേഷ്ഠനുമായ യഹോവ മറ്റുള്ളവരുടെ മനസ്സ് എന്തുകൊണ്ടു മാറ്റിയില്ല. സ്വന്തം പുത്രനുവേണ്ടി പോലും ഒന്നും ചെയ്യാത്ത യഹോവ മറ്റുള്ളവർക്കു വേണ്ടി എന്തെങ്കിലും ചെയ്യുന്നതെങ്ങിനെ?

4. യേശുവിനെ ചാട്ടകൊണ്ട് അടിപ്പിച്ചശേഷം ക്രൂശിക്കാനായി ഏൽപ്പിച്ചു കൊടുത്തു (മത്തായി 27-26) ദൈവം ഇതെല്ലാം നോക്കി നിൽക്കുകയായിരുന്നോ?

5. നീ ദൈവപുത്രനാണെങ്കിൽ കുരിശിൽ നിന്നിറങ്ങി വരൂ എന്നു വേദജ്ഞരും പുരോഹിതരും പലപ്രാവശ്യം പറഞ്ഞു (മത്തായി 27-40) വെള്ളം വീഞ്ഞാക്കിയവനും, പിശാചുബാധ ഒഴിവാക്കിയവനും, രോഗം മാറ്റിയവനുമായ യേശുവിന് കഴിവുണ്ടായിരുന്നുവെങ്കിൽ ഈ പുരോഹിതന്മാർ പറഞ്ഞതുപോലെ കുരിശിൽ നിന്നിറങ്ങി വന്ന് തന്റെ മഹത്വം തെളിയിക്കാമായിരുന്നില്ലേ?

ഇപ്പോൾ ഇവൻ കുരിശിൽ നിന്നിറങ്ങിവരട്ടെ എങ്കിൽ ഞങ്ങൾ ഇവനിൽ വിശ്വസിക്കാമെന്നുവരെ ജനത സത്യസന്ധമായി പറഞ്ഞു. അതിനൊന്നും കഴിവുമില്ലാതിരുന്നതു കൊണ്ടല്ലേ യേശു കുരിശിൽ തന്നെ കിടന്നത്? (മത്തായി 27-42)

ദൈവത്തിന് ഇവനെ വേണമെങ്കിൽ, ദൈവം ഇവനെ വിടുവിക്കട്ടെ. കാരണം, ഇവൻ പറഞ്ഞിട്ടില്ലേ ഞാൻ ദൈവപുത്രനാണെന്ന് അവനോടൊപ്പം ക്രൂശിക്കപ്പെട്ട കവർച്ചക്കാർ അങ്ങിനെ അവനെ പരിഹസിച്ചു. (മത്തായി 27-44) ഇത്രയുമായിട്ടും യഹോവ എവിടെ പോയിരുന്നു. ഇത്രയും കഴിവുകേടു പ്രദർശിപ്പിച്ച യേശു എങ്ങിനെ ആരാധ്യനാകും?

ആറാം മണിക്കൂർ മുതൽ ഒമ്പതാം മണിക്കൂർ വരെ ഇരുട്ടു പരന്നു. ഇതിൽ അത്ഭുതമെന്തിരിക്കുന്നു? യേശുവിനെ രക്ഷിക്കാനാകാത്ത ദൈവമായിരിക്കില്ല ഇരുട്ടു പരത്തിയത്. സൂര്യനസ്തമിച്ചതുകൊണ്ടു ഇരുട്ടു പരന്നു.

ഏലി ഏലി ലമാ സബക്താനി-എന്റെ ദൈവമേ എന്റെ ദൈവമേ നീ എന്താണ് എന്നെ കൈവിട്ടത്. യേശു ഉറക്കെ നിലവിളിച്ചു (മത്തായി 27-46, 47) യേശുദൈവപുത്രനോ, യഹോവയുടെയോ, വിശുദ്ധാത്മാവിന്റേയോ സന്തതിയാണെങ്കിൽ ഈ പുത്രന്റെ ദയനീയമായ നിലവിളി കേട്ടിട്ടും ഒന്നും ചെയ്യാത്തവനെങ്ങിനെ ദൈവമാകും? എങ്ങിനെ മറ്റുള്ളവരെ രക്ഷിക്കും? ഈ ബൈബിൾ കഥയിലൊരിടത്തും യേശു മനുഷ്യന്റെ പാപത്തിനായി കുരിശിലേറി എന്ന് സൂചനപോലുമില്ല. സ്വന്തം ശിഷ്യന്മാർ ഒറ്റിക്കൊടുത്തതുകൊണ്ടും നിലവിലുള്ള നിയമം ലംഘിച്ച് ഞാൻ ദൈവപുത്രനാണെന്ന് തെറ്റിദ്ധരിപ്പിക്കാൻ ശ്രമിച്ചതുകൊണ്ടും ദേവാലയം നശിപ്പിച്ചവനായതുകൊണ്ടും (മത്തായി 27-40) യേശുവിന് ലഭിക്കേണ്ട ശിക്ഷ ലഭിച്ചു. ഇതിൽ എന്താണ് ത്യാഗം, മഹത്വം, ആത്മബലി... പാപികളുടെ രക്ഷ.. എന്നൊക്കെ പറഞ്ഞ് മനുഷ്യനെ തെറ്റിദ്ധരിപ്പിക്കാനുള്ളത്.

അപ്പോൾ ഭൂമി കുലുങ്ങി, പാറകൾ പിളർന്നു, ശവകുടീരങ്ങൾ തുറക്കപ്പെട്ടു. നിദ്രപ്രാപിച്ചിരുന്ന അനേകം വിശുദ്ധരുടെ ശരീരങ്ങൾ ഉയർപ്പിക്കപ്പെട്ടു... അവർ അനേകർക്കു പ്രത്യക്ഷരായി (മത്തായി 27-51 മുതൽ 54 വരെ) ഇത്രയുമൊക്കെ ചെയ്യാൻ കഴിവുള്ള ദൈവത്തിന് ഒരു വിഷമവുമില്ലാതെ യേശുവിനെ രക്ഷിക്കാമായിരുന്നില്ലേ. അദ്ദേഹം 'പ്രാണൻ വെടിഞ്ഞതിനുശേഷം' ഈ നാടകമൊക്കെ എന്തിനായിരുന്നു. ശവകുടീരങ്ങളിൽ നിദ്ര പ്രാപിച്ചിരുന്ന വിശുദ്ധരുടെ ശരീരം ചീഞ്ഞളിഞ്ഞിട്ടില്ലായിരുന്നോ? ചീഞ്ഞിരുന്നെങ്കിൽ അവരെങ്ങിനെ ഉയർത്തെഴുന്നേറ്റു! ഇതൊക്കെ ഒരു ഡ്രാക്കുളകഥ പോലെയില്ലേ? ഇവിടെയെങ്ങിനെ ആത്മീയതയും മതവും വരുന്നു. ഇതെല്ലാം കഥയാണെങ്കിൽ യേശുവിന്റേത് ഒരു കഥയാണ്, ചരിത്രമല്ല. ഇതൊന്നും യോഹന്നാനോ മറ്റുള്ളവരോ അവരുടെ സുവിശേഷത്തിൽ പറഞ്ഞിട്ടേയില്ല. ഇതു മത്തായി സ്വയം എഴുതിപിടിച്ചതു മാത്രമാണ്.

കർത്താവിന്റെ മാലാഖ സ്വർഗത്തിൽ നിന്ന് ഇറങ്ങി വന്ന് ആ മൂടിക്കല്ല് ഉരുട്ടിമാറ്റി അതിന്മേലിരുന്നു. മാലാഖ, യേശു ഉയിർത്തെഴുറ്റു എന്നു സ്ത്രീകളോടു പറഞ്ഞു. (മത്തായി 28-4). ശരിക്കും ഈ മാലാഖ സങ്കൽപം ചരിത്രത്തിന്റെ ഭാഗമോ കഥയുടെ ഭാഗമോ? (മത്തായി 28-15)



Scanned with CamScanner

ഈ കഥ ഇന്നോളം യഹൂദരുടെ ഇടയിൽ പ്രചരിച്ചു പോരുന്നു. (അപ്പോൾ യേശുവിന്റേത് പ്രചരിപ്പിക്കപ്പെട്ട ഒരു കഥയാണ് എന്ന് ബൈബിളിൽ തന്നെ വിവരിക്കുന്നു. അതൊരു ചരിത്രവസ്തുതയല്ല.

**യേശുവിനെക്കുറിച്ച് മത്തായി (മാത്യൂ) വിവരിക്കുന്നത് :**

മറിയവും, യോസേഫും ഭാര്യാഭർത്താക്കന്മാരിയിരുന്നു. പരിശുദ്ധാത്മാവിൽ നിന്ന് മറിയം ഗർഭം ധരിച്ചു എന്ന് ഒരു മാലാഖ സ്വപ്നത്തിൽ (നേരിട്ടല്ല. സ്വപ്നത്തിലൂടെ അറിയിക്കുന്നു എന്നത് ശാസ്ത്രവുമല്ല ചരിത്രവുമല്ല) അറിയിച്ചു. മാലാഖയുടെ നിർദ്ദേശപ്രകാരം യോസേഫും മറിയവും കുഞ്ഞും ഈജിപ്തിലേക്ക് ഓടിപ്പോയി. ബെത്‌ലഹേമിലെ രാജാവ് ഹെറോദേസിനെ ഭയപ്പെട്ടിട്ടായിരുന്നു ഈ ഒളിച്ചോട്ടം. രാജാവിന്റെ മരണശേഷം അവർ ഇസ്രായേലിലേക്കു മടങ്ങുകയും ചെയ്തു.

വെട്ടുകിളികളെ തിന്നും, കാട്ടുതേൻ കുടിച്ചും, ഒട്ടകരോമ വസ്ത്രമണിഞ്ഞും അരയിൽ തോൽവാറുമായിരുന്ന സ്നാപക യോഹന്നാൻ സ്വർഗരാജ്യം സമീപിച്ചിരിക്കുന്നു എന്ന മരുഭൂമിയിലൂടെ പറഞ്ഞു നടന്നിരുന്നു. യേശു യോഹന്നാനിൽ നിന്നും സ്നാപനം ചെയ്തു. പിശാചിന്റെ പ്രലോഭനത്താൽ യേശുവിനെ മരുഭൂമിയിൽ കൊണ്ടുപോയി. നാൽപതു ദിവസം യേശു മരുഭൂമിയിൽ ഈ പിശാചിന്റെ പ്രവർത്തിയിൽ നിന്നു സ്വയം രക്ഷപ്പെടാൻ പോലും പറ്റാതെ വട്ടം കറങ്ങി, സ്വയം ദൈവപുത്രനോ, പുണ്യവാളനോ, മഹാത്മാവോ, ഒന്നുമല്ലെന്നും ഒരു സാധാരണ മനുഷ്യൻ മാത്രമാണെന്നും പിശാചിന്റെ മുമ്പിൽ യേശു തന്നെ തെളിയിച്ചു. ഈ പിശാച് എന്നതെന്താണെന്നും വ്യക്തമല്ല. പിന്നീട് യേശു പ്രഘോഷണം തുടങ്ങി പ്രാകൃതരായ ഇസ്രായേലുകാർക്ക് യേശു, സാധാരണ ജീവിതത്തിന്നാവശ്യമായ നല്ല ഉപദേശങ്ങൾ കൊടുത്തു നടന്നു. (ഇന്നത്തെ ക്രിസ്ത്യാനികളിൽ ബിഷപ്പും കർദ്ദിനാളും പോപ്പുമാരും വരെ യേശുവിന്റെ ഈ ഉപദേശങ്ങൾ ജീവിതത്തിൽ പകർത്താത്തവരാണെന്ന് ഈ ഉപദേശങ്ങൾ വായിക്കുന്നവർക്ക് എളുപ്പത്തിൽ മനസ്സിലാകും) ഈ ഉപദേശവിതരണ യാത്രയിൽ കുറേ രോഗികളെ യേശു രോഗവിമുക്തനാക്കിയത്രെ. യേശുവിന് ധാരാളം അനുയായികളുണ്ടായിത്തുടങ്ങി. പല അത്ഭുതങ്ങളും യേശു കാണിച്ചു. ഇന്നും ഭാരതത്തിൽ ജീവിക്കുന്ന ഋഷിമാർ കാണിക്കുന്നതുപോലുള്ള രോഗമുക്തിയാണ് യേശു കാണിച്ചു എന്ന് ബൈബിളിലെഴുതിയിരിക്കുന്നത്. ഇന്ത്യയിലിതു പോലുള്ളതു കാണിക്കുന്നവരിന്നുമുണ്ടെന്ന് ഇവിടത്തെ ക്രിസ്ത്യാനി വിശ്വസിക്കുന്നില്ല. രണ്ടായിരം വർഷങ്ങൾക്കു മുമ്പ് പ്രാകൃതരായി ജീവിച്ച ഇസ്രായേൽ ജനതക്കുണ്ടായ അനുഭവം അന്നത്തെ ജനതയിലാരോ എഴുതിയത് ഇവിടത്തെ ക്രിസ്ത്യാനി വിശ്വസിക്കുന്നത്രയും അടിമത്താന്ധ വിശ്വാസത്തിലാണ് ഇവർ ജീവിക്കുന്നത്. സ്വപ്നത്തിൽ കണ്ടു, മാലാഖ വന്നു, പിശാചു പിടിച്ചു, മരുന്നില്ലാതെ രോഗം മാറ്റി, ഇതെല്ലാം ശാസ്ത്രമല്ല. ശാസ്ത്രത്തിന് വിവരിക്കാൻ സാധിക്കില്ല. അതെല്ലാം യേശുവുമായി ബന്ധപ്പെട്ട കഥകൾ മാത്രമാണെ



Scanned with CamScanner

ങ്കിൽ ഒരാൾക്കും ഇത് ചോദ്യം ചെയ്യേണ്ട ആവശ്യവും വരുകയില്ല. ഇതെല്ലാം ചരിത്ര വസ്തുതയാണെന്ന് തെറ്റിദ്ധരിപ്പിക്കാൻ ശ്രമിച്ചാൽ മാത്രമേ പ്രശ്ന മുള്ളു. യേശു അവിടുത്തുകാർക്ക് നല്ല ഉപദേശങ്ങൾ കൊടുത്തത്. പലതും ഉപമകൾ ചേർത്തുള്ളതായിരുന്നു. ആ ഉപദേശങ്ങളേക്കാൾ അത്യഗാധമാ യവയാണ് ഭാരതത്തിലെ പുരാണങ്ങളിലും ഇതിഹാസങ്ങളിലും ഉപനിഷ ത്തുക്കളിലും ധർമ്മശാസ്ത്രങ്ങളിലുമുള്ളത്.ആയിരക്കണക്കിനു വർഷ ങ്ങൾക്കു മുമ്പ് ഭാരതത്തിലെഴുതിയ ശ്രേഷ്ഠമായുള്ളതൊന്നുമെടുക്കാതെ അറിവിനും ആത്മീയതയ്ക്കും ഇസ്രായേലിലേക്കുപോയ ഭാരതീയ ക്രിസ്ത്യാ നികളെക്കുറിച്ചോർത്താൽ ദുഃഖം തോന്നും. ഗംഗാവെള്ളം കുടിക്കാനുള്ള പ്പോൾ ചാലിലെ വെള്ളം കുടിച്ചാൽ മതി എന്നു തീരുമാനിക്കുന്നവരെ പോലെയാണിത്. തന്നെ പിന്തുടർന്നാലെ സ്വർഗ സിംഹാസനത്തിലിരിക്കാ നാകൂ എന്നുവരെ യേശു ശിഷ്യരെ പറഞ്ഞു പ്രലോഭിപ്പിച്ചു. എല്ലാം ഉപേ ക്ഷിച്ചുവരാൻ യേശു പറഞ്ഞത് ഒന്നും ഇവിടത്തെ ക്രിസ്ത്യാനി സ്വീകരി ച്ചുമില്ല. ധനികന് സ്വർഗരാജ്യത്തിലേക്കുള്ള പ്രവേശനം ദുഷ്കരമാണെന്നു യേശു പറഞ്ഞത് അറിഞ്ഞുകൊണ്ടാണ് ക്രിസ്ത്യാനികൾ ഇവിടെ പൈസ യുണ്ടാക്കുന്നത്.

ജെറുശലേമിലേക്ക് 12 ശിഷ്യന്മാരോടൊത്ത് പ്രവേശിക്കും മുമ്പ് യേശു പറഞ്ഞു തന്നെ പുരോഹിതരുടെ കയ്യിലേൽപിക്കപ്പെടും അവർ മരണ ശിക്ഷ വധിക്കും എന്ന്. യേശു ദേവാലയങ്ങളെ ശുദ്ധീഈകരിച്ചു, കച്ചവടക്കാരേയും നാണയ വിനിമയം നടത്തുന്നവരേയും ആട്ടിപ്പായിച്ച് താനൊരു പോരാളി യാണെന്നു തെളിയിച്ചു. ഏതൊരു സാമൂഹിക പരിഷ്കർത്താവും ചെയ്യു ന്നതു തന്നെ യേശുവും ചെയ്തു. യേശുവിന്റെ ഈ സന്ദേശം പുരോഹിത ന്മാർക്കുള്ളതു മാത്രമല്ല കേരളത്തിലെ ക്രിസ്ത്യാനിക്കുമുള്ളതുമാണ്. ഒരൊ റ്റയാളെ മതപരിവർത്തനം ചെയ്യിക്കാൻ വേണ്ടി നിങ്ങൾ കടലിലും കരയിലും സഞ്ചരിക്കുന്നു. മതപരിവർത്തനം കഴിഞ്ഞാൽ അയാളെ നിങ്ങളേക്കാൾ ഇരട്ടിയായി നരകത്തിന് അർഹനാക്കിത്തീർക്കുന്നു. (മത്തായി 23-15) ഇത്രയും വ്യക്തമായി യേശു പറഞ്ഞ സന്ദേശം കേരളത്തിലെ ക്രിസ്ത്യാ നികൾ പാടെ നിരാകരിച്ചു, പാവങ്ങളെ മതം മാറ്റുന്നു. ഇത്രയെല്ലാം ഉപദേ ശങ്ങൾ നൽകിയ യേശുവിന്റെ തന്നെ ശിഷ്യൻ യൂദാ ഇസ്കറിയാത്ത് യേശു വിനെ ഒറ്റിക്കൊടുത്ത. സ്വന്തം ശിഷ്യന്റെ മനസ്സുപോലും ഈ നീചകർമ്മ ത്തിൽ നിന്ന് മാറ്റാൻ യേശുവിനായില്ല. വേദനയോടെ തന്റെ ശിഷ്യർക്കു നൽകിയ ശരീരമാകുന്ന അപ്പവും വീഞ്ഞും രക്തമാകുന്ന ഒറ്റിക്കൊടുക്ക ലിന്റെ ചിഹ്നമായിട്ടും, ആ ദൈവപുത്രന്റെ ശരീരവും രക്തവും ഭക്ഷിക്കുക എന്ന നീചകർമ്മം ഇന്നും ക്രിസ്ത്യാനികൾ അനുവർത്തിക്കുന്നു. ഇതെല്ലാ ത്തരത്തിലും പാപമാണെന്നു ചിന്തിക്കണ്ടോ. ദൈവപുത്രന്റെ ശരീരം തിന്നു ക ചോര കുടിക്കുക. യേശുവിനെ എല്ലാവർക്കുമറിയാമായിരുന്നിട്ടും ഒറ്റി ക്കൊടുക്കേണ്ടതായ, ചൂണ്ടിക്കാണിച്ചുകൊടുക്കേണ്ടതായ, ചുംബിച്ചുകാണി ക്കേണ്ടതായ ആവശ്യമെന്തായിരുന്നു. പുരോഹിത ജനങ്ങൾക്കും മൂപ്പ



Scanned with CamScanner

ന്മാർക്കും യേശുവിനെ പരിചയമില്ലായിരുന്നോ? ശിഷ്യന്മാർ യേശുവിനെ ഉപേക്ഷിച്ച് ഓടിപ്പോയി (മത്തായി 26-56) സ്വന്തം ശിഷ്യന്മാരിൽപോലും ത്യാഗ ഭാവം ഉണ്ടാകാത്തക്കവിധത്തിലുള്ള മനസ്സുണ്ടാക്കാൻ യേശുവിനു സാധി ച്ചില്ല. അത്രക്കും ദുർബലമായിരുന്നു യേശുവിന്റെ സ്വാധീനം എന്നല്ലേ ഇതി ന്നർത്ഥം.

യേശുവിന്റെ മേൽദൈവഭൂഷണം ആരോപിച്ച്, ശിക്ഷ വിധിക്കും മുമ്പ് പുരോ ഹിതരെ പറഞ്ഞു ബോധ്യപ്പെടുത്താൻ യേശുവിനായില്ല. പുരോഹിതരുടെ ചോദ്യങ്ങൾക്കുള്ള മറുപടിയായിരുന്നില്ല യേശു നൽകിയത് മറിച്ച് താൻ ദൈവപുത്രനാണെന്ന് ആവർത്തിക്കുക മാത്രമാണ് ചെയ്തത്. ശിഷ്യനായ പത്രോസ് പോലും യേശുവിനനനനുകൂലമായി പറഞ്ഞില്ല. ദേശാധികാരി യായി പീലാത്തോസ് യേശുവിന് മരണശിക്ഷ വിധിക്കാൻ, പുരോഹിതരുടെ ഉപദേശപ്രകാരം തീരുമാനിച്ചു. ഓരോ തിരുനാളിലും ഒരു തടവുകാരനെ മോചിപ്പിക്കുന്ന പതിവുള്ളതിനാൽ യേശുവിനെ മോചിപ്പിക്കണമോ ബറ ബ്ബാസ് എന്ന തടവുപുള്ളിയെ മോചിപ്പിക്കണമോ എന്ന പീലാത്തോസിന്റെ ചോദ്യത്തിനു മുന്നിൽ ബറബ്ബാസിനെ മോചിപ്പിക്കണമെന്ന് ജനങ്ങൾ പറ ഞ്ഞു. യേശുവിന് ഈ ജനങ്ങളിൽ ഒരു സ്വാധീനവും ചെലുത്താനാകാത്ത തിലാണിതു സംഭവിച്ചത്.

പീലാത്തോസ് യേശുവിനെ ക്രൂശിക്കാൻ വിധിച്ചു, ആ ഉത്തരവാദിത്വം പുരോ ഹിതരുടെ മേലും ജനങ്ങളുടെ മേലും കെട്ടിവെച്ച് സ്വയം കൈകഴുകി.

യേശുവിനെ ഒരു ചുമന്നകുപ്പായമണിയിച്ച്, മുള്ളുകൊണ്ടൊരു കിരീടവും തലയിൽ വെപ്പിച്ച്, പരിഹസിച്ച്, യേശു കുരിശും ചുമന്ന് ഗോൽഗൊഥാ എന്ന സ്ഥലത്തെത്തി, കുരിശിൽ തറച്ചു (മത്തായി 27-34) രണ്ടു കവർച്ചക്കാ രേയും അവനോടൊപ്പം രണ്ടു ഭാഗത്തായി കുരിശിൽ തറച്ചു. ദൈവപുത്ര നാണെങ്കിൽ അതു തെളിയിക്കാനുള്ള അവസരമൊക്കെ യേശു കളഞ്ഞു കുളിച്ചു.

കുറേക്കഴിഞ്ഞ് ഇരുട്ടു പടർന്നപ്പോൾ, തന്നെ രക്ഷിക്കാത്ത ദൈവത്തെ ഓർത്ത് യേശു നിലവിളിച്ചു കരഞ്ഞു. ഏലി, ഏലി, ലമാ സബക് താനി = എന്റെ ദൈവമേ എന്റെ ദൈവമേ നീ എന്താണ് എന്നെ കൈവിട്ടത് (മത്തായി 27-46) ഈ ഒറ്റവരി മാത്രം മതി യേശുവിന് ദൈവീകമായ സിദ്ധികളൊന്നു മില്ലെന്നു വ്യക്തമാക്കാൻ. യേശു വീണ്ടും വീണ്ടും ഉച്ചത്തിൽ നിലവിളിച്ചു പ്രാണൻ വെടിഞ്ഞു. (മത്തായി 27-50) ഇത്രയും അരുമയായ പുത്രൻ ഇത്രയും വേദനയോടെ പ്രാർത്ഥിച്ചിട്ടും രക്ഷിക്കാനാകാത്ത ദൈവം ഇവി ടത്തെ ക്രിസ്ത്യാനികളെ രക്ഷിക്കുമോ? യേശു പറഞ്ഞിട്ടില്ല; ഞാൻ സ്വയം നിങ്ങളുടെ പാപമേറ്റെടുക്കുന്നു എന്നോ നിങ്ങൾക്കുവേണ്ടിയാണ് ഞാൻ മരിക്കുന്നതെന്നോ എന്റെ മരണശേഷം നിങ്ങളുടെ ആദിപാപം പൂർണമായും ഇല്ലാതാകുമെന്നോ... പിന്നെയെങ്ങിനെയാണ് യേശു നിങ്ങളുടെ പാപത്തി നുവേണ്ടി ക്രൂശിക്കപ്പെട്ടു എന്നു പറയുന്നത്. യേശു ദൈവപുത്രനാണെന്നു



Scanned with CamScanner

പറഞ്ഞു നടന്നു അതൊരിടത്തും തെളിയിക്കാനായിട്ടുമില്ല. അതുകൊണ്ട് ജനങ്ങളെ പറ്റിക്കുന്നവർക്ക് അക്കാലത്തു നിലനിന്നിരുന്ന ശിക്ഷജനങ്ങളും പുരോഹിതരും ചേർന്നു ഭരണാധികാരിയിലൂടെ കൊടുപ്പിച്ചു. യേശുവിന് ജനങ്ങളെ പഠിപ്പിക്കാനും രോഗം മാറ്റാനും സഹായിക്കാനും സാധിച്ചു എങ്കിലും സ്വന്തം ശിഷ്യന്മാർ പോലും യേശുവിനു വേണ്ടി വാദിക്കാൻ വന്നില്ല. (ഇതൊക്കെ കഥയാണെങ്കിൽ വാദത്തിന്റെ ആവശ്യമില്ല മറിച്ച് ചരിത്രമാണെങ്കിൽ ഇനിയും അനവധി ചോദ്യങ്ങൾ മുന്നിൽ വരുന്നു.) താൻ ദൈവപുത്രനാണെന്നതിന് പൊതുജനാഭിപ്രായമോ, ശിഷ്യരുടെ തെളിവുകളോ, മാലാഖമാരുടെ വരവോ, ആർക്കെങ്കിലും സ്വപ്നദർശനമോ ഒന്നുമൊന്നും ഉണ്ടായില്ല. ശിഷ്യർ തന്നെ ഒറ്റിക്കൊടുത്ത് മറ്റൊരു ശിഷ്യൻ ഗുരുവിനെതിരെ സാക്ഷ്യം പറഞ്ഞു. എല്ലാം കഴിഞ്ഞപ്പോൾ ഭൂമി കുലുങ്ങി, കടൽ ക്ഷോഭിച്ചു, ഇരുട്ടു വന്നു, ശവകുടീരങ്ങൾ ഉയർത്തപ്പെട്ടു. (ഇതൊരിക്കലും സംഭവിക്കില്ല കാരണം എല്ലാം ദ്രവിച്ചു കഴിഞ്ഞതാണ്). യേശുവിന്റെ ശരീരം ഒരു യോസേഫ് സ്വീകരിച്ച് കല്ലറക്കുള്ളിൽ സംസ്കരിച്ചുപോയി. മഗ്ദലനമറിയവും മറ്റൊരു മറിയവും മാലാഖയെ കണ്ടു (മത്തായി 28-3) എന്താണ് ഈ മാലാഖ? ഈ മാലാഖയ്ക്ക് നേരത്തെ വന്നുകൂടായിരുന്നോ? യേശുവിനെ മാലാഖ രക്ഷിക്കാത്തതെന്തായിരുന്നു കാരണം? ബോധക്ഷയത്തിൽ നിന്നു തിരിച്ചുവന്ന യേശു സ്വയം പ്രഖ്യാപിച്ചു സ്വർഗത്തിലും ഭൂമിയിലുമുള്ളതെല്ലാം എനിക്കു നൽകപ്പെട്ടിരിക്കുന്നു (മത്തായി 28-18). ശിഷ്യന്മാരെ യേശു മിഷണറി പ്രവർത്തനത്തിനായി അയച്ചു. യേശുവിന്റെ കുരിശുമരണം മാർക്കോസും, ലൂക്കോസും, യോഹന്നാനും വിവരിക്കുന്നത് വളരെ വ്യത്യസ്ഥമായിട്ടാണ്. പരസ്പര വിരുദ്ധവുമാണ്.

മാർക്കോസ് എഴുതിയ സുവിശേഷത്തിൽ യേശുവിന്റെ ജനനത്തെക്കുറിച്ച് ഒന്നുംതന്നെയില്ല. ഇവിടെ യോഹന്നാനെക്കുറിച്ച് വിവരിക്കുന്നു. ഒട്ടകരോമം കൊണ്ടുള്ള പ്രാകൃതമായ വസ്ത്രമാണ് യോഹന്നാൻ ധരിച്ചിരുന്നത്. അരയിൽ തോൽവാറുമുണ്ടായിരുന്നു. വെട്ടുകിളിയും കാട്ടുതേനുമായിരുന്നു അയാളുടെ ഭക്ഷണം (മർക്കോസ് 1-6) ഇത്രയും പ്രാകൃതനായ വ്യക്തി പറഞ്ഞു നടക്കുന്നതാണോ സംസ്കാര സമ്പന്നരായ ഇന്ത്യാക്കാരുടെ ഇടയിൽ പറഞ്ഞു പ്രചരിപ്പിച്ച് മതം മാറ്റാനുപയോഗിക്കുന്നത്. ഈ വ്യക്തിയിൽ നിന്നാണ് യേശു സ്നാനം സ്വീകരിച്ചത്. അപ്പോൾ ഇവരുടെ ചിന്താ/ബുദ്ധിയുടെ നിലവാരം എത്രത്തോളമുണ്ടായിരിക്കണം.

സ്വർഗം തുറക്കപ്പെടുന്നതും പ്രാവിന്റെ രൂപത്തിൽ ആത്മാവ് യേശുവിൻ ഇറങ്ങിവന്നു (മർക്കോസ് 1-10) ഭൂമിയിലിരുന്ന് സ്വർഗം കാണാനാകുമോ? അതിന് വാതിലുണ്ടോ? അതു തുറക്കുമോ?

കാലം തികഞ്ഞു; ദൈവരാജ്യം സമീപിച്ചിരിക്കുന്നു. (മർക്കോസ് 1-15) ഇതു പറഞ്ഞു പറ്റിക്കാൻ തുടങ്ങിയിട്ട് രണ്ടായിരത്തിലധികം വർഷങ്ങളായി ഈ പറ്റിക്കലിന് തുടക്കം കുറിച്ചതാകട്ടെ യേശുവത്രെ.



Scanned with CamScanner

യേശു പിശാചുബാധിച്ചവരിൽ നിന്ന് പിശാചുക്കളെ പുറത്താക്കി. (മർക്കോസ് 1-34) ഈ പിശാച് എന്നു പറയുന്നതെന്താണെന്ന് വിവരിച്ചിട്ടി ല്ല. മറ്റുള്ളവരുടെ പിശാചിനെ മാറ്റിയ യേശു നാൽപതു ദിവസം, മരുഭൂമി യിൽ വെച്ച് പിശാച് പ്രലോഭിപ്പിച്ചപ്പോൾ അത്യവശനായിരുന്നു. (മർക്കോസ് 1-13)

യേശു അനവധി രോഗികളുടെ രോഗം മാറ്റിയതായും പിശാചുബാധ ഒഴിപ്പി ച്ചതായും പറയുന്നു. കുരിശു മരണത്തിനുശേഷമുള്ള കാര്യങ്ങൾ മർക്കോസ് പറയുന്നതും മത്തായി പറയുന്നതും തമ്മിൽ ഒരു ബന്ധവുമില്ല. മാലാഖ വന്നു മഗ്ദലനമറിയത്തിനു പ്രത്യക്ഷമായി എന്നൊക്കെ മത്തായി വിവ രിക്കുന്നു. എന്നാൽ മർക്കോസ് വിവരിച്ചു. വെളുത്ത അങ്കിധരിച്ച യുവാവി നെയാണ് അവർ കണ്ടത്. മാലാഖ എന്നത് ഒരു മാനസിക വിഭ്രാന്തിയായി രുന്നു. ഭൂമി കുലുങ്ങി, പാറകൾ പിളർന്നു, ശവകുടീരങ്ങൾ തുറക്കപ്പെട്ടു. നിദ്ര പ്രാപിച്ചവർ ഉയർത്തെഴുന്നേറ്റു, അവർ വിശുദ്ധ നഗരത്തിൽ പ്രവേ ശിച്ചു. ഭൂകമ്പമുണ്ടായി ഇതൊന്നും മർക്കോസ് എഴുതിയിട്ടില്ല ഇതൊക്കെ മത്തായി പറഞ്ഞ് പെരുപ്പിച്ചു കാണിക്കുകയാണ് ചെയ്തത്. യേശു സ്വർഗ ത്തിലേക്കു പോയി എന്ന് മർക്കോസ് പറയുന്നു. എവിടെയാണീ സാങ്കൽപിക സ്വർഗമെന്നും പറഞ്ഞിട്ടില്ല.

**ലൂക്കോസിന്റെ സുവിശേഷം :** യോഹന്നാന്റെ ജനനവിവരണത്തോടെ ഇതാ രംഭിക്കുന്നു. യേശുവിന്റെ ജനത്തെക്കുറിച്ച് വ്യത്യസ്ഥമായ വിവിരണം തരു ന്നു. യേശു പുൽതൊട്ടിയിലല്ല ജനിച്ചത്, യാത്രാവേളയിലോ പ്രസവവേദ നയനുഭവപ്പെട്ടതും കുട്ടിയെ ശീലകളിൽ പൊതിഞ്ഞ് ഒരു പുൽതൊട്ടിയിൽ കിടത്തിയതും, ജനസംഖ്യാ രെജിസ്ട്രേഷന് നസ്രത്തിൽ നിന്ന് ബത്‌ലഹേ മിലേക്ക് പോകുന്ന വഴിയാണ്. (ലൂക്കോസ് 2-5 മുതൽ) പിന്നീട് അവർ ഗലീലിയായിലേക്ക് പോകുകയും ചെയ്തു. യേശു ജനിച്ചപ്പോൾ നക്ഷത്രവും ഉദിച്ചില്ല, കിഴക്കു നിന്ന് പണ്ഡിതരും വന്നില്ല, ജനിച്ചതിന്റെ ഒരു പ്രത്യേകതയും ഉണ്ടായില്ല, കുറേ ആട്ടിടയന്മാർ എങ്ങുനിന്നോ സ്വപ്നം കണ്ട തനുസരിച്ച് വന്നു എന്നു മാത്രമേ പറയുന്നുള്ളൂ. ലൂക്കോസിന്റെ വിവരണ പ്രകാരം യേശുജനനം ഒരു സാധാരണ സംഭവം മാത്രം. ഇവിടെ മറിയം യേശുവിനോട് തന്റെ ഭർത്താവ് നിന്റെ പിതാവാണെന്നു പറയുന്നുണ്ട (ലൂ ക്കോസ് 2-48, 49) അപ്പോൾ യൗസേഫ് അറിയാതെയല്ല മറിയം ഗർഭം ധരി ച്ചത്. തന്റെ പ്രവർത്തനം ആരംഭിച്ചപ്പോൾ യേശിവിന് 30 വയസ് (ലൂക്കോസ് 3-23) 12-14 വയസ്സിനും ശേഷം യേശു 30 വയസ്സുവരെ എവിടെയായിരുന്നു എന്നതിനെക്കുറിച്ച് ഒന്നം വിവരിച്ചിട്ടില്ല. ആദം ഹവ്വയുടെ പുത്രനിൽ നിന്ന് യേശുവരെയുള്ള തലമുറ ഇവിടെ വിവരിക്കുന്നു (ലൂക്കോസ് 3- 24 മുതൽ 38 വരെ) ഈ തലമുറ വിവരണം തന്നെ യേശുവിന്റെ പിൻതലമുറയുടെ ആസ്തിത്വം ശുദ്ധ അബദ്ധമാണെന്നു തെളിയുന്നു. ഇക്കണക്കുപ്രകാരം യേശുവിനു പിമ്പോട്ട് 2000-3000 വർഷം മുമ്പ് ആദ്യമനുഷ്യനായ ആദം ജനിച്ചു. എന്നാൽ 69000 വർഷം പഴക്കമുള്ള പൂർണമായ മനുഷ്യശരീരം



Scanned with CamScanner

ഇറ്റലിയിലെ യൂറാൽ പർവതനിരകളിൽ നിന്ന് എടുത്തിട്ടുണ്ട്. 20 ലക്ഷം വർഷം പഴക്കമുള്ള മനുഷ്യതലയോട് മംഗോളിയയിൽ നിന്നും ലഭിച്ചിട്ടുമുണ്ട്.

യേശുവിനെ ശിക്ഷിക്കാൻ മറ്റുള്ളവർ വിവരിച്ചതുപോലെ പ്രത്യേക കാരണവുമുണ്ട്. മനുഷ്യന്റെ പാപവുമായി അതിനൊരു ബന്ധവുമില്ല. പീലാത്തോസിന്റെ വരികൾ വായിക്കുക. ജനങ്ങളെ വഴിപിഴപ്പിക്കുന്നു എന്ന കുറ്റം ആരോപിച്ച് ഈ മനുഷ്യനെ (ദൈവപുത്രനെ എന്നല്ല പറഞ്ഞിരിക്കുന്നത്) നിങ്ങൾ എന്റെ അടുക്കൽ കൊണ്ടു വന്നു... മരണ ശിക്ഷ അർഹിക്കുന്നതൊന്നും ഇവൻ ചെയ്തിട്ടില്ല. അതുകൊണ്ടു ഞാൻ ഇവനെ പ്രഹരിച്ചു വിട്ടയക്കും (ലൂക്കോസ് 23-13 മുതൽ 16 വരെ).

ജനങ്ങളാകട്ടെ ക്രൂശിക്കുക, അവനെ ക്രൂശിക്കുക എന്നു വിളിച്ചു പറഞ്ഞു. ഇവിടെ ദൈവപുത്രനെന്ന മഹത്വമോ പാപപരിഹാരത്തിന് കുരിശിലേറ്റാൻ പോകുന്നു എന്ന വിവരണമോ ഇല്ല. (ലൂക്കോസ് 23-21) അങ്ങിനെയാണ് യേശുവിനെ ജനങ്ങൾക്കു വിട്ടുകൊടുത്തത് ലൂക്കോസ് വിവരിക്കുന്ന പിന്നീടുള്ള വരികളിലൊന്നിലും മത്തായിയൊ മർക്കോസോ പറഞ്ഞതു പോലെയല്ല. യേശുവിനു ലഭിച്ച ശിക്ഷയെക്കുറിച്ചുള്ള പ്രധാന ഭാഗങ്ങളൊക്കെ ഓരോരുത്തരും ഓരോ രീതിയിലാണ് പറയുന്നത്. യേശു പിതാവേ ഇവരോടു പൊറുക്കേണമേ... കാരണം തങ്ങൾ ചെയ്യുന്നതെന്ത് എന്ന് ഇവർ അറിയുന്നില്ല (ലൂക്കോസ് 23-24). ഈ വരികൾ ലൂക്കോസ് മാത്രമേ എഴുതിയിട്ടുള്ളൂ. മറ്റുള്ളവരിങ്ങിനെ എഴുതിയിട്ടില്ല. യേശു മരിക്കുന്ന സമയത്തു പറഞ്ഞതും അവിടെയുണ്ടായിരുന്ന മറ്റു ചിലർ പറഞ്ഞതും മത്തായിയും മർക്കോസുമൊന്നും എഴുതിയിട്ടില്ല. ഇതെല്ലാം ലൂക്കോസ് സ്വയം എഴുതിപ്പിടിപ്പിച്ചതാണ്. ലൂക്കോസ് രണ്ടു പുരുഷന്മാർ തിളങ്ങുന്ന വസ്ത്രവുമായി വന്നു എന്നാണ് പറഞ്ഞിരിക്കുന്നത്. (ലൂക്കോസ് 24-4) മാലാഖയുമില്ലായിരുന്നു, യുവാവുമല്ലായിരുന്ന തികച്ചും വിരുദ്ധങ്ങളായ വിവരണങ്ങളുടെ കൂമ്പാരമാണീ സുവിശേഷങ്ങൾ. **യേശു കുരിശിൽ മരിച്ചിട്ടേയില്ല**, പാപികൾക്കു വേണ്ടിയും മരിച്ചിട്ടില്ല. അതു വെറും കെട്ടു കഥയാണെന്നതിന് തെളിവാണ് ഈ വരികൾ; ആ പുരുഷൻമാർ പറഞ്ഞു ജീവിച്ചിരിക്കുന്നവനെ മരിച്ചവരുടെ ഇടയിൽ നിങ്ങൾ തെരയുന്നതെന്ത്? അവൻ ഇവിടെയില്ല (ലൂക്കോസ് 24-56)

**യോഹന്നാന്റെ സുവിശേഷം** : യോഹന്നാന്റെ സുവിശേഷത്തിന്റെ പ്രത്യേകത, തന്നോടൊപ്പം നിൽക്കാൻ യേശു യഹൂദരോടു നിർബന്ധിക്കുന്നു. യേശു നിരന്തരം പറയുന്നുണ്ട്, നിങ്ങൾ എന്നെ കൊല്ലാൻ ശ്രമിക്കുന്നു എന്ന്. (യോഹന്നാൻ 8-37) 8-40) അതായത് തനിക്ക് വധശിക്ഷ ലഭിക്കാമെന്നു യേശുവിനു തന്നെ, അറിയാമായിരുന്നു എന്നർത്ഥം. യേശു തന്നെ സ്വയം മഹാനാണെന്ന് സമർത്ഥിക്കാൻ 8-ാം അദ്ധ്യായത്തിൽ നിരന്തരം ശ്രമിക്കുന്നുണ്ട്. അബ്രഹമിന് മുമ്പ് ഞാനുണ്ട് എന്ന് യേശു പറഞ്ഞപ്പോൾ കേട്ടു നിന്നവർ അവനെ എറിയാൻ കല്ലെടുത്തു (യോഹന്നാൻ 8-58, 59). തന്നെ ഒറ്റിക്കൊ



Scanned with CamScanner

ടുക്കാൻ തീരുമാനിച്ചു എന്ന് യേശു അറിഞ്ഞ ശിഷ്യനോട് യേശു തന്നെ പറഞ്ഞു നീ ചെയ്യാനിരിക്കുന്നത് വേഗം ചെയ്യുക. (യോഹന്നാൻ 13-27).

യേശുവിനെ കുരിശിൽ തറച്ചതുമായ ബന്ധപ്പെട്ട കാര്യങ്ങളും, അതിനോട നുബന്ധിച്ച ചർച്ചയും മുഖ്യപുരോഹിതരുടെ അഭിപ്രായങ്ങളും പീലാത്തോസിന്റെ വരികളും യോഹന്നാൻ (19-16 മുതൽ 38 വരെ) തികച്ചും വ്യത്യസ്ഥമായ രീതിയിലാണ് എഴുതിയിരിക്കുന്നത്. പലതും മറ്റു സുവിശേഷകരിൽ നിന്ന് ഭിന്നവുമാണ്, ചിലത് നേരെ വിപരീതവുമാണ്. യേശുവിന്റെ കല്ലറക്കടുത്തു വന്ന ശിഷ്യന്മാരാരും മാലാഖയേയും കണ്ടില്ല, യുവാക്കളേയും കണ്ടില്ല. മറ്റാരെയും കണ്ടില്ല. (യോഹന്നാൻ 20-1 മുതൽ) പിന്നീട് കുറേയേറെ കഴിഞ്ഞ് രണ്ടു മാലാഖമാരെ മറിയം കണ്ടു എന്നാണ് പറയുന്നത്. മറ്റാരും എഴുതാത്ത സുദീർഘമായ വരികൾ യേശുവും മറിയവും തമ്മിലുള്ള ചർച്ചയായി യോഹന്നാൻ എഴുതിയിരിക്കുന്നു (യോഹന്നാൻ 20-13 മുതൽ) ഉയർത്തെഴുന്നേറ്റു എന്നു പറയുന്ന യേശു 8 ദിവസം കഴിഞ്ഞ് ശിഷ്യരുടെ മുമ്പിൽ വന്നു എന്ന് ഇതിൽ മാത്രം പറയുന്നു. യേശു സ്വർഗത്തിലേക്കു പോയിയെന്ന കഥയുടെ ഒരു സൂചന പോലും യോഹന്നാൻ നൽകുന്നില്ല. അതു തികച്ചും കെട്ടുകഥ പോലെ ആരുടേയോ മനസ്സിൽ നെയ്തെടുത്തതാണ്. യേശുവിനെ വിറ്റ് മതപണ്ഡിതർക്കും പള്ളിക്കും കാശും അനുയായികളേയും ഉണ്ടാക്കാൻ വേണ്ടിയുള്ള മതകച്ചവടമാണ് യേശുവിന്റെ കുരിശു മരണകഥയും ഉയർത്തെഴുന്നേൽപ്പും, സ്വർഗയാത്രയുമെല്ലാം.

*******

**ക്രിസ്തുദേവന്റെ കുരിശുമരണത്തിന്റെയും ഉയർത്തെഴുന്നേൽപ്പിന്റെയും ചരിത്ര വസ്തുതകൾക്ക് വെളിച്ചം വീശുന്ന സർജറി പ്രൊഫസർ ഡോ : മാത്യു നടത്തിയ പഠനം.**

തമിഴ്നാട്ടിലെ രാമർ പെട്രോൾ എന്ന വ്യാജ പെട്രോളിന്റെ ഉപജ്ഞാതാവ് രാമർപിള്ളയെ സി.ബി.ഐ. അറസ്റ്റു ചെയ്യുകയുണ്ടായല്ലോ. ഇല്ലാത്ത ഒരു സംഗതി ഉണ്ടെന്ന് വിശ്വസിപ്പിച്ച് അതിന്റെ പേരിൽ ലാഭം കൊയ്യുന്നതും മുതലെടുക്കുന്നതും ഒരു ക്രിമിനിൽ കുറ്റമായതുകൊണ്ടാണ് രാമർപിള്ളയെ അറസ്റ്റു ചെയ്തത്. യേശുക്രിസ്തു മൂന്നാം നാൾ ഉയർത്തെഴുന്നേറ്റെന്നും, നാൽപതാം നാൾ ശരീരത്തോടെ സ്വർഗ്ഗത്തിലേക്ക് ആരോഹണം നടത്തിയെന്നുമാണ് ക്രിസ്തുമതത്തിന്റെ വിശ്വാസപ്രമാണം. ക്രിസ്തു മതത്തിന്റെ അടിത്തറ തന്നെ ആ വിശ്വാസ പ്രമാണങ്ങളാണ്. എന്നാൽ 1999 ആഗസ്റ്റ് രണ്ടാം തീയതിയിലത്തെ ഇന്ത്യൻ എക്സ്പ്രസ് പത്രത്തിൽ ഒരു വാർത്ത വന്നു. ലോകത്തിലെ ഏഴുകോടി പ്രൊട്ടസ്റ്റന്റ് വിശ്വാസികളുടെ പരമാധ്യക്ഷനായ കാന്റർബറി ആർച്ച് ബിഷപ്പ് കാരിയുടേതായിരുന്നു ആ പ്രസ്താവന. അദ്ദേഹത്തിന്റെ അനുയായികൾക്കുള്ള സഹസ്രാബ്ദ സന്ദേശമായിരുന്നു അത്. ക്രിസ്തു ഉയർത്തെഴുന്നേറ്റു എന്നത് സത്യമാണോ എന്ന് എനിക്ക് തീർച്ചയില്ല. - ഇതായിരുന്നു ആ പ്രസ്താവന. ക്രിസ്തീയ വിശ്വാ



Scanned with CamScanner

സത്തിന്റെ തന്നെ അടിത്തറ ഇളക്കുന്നതിന് പര്യാപ്തമായ ഈ പ്രസ്താവന മറ്റു ക്രിസ്തീയ വിഭാഗങ്ങളിലെ മേലദ്ധ്യക്ഷന്മാർക്ക് ഞെട്ടലുണ്ടാക്കി. ആധുനിക ഗവേഷകരുടെ ഗവേഷണഫലങ്ങൾ ആർച്ച് ബിഷപ്പ് കാരിയുടെ മനസ്സാക്ഷിക്കുത്ത് ശരിയാണെന്ന് തെളിയിച്ചിരിക്കുന്നു. ഉണ്ടാകാത്ത ഒരു സംഭവം ഉണ്ടായി എന്നു പറഞ്ഞ് ജനത്തെ തെറ്റിദ്ധരിപ്പിച്ച് മുതലെടുക്കുന്നത് ഒരു ക്രിമിനൽ കുറ്റമായതുകൊണ്ടാണ് ഇത് ലേഖനമായി ഞാൻ എഴുതുന്നത്. ക്രിസ്തുവിന്റെ ഉപദേശങ്ങൾ അന്നത്തെ പുരോഹിതവൃന്ദത്തിന് തീരെ പിടിച്ചില്ല. അവർ അദ്ദേഹത്തെ കള്ളക്കേസിൽ കുടുക്കി പിടികൂടി. പീലാത്തോസ് മനസ്സില്ലാ മനസ്സോടെ ക്രിസ്തുവിനെ കുരിശിലേറ്റുന്നു. ഇനിയുമാണ് ചില അത്ഭുതങ്ങൾ സംഭവിക്കുന്ന്. ഹോൾഗർ കെർസ്റ്റൻ (Holger Kerstuen) എന്ന ജർമ്മൻ ചരിത്ര ഗവേഷകൻ ഇരുപത് വർഷത്തോളം നടത്തിയ ഗവേഷണങ്ങളുടെ ഫലം ക്രിസ്തു ഇന്ത്യയിൽ ജീവിച്ചിരുന്നു എന്ന പുസ്തകത്തിലൂടെ 1993 ൽ പ്രസിദ്ധീകരിക്കുകയുണ്ടായി. ഞെട്ടിപ്പിക്കുന്ന ചില വസ്തുതകളാണ് അദ്ദേഹം പുറത്തുകൊണ്ടുവന്നത്. ജർമ്മനിയിൽ പ്രസിദ്ധീകരിക്കുന്ന ഡെർസറ്റെൺ എന്ന വാരികയുടെ 1972-ാം ആണ്ടിലെ പതിനാറാം ലക്കത്തിൽ ഒരു ലേഖനം പ്രത്യക്ഷപ്പെട്ടു. കാശ്മീരിലെ ഒരു സർവ്വകലാശാലയിലെ ഹസ്സാനിയൻ എന്ന പ്രൊഫസറുടേതായിരുന്നു ലേഖനം. ക്രിസ്തു കാശ്മീരിൽ വന്നിട്ടുണ്ടെന്നും കാശ്മീരിലെയും ലഡാക്കിലേയും പല ബുദ്ധസന്യാസാശ്രമങ്ങളിൽ താമസിച്ചുട്ടെന്നുമുള്ളതിന് രേഖകളുണ്ടെന്നായിരുന്നു ലേഖനം. കുരിശിലേറ്റിക്കഴിഞ്ഞ് തിരികെ ഇന്ത്യയിൽ വന്ന ക്രിസ്തു വളരെ പ്രായം ചെന്നതിനുശേഷം കാശ്മീരിൽ വച്ചു മരിച്ചുവെന്നും ശ്രീനഗറിൽ കബറടക്കിയെന്നുമായിരുന്നു ലേഖനത്തിന്റെ ചുരുക്കം. ശ്രീനഗറിന്റെ പഴയ ഠൗൺ ഭാഗത്ത് റോസാ ബാൽ എന്ന കെട്ടിടത്തിൽ ഇന്നും ആ ശവകുടീരം നിലകൊള്ളുന്നു. മുസ്ലീങ്ങൾക്ക് ഇന്നും ഈസാ നബീയുടെ ഈ കബറിടം ഒരു പുണ്യതീർത്ഥാടന കേന്ദ്രമാണ്. ഹോൾഗർ കെർസ്റ്റൻ ഈ കബറിടം ഒന്നു തുറന്നു പരിശോധിക്കുന്നതിന് 1989 ൽ ആറു മാസത്തോളം ശ്രീനഗറിൽ താമസിച്ച് ഒരു ശ്രമം നടത്തുകയുണ്ടായി. അവസാനം മുഖ്യമന്ത്രി ഫാറൂഖ് അബ്ദുള്ളയെക്കണ്ട് അനുവാദം ചോദിച്ചപ്പോൾ മുസ്ലീംങ്ങളുടെ വികാരം വ്രണപ്പെടുമെന്ന് ഭയന്ന് അദ്ദേഹം കബറിടം തുറക്കുന്നതിന് അനുവാദം നൽകിയില്ല. അധികം താമസിയാതെ കാശ്മീരിൽ കലാപം പൊട്ടിപുറപ്പെടുകയും കെർസ്റ്റൻ സ്ഥലം വിടുകയും ചെയ്തു. ജർമ്മൻ വാരികയിലെ ലേഖനം പലരുടേയും ജിജ്ഞാസ വർദ്ധിപ്പിച്ചു. ക്രിസ്തുവിന്റെ കന്യകാ ജനനവും കുരിശുമരണവും ഉയർത്തെഴുന്നേൽപ്പും സ്വർഗ്ഗാരോഹണവും വരെ സംശയദൃഷ്ട്യാ വീക്ഷിച്ചിരുന്ന പലരും ജർമ്മൻ വാരികയിലെ ലേഖനത്തോട് പ്രതികരിച്ചു. (വളരെക്കാലമായി ഈ ലേഖകന്റെ മനസ്സിനേയും അലട്ടിയിരുന്നതാണ് ഈ വസ്തുതകൾ). ക്രിസ്തുവിന്റെ അത്ഭുത പ്രവർത്തനങ്ങൾ ശാസ്ത്രീയമായി കുറേയൊക്കെ തെളിയിക്കാമെങ്കിലും മരിച്ചിട്ട് ഉയിർത്തുവെന്നതും ശരീരത്തോടെയുള്ള സ്വർഗ്ഗാ



Scanned with CamScanner

രോഹണവും അവിശ്വസനീയമായിത്തന്നെ അവശേഷിക്കുന്നു. ലൂക്കായുടെ സുവിശേഷം 24-ാം അദ്ധ്യായം 51-ാം വാക്യത്തിൽ അവൻ സ്വർഗ്ഗാരോഹണം ചെയ്തു എന്നു പറഞ്ഞിരിക്കുന്നു. ക്രിസ്തു എന്ന ചരിത്രസത്യം എന്നെങ്കിലും വെളിപ്പെടുമ്പോൾ അതിനെ അഭിമുഖീകരിക്കാൻ ആധുനിക ക്രിസ്തുമതം തയ്യാറായിരിക്കണം എന്ന് ആഫ്രിക്കയിൽ ജീവിച്ച് പ്രസിദ്ധ ജർമ്മൻ ഡോക്ടർ ആർബർട്ട് ഷിവിറ്റ്സർ എന്ന മിഷിനറി 1913 ൽ അഭിപ്രായപ്പെടുകയുണ്ടായി. ക്രിസ്തുവിന്റെ അസ്ഥിപഞ്ജരം കണ്ടുവെന്ന് എന്നെങ്കിലും ഒരു വാർത്ത് വന്നാൽ ആരും അതിശയിക്കേണ്ട എന്ന് പ്രസിദ്ധ ചരിത്ര ഗവേഷകൻ റൂസോൾഫ് ബുൾട്ട്മാൻ 1967 ൽ ഒരു ജർമ്മൻ വാരികയിൽ എഴുതുകയുണ്ടായി. (Der Spie-gel. No. 14-1966) ആത്മാവ് സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു എന്ന് വിശ്വസിക്കാമെങ്കിലും ക്രിസ്തുവിന്റെ ഭൗതികശരീരം സ്വർഗ്ഗത്തിലേക്ക് ഉയർത്തപ്പെട്ടുവെന്നത് വിശ്വസിക്കാൻ സാധ്യമല്ലല്ലോ. ഒരു ദൈവശാസ്ത്ര വിദ്യാർത്ഥിയായിരുന്ന കെർസ്റ്റന്റെ ചോദ്യങ്ങൾക്കു മുമ്പിൽ അദ്ദേഹത്തിന്റെ പ്രൊഫസർമാർക്ക് ഉത്തരം മുട്ടി. മത അദ്ധ്യാപകൻ എന്ന നിലയ്ക്കുള്ള കെർസ്റ്റന്റെ പരിശീലന കാലം കഴിഞ്ഞ ഉടനെ വാരികയിലെ ലേഖനത്തെപ്പറ്റിയുള്ള ഗവേഷണം ആരംഭിക്കുവാൻ തീരുമാനിച്ചു. അങ്ങനെ സത്യം പുറത്തു കൊണ്ടുവരണമെന്നുള്ള തീവ്രമായ ആഗ്രഹം കെർസ്റ്റന്റെ ചരിത്രപ്രധാനമായ ഒരു തീർത്ഥയാത്രയ്ക്ക് പ്രേരിപ്പിച്ചു. 1989 ൽ അദ്ദേഹം ബോംബേയിൽ എത്തി. അവിടെ നിന്ന് കാശ്മീരിലേക്ക് യാത്രയായി. ബൈബിൾ പ്രകാരം ക്രിസ്തു പന്ത്രണ്ടാമത്തെ വയസ്സിൽ പാലസ്തീൻ ദേശത്തു നിന്ന് അപ്രത്യക്ഷനായി. മുപ്പതാമത്തെ വയസ്സിലാണ് പിന്നീട് അവിടെയെത്തുന്നതും സുവിശേഷം പ്രസംഗിക്കുന്നതും. ഇതിനിടക്കുള്ള 18 വർഷം ക്രിസ്തു എവിടെയായിരുന്നുവെന്ന് ബൈബിളിലും മറ്റു ആധികാരിക ഗ്രന്ഥങ്ങളും പരാമർശിക്കുന്നില്ല. ഉത്തരം കിട്ടാത്ത ഈ ചോദ്യത്തിന് ഇതാ ഉത്തരം. നാഥ് യോഗികൾ എന്നൊരു ഹിന്ദു സന്യാസ സമൂഹമുണ്ട്. അവർ കൂടുതലും വടക്കേ ഇന്ത്യയെ കേന്ദ്രീകരിച്ചാണ് പ്രവർത്തിക്കുന്നത്. അവരുടെ മൂലഗ്രന്ഥമായ നാഥ് നാമാവലിയിൽ ഈശോനാഥ് എന്നൊരു വലിയ വിശുദ്ധൻ അദ്ദേഹത്തിന്റെ 14-ാം വയസ്സിൽ ഇന്ത്യയിൽ വന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. ഇവിടുത്തെ താമസം കഴിഞ്ഞ് അദ്ദേഹം നാട്ടിലേക്ക് തിരികെപോയതായും, അവിടെ അദ്ദേഹം ഇവിടെ പഠിച്ച കാര്യങ്ങൾ പ്രചരിപ്പിച്ചതായും അതിൽ കുപിതരായ അവിടുത്തെ പുരോഹിതവൃന്ദം അദ്ദേഹത്തെ പിടികൂടി ക്രൂശിച്ചതായും, എന്നാൽ അദ്ദേഹം ഇന്ത്യയിൽ വച്ച് പഠിച്ച് ചില യോഗവിദ്യകൾകൊണ്ട് കുരിശുമരണത്തിൽ നിന്നും രക്ഷപ്പെട്ടതായും ഇന്ത്യയിൽ വന്നുവെന്നും ഹിമാലയ താഴ്വരയിൽ ഒരു ആശ്രമം സ്ഥാപിച്ചുവെന്നും രേഖപ്പെടുത്തിയിരിക്കുന്നു. നാഥ്യോഗികളുടെ ഉത്ഭവത്തെപ്പറ്റി ശരിയായ ചരിത്രമില്ല. എങ്കിലും ചില വസ്തുതകൾ ലഭ്യമാണ്. ബുദ്ധമതത്തിന്റെ ഈ ആരംഭകാലത്താണ് (500 ബി.സി) അതിന്റെ ഉത്ഭവമെന്ന് കരുതപ്പെടുന്നു. അവർ വർഗ്ഗവിവേചനത്തിന് എതിരായിരുന്നു. ബ്രാഹ്മണ മേധിവിത്വം അവർ അംഗീകരിച്ചിരുന്നില്ല. അവർ എല്ലാ വർഗ്ഗ



Scanned with CamScanner

ക്കാരെയും സഹോദരീ സഹോദരന്മാരായി കരുതുന്നു. എല്ലാ വർഗ്ഗക്കാരെയും അവർ അവരുടെ സമൂഹത്തിലേക്ക് സ്വീകരിച്ചിരുന്നു. ക്രിസ്തുവിന്റെ ഉപദേശങ്ങൾ പരിശോധിക്കുന്നവർക്ക് അവ നാഥ് സന്യാസിമാരുടേതിന് തുല്യമായിരുന്നെന്ന് കാണാം. പട്ടാളക്കാരും ശത്രുക്കളും ക്രിസ്തുവിനെ വളരെയധികം ദേഹോപദ്രവം ഏൽപിച്ചു എന്നതും കുരിശിൽ തറച്ചു എന്നതും ശരിയാണ്. പക്ഷേ, വൈദ്യശാസ്ത്രവീക്ഷണത്തിൽ മരണത്തിന് കാരണമായേക്കാവുന്ന ഒരു മുറിവും ക്രിസ്തുവിന്റെ ശരീരത്തിൽ ഉണ്ടായിരുന്നില്ല. മാർക്കോസിന്റെ സുവിശേഷം പതിനഞ്ചാം അദ്ധ്യായം 25 മുതൽ 45 വരെ വാക്യങ്ങളിൽ ക്രിസ്തുവിന്റെ മരണസമയത്തെക്കുറിച്ച് വിവരിക്കുന്നു. ഇവിടെ ആറു മണിക്കൂറേ കിരിശ്ശിൽ കിടന്നതായി പറയുന്നുള്ളൂ. ഈ പെട്ടെന്നുള്ള മരണം പീലാത്തോസിന് സംശയം ജനിപ്പിക്കുകയും എല്ലാം ശരിയായിരുന്നോ എന്ന് പീലാത്തോസ് പട്ടാളമേധാവിയോട് അന്വേഷിക്കുകയും ചെയ്തു. (മാർക്കോസിന്റെ സുവിശേഷം 15-ാം അദ്ധ്യായം 44-ാം വാക്യം). ശരീരസ്തംഭവനം (Catalepsy) എന്നത് ഹഠയോഗ വിദ്യ തന്നെയാണ്. ക്രിസ്തു 18 വർഷം ഇന്ത്യയിൽ താമസിച്ചിരുന്നുവെന്നും അന്ന് മിക്കവാറും തക്ഷശില സർവ്വകലാശാലയിലാണ് ഹഠയോഗവിദ്യകൾ അഭ്യസിച്ചിരുന്നത് എന്നും ഗവേഷകർ വിശ്വസിക്കപ്പെടുന്നു. അന്ന് അവിടെ 10500 വിദ്യാർത്ഥികൾ അഭ്യസിച്ചിരുന്നതായി രേഖകളുണ്ട്. 60 വിവിധ ഡിപ്പാർട്ടുമെന്റും അതിനെല്ലാം പ്രഗത്ഭരായ അദ്ധ്യാപകരും അവിടെയുണ്ടായിരുന്നു. ക്രിസ്തുവിനെ സ്പർശന ചികിത്സ അഭ്യസിപ്പിച്ചത് ഉദ്രക (Udraka) എന്നൊരു മഹർഷിയായിരുന്നു. ഇന്ന് വീണ്ടും പ്രചാരം സിദ്ധിച്ച റെയ്ക്കി എന്ന ചികിത്സാ രീതിയാണ് സ്പർശന ചികിത്സ. അങ്ങനെ സ്പർശന ചികിത്സയിലും ഹഠയോഗത്തിലും പ്രാവീണ്യം നേടിയ ക്രിസ്തു സ്തംഭനം എന്ന ഹഠയോഗവിദ്യയാണ് കുരിശിൽ കിടന്ന് പ്രയോഗിച്ചത്. ശരീരം മുഴുവൻ നിശ്ചലമാകുന്നതാണ് സ്തംഭനം. ഹൃദയമിടിപ്പും ശ്വാസോച്ഛ്വാസവും നിർത്താൻ കഴിയും. ദിവസങ്ങളോ ആഴ്ചകളോ ഈ രീതിയിൽ കിടക്കാൻ സാധിക്കും. അടുത്തകാലത്ത് റഷ്യയിൽ ജീവിച്ചിരുന്ന വുൾഫ് മെസ്സിങ്ങ് എന്ന് അഭ്യാസിക്ക് മൂന്നു ദിവസം വരെ ഈ അവസ്ഥയിൽ കിടക്കാൻ കഴിയുമായിരുന്നു. എന്നാൽ അദ്ദേഹം ഇന്ത്യയിൽ വന്നപ്പോൾ നേരിട്ട് കണ്ട ചില ഇന്ത്യൻ യോഗികൾക്ക് ആഴ്ചകളോളം ഈ അവസ്ഥയിൽ കിടക്കുന്നതിന് കഴിവുണ്ടെന്ന് അദ്ദേഹം രേഖപ്പെടുത്തിയിരിക്കുന്നു. ക്രിസ്തു മരിച്ചുവെന്നു കരുതി പട്ടാളക്കാർ സ്ഥലം വിട്ടു. യോഹന്നാന്റെ സുവിശേഷം പത്തൊമ്പതാം അദ്ധ്യായം 38 മുതൽ 42 വരെ വാക്യങ്ങളിൽ ആ സംഭവം ഇങ്ങനെ വിവരിക്കുന്നു. അമരത്തിയാക്കാരൻ ഔസേപ്പ് പീലാത്തോസിനോട് അനുവാദം വാങ്ങി ക്രിസ്തുവിന്റെ ശരീരം ഏറ്റെടുത്തു. രാത്രിയോടുകൂടി അവിടെയത്തിയ നിക്കോദമോസ് കൊണ്ടുവന്ന 100 റാത്തൽ ചെന്നിനായകവും മീറയും കൂടിയുള്ള മിശ്രിതം ക്രിസ്തുവിന്റെ ശരീരത്തിൽ പുരട്ടി. ശരീരം തുണിയിൽ പൊതിഞ്ഞ് തൊട്ടടുത്ത തോട്ടത്തിൽ ഉണ്ടായിരുന്ന



Scanned with CamScanner

ഒരു അറയിൽ വച്ചു. ക്രിസ്തുവിന്റെ ശരീരം കല്ലറയിൽ അടക്കം ചെയ്തില്ല എന്നത് ശ്രദ്ധേയമാണ്. സംസ്കാരത്തിനു മുമ്പ് ശരീരം കുളിപ്പിക്കുക എന്നത് യൂദന്മാരുടെ (നമ്മുടെ ഇടയിലും) പ്രധാനമായ ഒരു ചടങ്ങാണ്. എന്നാൽ ക്രിസ്തുവിനെ കുളിപ്പിച്ചതായും പറയുന്നില്ല. ക്രിസ്തു മരിച്ചിട്ടില്ല എന്നത് ചിലവർക്കെങ്കിലും അറിയാമായിരുന്നു എന്നതിന്റെ തെളിവാണിത്. ശരീരത്തിൽ എന്തിന് ചെന്നിനായകം പുരട്ടി? എല്ലാത്തരം മുറിവുകളും ചതവുകളും അത്ഭുതകരമായി സുഖപ്പെടുത്തുന്ന ഒരു മരുന്നാണ് ചെന്നിനായകം. യോഹന്നാന്റെ സുവിശേഷം 19-ാം അദ്ധ്യായം 39-ാം വാക്യത്തിൽ ചെന്നിനായകത്തെപ്പറ്റി പറഞ്ഞിരിക്കുന്നു. ആലോ എന്നാണ് ചെന്നിനായകത്തിന്റെ ശാസ്ത്രീയനാമം. ചില മലയാളം ബൈബിളുകളിൽ ആലോയ്ക്ക് അകിൽ എന്നാണ് പരിഭാഷ കൊടുത്തിരിക്കുന്നത്. ഇത് ശരിയല്ല. നമ്മുടെ നാട്ടിൽ കാണുന്ന കറ്റാർ വാഴയാണ് ആലോ അതിന്റെ നീരു വറ്റിച്ചെടുക്കുന്ന കുഴമ്പുപോലുള്ള ഒരു ദ്രാവകമാണ് നമ്മുടെ അങ്ങാടിക്കടയിൽ കിട്ടുന്ന ചെന്നിനായകം എന്ന ഔഷധം. നമ്മുടെ നാട്ടിൽ പണ്ട് (ഒരു പക്ഷേ ഇപ്പോഴും) പോലീസ് സ്റ്റേഷനിലെ മർദ്ദനത്തിന് ഇരയാകുന്നവർ പുറത്തു വന്നാലുടനെ ചെന്നിനായകം കോഴിമുട്ടയിൽ അടിച്ചു കഴിക്കുന്ന ഒരു പതിവുണ്ടായിരുന്നു. ചതവുകളും മുറിവുകളും പെട്ടെന്ന് സുഖപ്പെടുത്തുന്നതിന് ചെന്നിനായകത്തിനുള്ള കഴിവ് പ്രസിദ്ധമാണ്. ക്രിസ്തു മരിച്ചിട്ടില്ലെന്ന് നിശ്ചയമുണ്ടായിരുന്നതുകൊണ്ടാണ്, നീരും ചതവും മുറിവും പെട്ടെന്ന് ഒഴിവാകുന്നതിന് വേണ്ടി ചെന്നിനായകം പുരട്ടിയത്. മൃതശരീരത്തിൽ ആരും ചെന്നിനായകം പുരട്ടാറില്ല. പിറ്റേദിവസം മയക്കത്തിൽ നിന്ന് ഉണർന്ന ക്രിസ്തു കുറേനാൾ അവിടെതന്നെ ഒളിവിൽ താമസിച്ചശേഷം അദ്ദേഹം 18 വർഷം ചെലവഴിച്ച ഇന്ത്യയിലേക്ക് തന്നെ തിരികെപ്പോന്നു. ക്രിസ്തു ഉടലോടെ സ്വർഗ്ഗത്തിലേക്ക് പോയി എന്ന് ചില ശിഷ്യർ പ്രചരിപ്പിച്ചു. ഉയർത്തെഴുന്നേറ്റു എന്ന ഇന്നത്തെ ക്രിസ്തീയ വിശ്വാസം കാന്റർബറി ആർച്ച് ബിഷപ്പ് പറഞ്ഞതുപോലെ ശാസ്ത്രത്തിനും യുക്തിക്കും നിരക്കുന്നതല്ല എന്നതാണ് സത്യം. ഇന്ത്യയിൽ എത്തിയ ക്രിസ്തു ലഡാക്കന്റെ തലസ്ഥാനമായ ലേയിൽ നിന്ന് 34 കി.മി. അകലെയുള്ള ഹെർമിസ് എന്ന സ്ഥലത്തുള്ള ബുദ്ധ സന്യാസാശ്രമത്തിൽ താമസിച്ചിരുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. നിക്കോളസ് നേടോട്ടോവിച്ച് ക്രിസ്തീയ സഭയിലെ പല ഉന്നതാധികാരികളേയും കാണുകയുണ്ടായി. സംഗതിയുടെ അപകടം മനസ്സിലാക്കിയ അവർ എല്ലാവരും ഈ റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കുന്നതിൽ നിന്ന് നോട്ടോവിച്ചിനെ പിന്തിരിപ്പിക്കുവാൻ ശ്രമിച്ചു. അതിനുള്ള പല അടവുകളും അവർ പയറ്റി. നോട്ടോവിച്ച് ആദ്യം കണ്ടത് കീവിലെ മെത്രാപ്പോലീത്തായെയാണ്. ഒരു കാരണവശാലും ഇത് പ്രസിദ്ധീകരിക്കരുതെന്ന് മെത്രാപ്പോലീത്ത കർശനമായി റെട്ടേലിയെയാണ്. റിപ്പോർട്ട് പ്രസിദ്ധീകരിക്കരിക്കരുതെന്നും പ്രസിദ്ധപ്പെടുത്തിയാൽ സഭയുടെ ശത്രുക്കൾക്ക് അത് നല്ല ആയുധമാകുമെന്നും അദ്ദേഹം വാദിച്ചു. വത്തിക്കാനിലെ ഒരു ഉന്നത വ്യക്തി പണം കൊണ്ട് നോ



Scanned with CamScanner

ട്ടോവിച്ചിനെ സ്വാദീനിക്കാൻ ശ്രമം നടത്തി. കയ്യെഴുത്ത് പ്രതി കൊടുത്താൽ എത്ര പണം വേണമെങ്കിലും കൊടുക്കാമെന്ന് വാഗ്ദാനം കൊടുത്തു. ഈ പ്രലോഭനങ്ങൾക്കൊന്നും വഴിപ്പെടാതെ നോട്ടോവിച്ച് തന്നെ ആ റിപ്പോർട്ടുകൾ പ്രസിദ്ധപ്പെടുത്തി. 1894 ൽ പ്രസിദ്ധപ്പെടുത്തിയ ക്രിസ്തുവിന്റെ അജ്ഞാതവാസം എന്ന പുസ്തകത്തിൽ ക്രിസ്തുവിന്റെ അജ്ഞാതവാസത്തെപ്പറ്റി പ്രതിപാദിക്കുന്നുണ്ട്. ഈ 18 വർഷത്തെ ക്രിസ്തുവിന്റെ ജീവിതത്തെപ്പറ്റി ബൈബിളിലോ മറ്റു ആധികാരിക ഗ്രന്ഥങ്ങളിലോ പ്രതിപാദിച്ചിട്ടില്ല എന്നതുതന്നെ ക്രിസ്തുവിന്റെ ഇന്ത്യയിലെ വാസത്തെപ്പറ്റിയുള്ള നിഗമനങ്ങൾ ശരി വയ്ക്കുന്നു. ക്രിസ്തു മരിച്ചിട്ടില്ല എന്നതിന് പ്രധാനതെളിവ് ക്രിസ്തുവിന്റെ ശരീരം പുതപ്പിച്ചിരുന്ന പുതപ്പ് ആണ്. വർഷങ്ങൾ നീണ്ട പല പരീക്ഷണങ്ങളുടേയും ഫലങ്ങൾ ഇപ്പോൾ ലഭ്യമാണ്. അനേകം പുസ്തകങ്ങൾ ഇതേപ്പറ്റി രചിക്കപ്പെട്ടിട്ടുണ്ട്. ഏറ്റവും അവസാനമായി 1988 ലാണ് പുതപ്പിന്റെ റേഡിയോ കാർബൺ പരിശോധ നടന്നത്. ഈ പരീക്ഷണങ്ങളിലെല്ലാം നടന്ന കള്ളക്കളിയുടേയും ഞെട്ടിക്കുന്ന വിവരങ്ങൾ അടങ്ങിയ വിശദലേഖനങ്ങൾ അനവധിയാണ്.

*******

**ബൈബിൾ സത്യമാണെന്ന് പറഞ്ഞു പറ്റിക്കാൻ ശ്രമിച്ചാൽ ഈ ചോദ്യങ്ങൾ ചോദിക്കുക**

(ബൈബിളിലെ ഒന്നാം ഭാഗം ഉൽപത്തി) മനുഷ്യനെ ഒറ്റദിവസം കൊണ്ട് ദൈവം ഉണ്ടാക്കിയോ? മനുഷ്യൻ പരിണമിച്ചുണ്ടായതല്ലേ? മനുഷ്യനോട് സർപ്പം സംസാരിക്കുമോ? മനുഷ്യനു വിവേകം ഉണ്ടാകാനല്ലേ സർപ്പം ജ്ഞാനക്കനി തിന്നാനുപദേശിച്ചത്? മനുഷ്യനു വിവേകമുണ്ടായതിനാലല്ലേ തുണിയുടുത്തു നടക്കുന്നത്? മനുഷ്യനു വിവേകമുണ്ടാകാൻ പാടില്ലെന്ന് ദൈവത്തിന് നിർബന്ധമെന്തുകൊണ്ട്? ദൈവം ശപിച്ച ആ സർപ്പത്തെ ഉണ്ടാക്കിയതും ഈ ദൈവമല്ലേ? ആദവും ഹവ്വയും ജ്ഞാനക്കനി തിന്നതാണോ ആദിപാപം? ആ പാപപരിഹാരത്തിനാണോ യേശുവിനെ കുരിശിലേറ്റിയത്? പാപം ചെയ്തവരെയല്ലേ കുരിശിലേറ്റേണ്ടത്? ഒരുവന്റെ പാപത്തിന് വഴിയേകൂടിപോകുന്നവനെയാണോ കുരിശിലേറ്റേണ്ടത്? ആദത്തിന്റെയും ഹവ്വയുടെയും മകൻ കായീൻ വിവാഹം കഴിച്ച പെണ്ണേത്? അപ്പോൾ ആദത്തിനും ഹവ്വക്കും മുമ്പു വേറെ ആണുങ്ങളും പെണ്ണുങ്ങളുമുണ്ടായിരുന്നല്ലോ?

ദൈവത്തിനു മനുഷ്യസ്ത്രീയിൽ ഗർഭമുണ്ടാക്കാനാകുമോ? യേശു ദൈവപുത്രനാണെങ്കിൽ യേശുവിനെ എല്ലാ പ്രകാരത്തിലും സംരക്ഷിക്കേണ്ടത് ദൈവമല്ലേ? യേശുവിനെ പിശാചുപിടിച്ചു വട്ടം കറക്കിയപ്പോൾ ദൈവം നോക്കി നിന്നതെന്തുകൊണ്ട്? സ്വന്തം പുത്രനെ രക്ഷിക്കാൻ കഴിയാത്ത യഹോവ എങ്ങനെ ഇവിടത്തെ ക്രിസ്ത്യാനികളെ രക്ഷിക്കും? പട്ടിണികിടന്ന സ്വന്തം പുത്രനെ രക്ഷിക്കാനാകാത്ത ദൈവം നിങ്ങളെ രക്ഷിക്കുമോ? നിന്റെ ദൈവം നിന്നെ രക്ഷിക്കുമെങ്കിൽ നീ ഈ മലമുകളിൽ നിന്ന് ചാടാൻ പിശാച് പറഞ്ഞപ്പോൾ യേശു എന്തേ ചാടിയില്ല? ദൈവം തന്നെ രക്ഷിക്കില്ലെ



Scanned with CamScanner

ന്നു, യേശുവിനറിയാമായിരുന്നില്ലേ? മറിയത്തിന്റെ ശരീരത്തിൽനിന്ന് ഏഴു പിശാചുക്കളെ യേശു മാറ്റിയെങ്കിൽ ഈ 'പിശാച്' എന്താണ്? യേശുവിനെ 'പിശാച്' പിടിച്ചപ്പോൾ സ്വയം തടിയൂരാൻ സാധിക്കാത്തതെന്തുകൊണ്ടാണ്? യേശുവിനെ ഒറ്റി കൊടുത്ത ശിഷ്യന്റെ മനസ്സ് മാറ്റാൻ പറ്റാത്ത യേശുവിന് നിങ്ങൾക്കെന്തുപദേശം തരാനാകും? താൻ മനുഷ്യന്റെ പാപത്തിനു വേണ്ടിയാണ് മരിക്കുന്നതെന്ന് ബൈബിളിലൊരിടത്തും യേശു പറഞ്ഞിട്ടില്ലല്ലോ? ഒരാളുടെ പാപത്തിനുവേണ്ടി മറ്റൊരാളെ കഴുമരത്തിലേറ്റിയാൽ മതിയോ? യേശു കുരിശിലേറിയതോടെ മനുഷ്യന്റെ പാപം തീർന്നെങ്കിൽ പിന്നെ അല്ലയോ പാപികളെ എന്ന് ക്രിസ്ത്യാനികൾ സ്വയം വിളിക്കുതെന്തിനാണ്? മനുഷ്യന്റെ പാപമോചനത്തിനായി ഒരാളെ കുരിശിലേറ്റാൻ മനുഷ്യർ എന്തു പാപമാണ് ചെയ്തത്? യേശു കുരിശിൽ മരിച്ചതായി ബൈബിളിലൊരിടത്തും പറയുന്നില്ലല്ലോ? മരിച്ച യേശുവിനെ എന്താ കുഴിച്ചിടാത്തത്?ചതവും ഒടിവും മാറാനുള്ള കറ്റാർവാഴനീര് ശരീരത്തിൽ പുരട്ടിയതിന്റെ അർത്ഥം യേശു മരിച്ചിട്ടില്ലെന്നല്ലേ? ജീവിക്കുന്ന (യേശുവിനെ) വരെ എന്തിനാ മരിച്ചവരുടെയിടയിൽ അന്വേഷിക്കുന്നതെന്ന് ലൂക്കോസ് എഴുതിയിട്ടുണ്ടല്ലോ? കുരിശിലേറിയ യേശു ദീനമായി കരഞ്ഞിട്ടും ദൈവമെന്തേ സഹായത്തിനുവന്നില്ല? തന്റെ പുത്രനെപ്പോലും രക്ഷിക്കാനാകാത്ത യഹോവ നിങ്ങളെ എങ്ങിനെ രക്ഷിക്കും? മനുഷ്യപാപത്തിന് യേശുവിനെ കുരിശിലേറ്റുന്നതിനുപകരം ദൈവത്തിന് മനുഷ്യപാപം അങ്ങു ക്ഷമിച്ചുകൂടായിരുന്നോ? മരിക്കാത്ത യേശു എങ്ങിനെയാണ് ഉയിർത്തെഴുന്നേൽക്കുക? ഒരു കെട്ടുകഥയുണ്ടാക്കി പാവങ്ങളെ പറ്റിക്കാനുപയോഗിക്കുകയല്ലേ ചെയ്യുന്നത്? യേശു സ്വർഗ്ഗത്തിലേക്ക് പോയെങ്കിൽ സ്വർഗ്ഗം എവിടെയാണ്? യേശു ദൈവപുത്രനാണെങ്കിൽ കുരിശിൽ നിന്ന് ഇറങ്ങിവരട്ടെയെന്നു പുരോഹിതൻമാർ പറഞ്ഞില്ലേ? എന്തേ യേശുവിന് ഇറങ്ങിവരാൻ ആകാത്തത്?

പാപികൾക്കുവേണ്ടിയാണ് യേശു 'മരിച്ചതെങ്കിൽ' സെൻട്രൽ ജയിലിലെ പാപികളായ തടവുകാരെ വിട്ടയച്ചുകൂടെ? പാപികളായ തീവ്രവാദികളേയും തടവുകാരായ ക്രിസ്ത്യാനികളെയുമെങ്കിലും വിട്ടയച്ചുകൂടെ? പാപം ട്രാൻസ്ഫറബിളാണോ? ദൈവരാജ്യം വരുന്നു എന്നു പറഞ്ഞ്, ഇതുവരെയെന്തേ ദൈവരാജ്യം വരാത്തത്? ദൈവപുത്രനെ കഴുമരത്തിലേറ്റിയ കുരിശ് ആരാധിക്കുന്നത് മഹാത്മാഗാന്ധിയെ വെടിവച്ച തോക്ക് ആരാധിക്കുന്നതുപോലെയല്ലേ? യേശുവിനെ ആണിയടിച്ചു 'കൊന്ന' കുരിശു പൂജിക്കുക, യേശുവിന്റെ ശരീരം ഭക്ഷിക്കുക, ചോരകുടിക്കുക, കുരിശിൽ തൂങ്ങിക്കിടക്കുന്ന യേശുവിന്റെ രൂപം ആരാധിക്കുക, കുരിശിൽ തൂങ്ങുന്ന ദൈവപുത്രന്റെ ശവശരീര രൂപം വീട്ടിനുള്ളിലും വാഹനത്തിനുള്ളിലും കെട്ടിത്തൂക്കിയിടുക, അതു കണ്ടുകൊണ്ട് വീട്ടിനുള്ളിൽ ജീവിക്കാനും വാഹനം ഓടിക്കാനും വേദനയില്ലേ? പരിശുദ്ധമായ കൊടിമരത്തിനു മുകളിലും വിവാഹവേളയിലും, മംഗള വേളകളിലും സെമിത്തേരിയിൽ ശവത്തിനുമുകളിൽ കുത്തിവെക്കുന്ന അതേ കുരിശുവെക്കുന്നത് അനൗചിത്യമല്ലേ? ഒരു പാപി



Scanned with CamScanner

യായ മനുഷ്യന് (പോപ്പിന്) മരിച്ചുകഴിഞ്ഞ മറ്റൊരു പാപിയായ മനുഷ്യനെ പുണ്യവാളനാക്കാനാകുമോ?

ഒന്നാം സഹസ്രാബ്ദം യൂറോപ്പ് മതം മാറ്റി. രണ്ടാം സഹസ്രാബ്ദം അമേരിക്കയും ആഫ്രിക്കയും മതം മാറ്റി. അവിടെ ഇന്നുള്ളവരെല്ലാം ക്രിസ്തുമതം ഉപേക്ഷിച്ച് അവരുടെ പള്ളികൾ ലേലം ചെയ്യുന്നു! മൂന്നാം സഹസ്രാബ്ദം ഇന്ത്യയും ചൈനയും സമീപ പ്രദേശത്തുള്ള ഹിന്ദു-ബുദ്ധമതസ്ഥരേയും മതം മാറ്റാനുള്ള പതിവു വഞ്ചനയുടേയും ചതിയുടേയും പറ്റിക്കല്ലിന്റേയും വഴിയിൽ ഹേ ഹൈന്ദവ സഹോദരരേ നിങ്ങൾ വീഴാതിരിക്കുക! നിങ്ങളുടെ മക്കളെയും ബന്ധുക്കളേയും രക്ഷിക്കുക! ഭാരതം ക്രൈസ്തവവൽക്കരിക്കപ്പെടാതിരിക്കട്ടെ! **സനാതന ധർമ്മത്തിൽ നിന്ന് പോയവരെ തിരിച്ചുകൊണ്ടുവരിക! നമ്മുടെ ക്ഷേത്രത്തിന്റേയും ഗൃഹത്തിന്റേയും കവാടങ്ങൾ അവർക്കുവേണ്ടി തുറക്കുക.**

*******

## സമ്പൂർണ ക്രൈസ്തവവൽക്കരണ വസ്തുതകൾ

I. **മതപരിവർത്തനത്തിൽ മുഴുകിയിരിക്കുന്ന ക്രൈസ്തവ വിഭാഗങ്ങൾ**

(1) ഇന്ത്യൻ പെന്തകോസ്തൽ ചർച്ച് (2) ഇന്ത്യൻ പെന്തകോസ്തൽ മിഷൻ (3) ജെഹോവാ സാക്ഷികൾ (4) ഗോസ്പൽ ഫോർ ഏഷ്യ (5) ഹാർവെസ്റ്റിക് മിഷൻ (6) അസംബ്ലീസ് ഓഫ് ഗോഡ്സ് (7) ഫ്രണ്ട്സ് മിഷണറീസ് പ്രെയർ ബ്രാണ്ട് (8) സെവൻത് ഡേ അഡ്വന്റിസ്റ്റ് ചർച്ച് (9) നാഷണൽ മിഷണറി സൊസൈറ്റി ഓഫ് ഇന്ത്യ (10) ചർച്ച് ഓഫ് ഗോഡ് (11) മിഷൻസ് ഇന്ത്യ (12) മോർ മോൺസ് (13) വിശ്വവാണി (14) ഇവാഞ്ചിലിക്കൽ ഫ്രീചർച്ച് ഓഫ് ഇന്ത്യ (15) ബാപ്റ്റിസ് ചർച്ച് ഓഫ് ഇന്ത്യ (16) ഇന്ത്യൻ ഇൻലണ്ട് മിഷൻ (17) ഇന്ത്യാ മിഷൻ അസോസിയേഷൻ. ഇതുപോലുള്ള ക്രിസ്ത്യൻ പേരിലും ഹിന്ദുപേരിലുമുള്ള ആയിരക്കണക്കിന് സംഘടനകൾ മതപരിവർത്തനത്തിന് പ്രവർത്തിക്കുന്നു. ഭാരതത്തിലെ ലക്ഷകണക്കിന് ആയിരക്കണക്കിന് സംഘടനകൾ മതപരിവർത്തനത്തിന് പ്രവർത്തിക്കുന്നു. ഭാരതത്തിലെ ലക്ഷകണക്കിന് പള്ളികളുടെയും ആയിരക്കണക്കിന് ധ്യാനകേന്ദ്രങ്ങളുടെയും നേരിട്ടുള്ള മതപരിവർത്തന കണക്കുകൾ വേറെയും.

II. **മതപരിവർത്തനത്തിന് പ്രവർത്തിക്കുന്ന ക്രൈസ്തവ മിനിസ്ട്രികൾ** : പലവിധത്തിലുള്ള സഹായങ്ങൾ വാഗ്ദാനം ചെയ്തും വിവിധ മിനിസ്ട്രികളിലൂടെ മതം മാറ്റം നടക്കുന്നു. പ്രലോഭിപ്പിച്ചും, സഹായം നൽകുന്നു എന്നു വരുത്തിയും ഇവർ പ്രവർത്തിക്കുന്നു. (1) പയനീറിംങ് മിനിസ്ട്രി (2) ലിറ്ററിച്ചർ മിനിസ്ട്രി (3) ബൈബിൾ കറസ്പോണ്ടൻസ് മിനിസ്ട്രി (4) പേഴ്സണൽ കോണ്ടാക്ട് മിനിസ്ട്രി (5) ട്രെയിനിങ് മിനിസ്ട്രി (6) സോഷ്യൽ ഡവലപ്മെന്റ് മിനിസ്ട്രി (7) ലീഡർഷിപ്പ് ട്രെയിനിങ് മിനിസ്ട്രി (8) ചർച്ച് ബിൽഡിംഗ് മിനിസ്ട്രി (9) ഫിലിം, ഡ്രാമ & മ്യൂസിക് മിനിസ്ട്രി (10) സത്സംഗ് & ഗോസ്പൽ മിനിസ്ട്രി (11) റിവൈവൽ മിനിസ്ട്രി (12) എഡ്യൂക്കേഷണൽ മിനിസ്ട്രി (13) പ്രിസൺ മിനിസ്ട്രി (14) ഹോസ്പിറ്റൽ മിനിസ്ട്രി (15) വൊക്കേഷണൽ ട്രെയിനിംഗ് മിനിസ്ട്രി (16) അഡൽറ്റ് ലിറ്ററസി പ്രോഗ്രാം മിസ്ട്രി വിവിധ ട്രെയിനിങ്ങിലൂടെ മതം മാറ്റം : (17) ചിൽഡ്രൻസ് പ്രോഗ്രാം



Scanned with CamScanner

ട്രെയിനിംഗ് (18) ജുവനൈൽ ഡിലിങ്ക്വൻസി ട്രെയിനിംഗ് (19) മെന്റലി റിട്ടാർഡ്സ് പേഷ്യന്റ്സ് ട്രെയിനിംഗ് (2) എയ്ഡഡ് അവേർനസ് ട്രെയിനിങ് (21) ടീനേജേഴ്സ് കാമ്പ് ട്രെയിനിങ് (22) പ്രത്യേകം പ്രത്യേകമുള്ള യൂത്ത് ട്രെയിനിംഗ് (23) (വിമൻ, അഡൽട്, സീക്കേഴ്സ് വില്ലേജ്, ഫോളോ അപ് കോഴ്സ്) ട്രയിനിങ്.....

III. **വിവിധ ടീമുകളായുള്ള മതംമാറ്റ പ്രവർത്തനം** : (24) ചർച്ച കൺസ്ട്രക്ഷൻ ടീ (25) ജീപ് ടീം (26) ജംഗിൾ ടീം (27) ഫെല്ലോഷിപ്സ് ടീം (28) കൺവെൻഷൻ & മേളാസ് ടീം (29) സർവേ ടീം (30) ഹെൽത്ത് & മെഡിക്കൽ മിഷണറീസ് ടീം (31) സ്കോളർഷിപ്പ് ഫോർ മിഷണറീസ് ചിൽഡ്രൻസ് ടീം (32) പെൺഷൻ സ്കീം (33) മിഷണറി സ്പോർട്ട് എൻഡോവ്മെന്റ് ടീം (34) വെഹിക്കിൾ ഫോർ മിഷണറി ടീം (35) ഹൈയർ സ്റ്റഡീസ് സ്കോളർഷിപ്പ് ടീം. ഇപ്രകാരം പ്രതിദിനം പുതിയ പുതിയ മാർഗത്തിലൂടെ പുതിയ പുതിയ സംഘടനകളും, വിഭാഗങ്ങളും, ടീമുകളും ഉദയം ചെയ്ത് മതം മാറ്റം സേവനത്തിലൂടെയും, പ്രലോഭനത്തിലൂടയും നടത്തുന്നു.

IV. **ക്രൈസ്തവവൽക്കരണ വാർത്തയുടെ ചില അംശങ്ങൾ** : (1) 1997 -98 ൽ കേന്ദ്ര സർക്കാർ അറിഞ്ഞുകൊണ്ട് ഭാരതത്തിലേക്കൊഴുക്കിയ ആയിരക്കണക്കിനു കോടി രൂപയുടെ മതപരിവർത്തനത്തിനുള്ള സഹായങ്ങളിൽ അമേരിക്കയിൽ നിന്നും പ്രതിവർഷം വരുന്നത് 120 കോടി, ജർമ്മനിയിൽനിന്നും 220 കോടി, ഇറ്റലി 20 കോടി രൂപ. വ്യക്തിഗതമായും വിദേശപള്ളികളിൽ നിന്ന് ഭാരതീയ പള്ളികളിലേക്കും പുറം ലോകം അറിയാതെയും ഭാരതത്തിലെക്കൊഴുകുന്നതും പതിനായിരക്കണക്കിന് കോടി രൂപ വരുമത്രെ! (2) ക്രൈസ്തവ സഭകളുടെ വളർച്ച 56 ൽ നിന്ന് 130 ലേയ്ക്കുയർന്നു. ക്രൈസ്തവ ആശുപത്രികളുടെ എണ്ണം 10 ഇരട്ടിയായി, സ്കൂളുകളുടെ എണ്ണം ആറിരട്ടി. കോളേജുകളുടെയും മറ്റുസ്ഥാപനങ്ങളുടെയും എണ്ണം 12 ഇരട്ടിയായി വർധിച്ചിരിക്കുന്നു. (3) കേരളത്തിലെ പോട്ട-മുരിങ്ങൂർ ധ്യാനകേന്ദ്രം പോലെ ആയിരക്കണക്കിന് ധ്യാനകേന്ദ്രങ്ങൾ ഭാരതമെമ്പാടും പ്രവർത്തിക്കുന്നു. ധ്യാനകേന്ദ്രത്തിലേക്ക് ഹിന്ദുക്കളെ കൊണ്ടു പോകുന്നവർക്ക് ആകർഷകമായ കമ്മീഷൻ വൻതുകയായി നൽകുന്നു. (4) ഭാരതത്തിൽ 40 ലക്ഷം മതപരിവർത്തന പ്രവർത്തകർ ഭൂരിഭാഗവും പ്രതിദിന വേതനം സ്വീകരിച്ചു പ്രവർത്തിക്കുന്നു. 2.5 ലക്ഷം പൂർണ സമയ മിഷണറിമാർ പ്രവർത്തിക്കുന്നു. ദേശവിദേശങ്ങളിൽ നിന്നുള്ളവരാണിവർ. (5) ഭാരതത്തിൽ 4500 വലിയ സെമിനാരികളും ആയിരക്കണക്കിന് ചെറിയ സെമിനാരികളും പ്രവർത്തിക്കുന്നു. (6) മതപരിവർത്തനത്തിനായി പ്രവർത്തിക്കുന്ന ആയിരക്കണക്കിന് സംഘടനകളിൽ ഒന്നായ വിശ്വവാണിയുടെ ഒരു വർഷത്തെ മതപ്രചരണത്തിനായുള്ള വിദേശത്തുനിന്നുള്ള വരവ് 30,31,953 രൂപ. (7)ഫ്രണ്ട്സ് മിഷണറി ബ്രാണ്ട് എന്ന സാധാരണ മതപരിവർത്തന സംഘടനയ്ക്ക് 1999ഏപ്രിൽ 1 മുതൽ 2000 മാർച്ച് 31 വരെയുള്ള വരവ് 92931750.48 രൂപ. ഇപ്രകാരം അനവധി സംഘടനകൾ! സഹസ്രകോടി രൂപ

യുടെ ധനാഗമം! പരമപവിത്ര ഭാരതത്തിലെ പാപികളായ ഹിന്ദുക്കൾക്ക് നിത്യജീവൻ നൽകാൻ ഇറങ്ങി പുറപ്പെട്ടവരുടെ ലക്ഷ്യം!

V. **ഇടയലേഖനങ്ങൾക്കുദാഹരണം** : പ്രാർത്ഥിപ്പിൻ മുട്ടിപ്പായി പ്രാർത്ഥിപ്പിൻ- പാസ്റ്റർ എബ്രഹാമിന്റെ ഇടയലേഖനം : (1) രാഷ്ട്രീയത്തിന്റെ പേരു പറഞ്ഞ് ജനങ്ങളെ സ്വാധീനിക്കുകയും അവരെ ഉപയോഗിച്ച് തീവ്രവാദവും അധർമ പ്രവർത്തനങ്ങളും നടത്തുന്നവർക്കായി പ്രത്യേകാൽ കേരളഘടകത്തിലെ പി.പി. മുകുന്ദൻ, സി.കെ. പത്മനാഭൻ, സി.പി. ശ്രീധരൻപിള്ള, ഒ. രാജഗോപാൽ, രാമൻപിള്ള ഇവരുടെ മാനസാന്തരത്തിനും രക്ഷയ്ക്കുമായും പ്രാർത്ഥിക്കുക. (2) ആത്മീയ അരാജകത്വത്തിലൂടെ ജനലക്ഷങ്ങളെ വഞ്ചിച്ച് തിന്മയിലേക്ക് നടത്തുന്ന കേരളത്തിലെ അമൃതാനന്ദമയി, കർണ്ണാടകയിലെ സത്യസായിബാബ തുടങ്ങിയവർ മാനസാന്തരപ്പെടുന്നതിനായി പ്രാർത്ഥിക്കണം. (3) സ്വാതന്ത്ര്യ ഇന്ത്യയുടെ കഴിഞ്ഞ അൻപതു വർഷത്തെ ഭരണകാലത്തുള്ള ചിലരാണ് അധികാരത്തിനുവേണ്ടി കസേരയ്ക്കുവേണ്ടിയും പിടിവലി കൂടിയത്. എന്നാൽ ഇന്നത്തെ ഗവൺമെന്റ് മൂന്ന് വർഷമാകുന്നുള്ളൂ പക്ഷെ അധികാരമോഹവും സ്വാർത്ഥലാഭവും ആഗ്രഹിച്ച് വലിയ ബഹളം അടിപിടിയുമാണ്. ഇത് ജനം തിരിച്ചറിയണം. മാത്രമല്ല ഭരണകർത്താക്കൾക്ക് സുബോധം ലഭിക്കുന്നതിനായും പ്രാർത്ഥിക്കണം. (4) രാജ്നാഥ് സിംഗ്, ശത്രുഘ്നൻ സിംഹ, നരേന്ദ്രമോഡി, സുഷമ സ്വരാജ്, മദൻലാൽ ഖുറാന, കെ.എസ്. സുദർശൻ, എൻ.എൻ. ദത്ത, ഉമാഭാരതി എന്നിവർ മനം തിരിഞ്ഞ് യേശുവിനെ രക്ഷകനായി സ്വീകരിക്കുന്നതിനായി പ്രാർത്ഥിക്കുക. (5) ആർ.എസ്സ്. എസ്സ്., വി.എച്ച്.പി., ഭജ്റംഗ്ദൾ, ഹിന്ദു ജാഗരൻമഞ്ച് തുടങ്ങിയ 60 ഓളം തീവ്രവാദ വർഗ്ഗീയവാദ സംഘടനകൾ ഇന്ന് ഇന്ത്യയിലുണ്ട് എന്ന് പറയപ്പെടുന്നു. ഈ ഗ്രൂപ്പിൽപ്പെട്ടവർ ആരും സമാധാനമോ നീതിയോ കാംക്ഷിക്കാത്തവരാകുന്നു. യേശുക്രിസ്തുവാണ്. ഏകദൈവമെന്നും കടന്നുവരാൻ വേണ്ടി പ്രാർത്ഥിക്കണം. (6) തീവ്രവാദത്തിനായി വളരെയേറെ പ്രവർത്തിക്കുന്നവരാണ് അശോക് സിംഗാൾ, ഗിരിരാജ് കിഷോർ, ബാൽതാക്കറെ, ദിലീപ് സിംഗ് എന്നിവരുടെ മുഖംമൂടി കീറികളയുവാനും ശൗലിനെ രക്ഷിച്ചതു പോലെ ഇവരെയും ദൈവം സന്ദർശിക്കുന്നതിനും രക്ഷിക്കുന്നതിനും വേണ്ടി പ്രാർത്ഥിക്കണം. (7) വടക്കേ ഇന്ത്യയിലെ സുവിശേഷ വേലയ്ക്ക് ഏറ്റവും തടസ്സമായി നിൽക്കുന്ന ജന്മിമാരും പൂജാരിമാരും രാഷ്ട്രീയ നേതാക്കന്മാർ മുതലായവർ തങ്ങളുടെ ദുഷ്ടതയിൽ നിന്നും മനം തിരിയുവാനും ദൈവഹിതത്തെ തിരിച്ചറിയുന്നതിനും പ്രാർത്ഥിക്കുക. (8) ഇന്ത്യയിൽ ഏകദേശം ആറരലക്ഷം ഗ്രാമങ്ങളുള്ളതിൽ നാലരലക്ഷം ഗ്രാമങ്ങളിൽ റോഡ്, പോസ്റ്റാഫീസ്, എൽ.പി. സ്കൂൾ, ഇവയൊന്നും ഇല്ലാത്ത സ്ഥിതിയാണ്. ആയതിനാൽ ഈ ഗ്രാമങ്ങളിൽ സുവിശേഷം എത്തിക്കുന്നതിനായി പ്രാർത്ഥിക്കണം. (9) ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ സവിശേഷകന്മാർ വെല്ലുവിളികളും ഭീഷണിയും നേരിട്ടുകൊണ്ടാണ് ദൈവവേല ചെയ്യുന്നത്. അവർ സ്ഥിരതയോടും പരിശുദ്ധാത്മശക്തിയോടും ഉത്സാഹത്തോടും വേലചെയ്യുന്നതിനായി പ്രാർത്ഥിക്കണം. (10) ദൈവസഭകളിൽ ചേരിതിരിവും



Scanned with CamScanner

തൊഴിത്തിൽകുത്തും മാറി ദൈവസ്നേഹത്താൽ നിറയപ്പെടുവാനും വചനത്തിലേക്കു മടങ്ങിവരുന്നതിനായി പ്രാർത്ഥിക്കണം. (11) ദൈവമക്കളും ദൈവദാസന്മാരും മാമോനെ തള്ളികളഞ്ഞിട്ട് ദൈവഹിതം പ്രവർത്തിപ്പിക്കാൻ ഇടയാകണം. എങ്കിൽ മാത്രമേ ഈ അന്ത്യകാലത്ത് ദൈവം പ്രവർത്തിക്കുകയുള്ളൂ കാര്യങ്ങൾ ശരിയാവുകയുള്ളൂ. അതിനായും പ്രാർത്ഥിക്കണം. (12) എല്ലാ ദിവസങ്ങളിലും രാവിലെയും വൈകിട്ടും റേഡിയോയിലൂടെ സുവിശേഷ പ്രസംഗം നടക്കുന്നുണ്ട്. അക്രൈസ്തവരായിട്ടുള്ളവർ അത് കേൾക്കുന്നതിനും മാനസാന്തരപ്പെടുന്നതിനായും പ്രാർത്ഥിക്കണം. ബന്ധപ്പെടുവിൻ- 0484-730453. Postor B. Abraham, Sharon Church, Varikoli P.O., Puthencruze-682308, Phone : 730080.

**ഇതാ ചില സത്യങ്ങൾ :** ഭാരതത്തിലെ ക്രൈസ്തവരുടെ പരമ പ്രധാന ലക്ഷ്യം! : ഏതു വിധത്തിലായാലും ഭാരതത്തിലെ ഹിന്ദുക്കളെ ക്രിസ്ത്യാനികളാക്കുക. ഒന്നാം സഹസ്രാബ്ദം യൂറോപ്പിനെ മതം മാറ്റി, രണ്ടാം സഹസ്രാബ്ദം ആഫ്രിക്കയെ പൂർണമായും മതം മാറ്റി, മൂന്നാം സഹസ്രാബ്ദം ഭാരതമുൾപ്പെടെയുള്ള ഏഷ്യൻ രാജ്യങ്ങളെ തീവ്രമതപരിവർത്തനത്തിനു വിധേയമാക്കുന്ന ഹീനയജ്ഞം 2000 മാണ്ട് ദീപാവലി ദിവസം പോപ്പ് ഡൽഹിയിൽ വിളക്കുകൊളുത്തി ഉത്ഘാടനം ചെയ്തു. ഹിന്ദുക്കളെ മതം മാറ്റുന്നതിനുള്ള പന്ഥാവുകൾ! (1) ഭാരതീയ ഗ്രന്ഥങ്ങളെ ദുർവ്യാഖ്യാനം ചെയ്തും പ്രചരിപ്പിച്ചും, തെറ്റിദ്ധരിപ്പിച്ചുമുള്ള മതപരിവർത്തനം (3) ആശുപത്രികളിൽ രോഗികളെ ഭയപ്പെടുത്തിയും, തെറ്റിദ്ധരിപ്പിച്ചും, സാമ്പത്തിക സഹായം നൽകിയുമുള്ള മതപരിവർത്തനം. (4) പുരുഷന്മാരില്ലാത്ത സമയത്ത്, മതപരിവർത്ത സ്ത്രീ തൊഴിലാളികൾ വീടുവീടാന്തരം കയറിയിറങ്ങി കൂട്ടപ്രാർത്ഥന നടത്തിയും സാമ്പത്തിക സഹായം നൽകിയും, അന്ധവിശ്വാസങ്ങൾ പ്രചരിപ്പിച്ചുമുള്ള മതംമാറ്റം. (5) മൊത്തമായും ചില്ലറയായും രോഗചികിത്സ കൂട്ടപ്രാർത്ഥനയിലൂടെ നടത്താമെന്ന് തെറ്റിദ്ധരിപ്പിച്ചുകൊണ്ടുള്ള മതംമാറ്റം. (6) ഓഫീസുകളിലും ക്ലബ്ബുകളിലും ഇടവേളകളിൽ ഹിന്ദുക്കളെ അടുത്തുള്ള പള്ളിയിൽ കൊണ്ടുപോയി തെറ്റിദ്ധരിപ്പിച്ചുള്ള മതംമാറ്റം. (7) ധ്യാനകേന്ദ്രങ്ങളിലൂടെയുള്ള മതംമാറ്റം. (8) ഹിന്ദുപേരികളിലൂടെയും, വിദ്യാഭ്യാസം കുറഞ്ഞ ഗൾഫിലുള്ള തൊഴിലാളികളുടെ ക്യാമ്പുകൾ സന്ദർശിച്ച്, സാമ്പത്തിക സഹായം നൽകിയും, ജോലി നൽകുന്നു എന്നു വരുത്തിയും ഉപദേശിച്ചും സാന്ത്വന ചികിത്സ നൽകിയുമുള്ള മതപരിവർത്തനം. (10) പൂർണനിരീശ്വരവാദികളുടെ കുടുംബത്തിൽ ജനിച്ച്, തറവാട്ടിലെ ക്ഷേത്രം തകർന്നു മണ്ണടിഞ്ഞിട്ടും തിരിഞ്ഞുനോക്കാത്ത, ഹിന്ദുക്ഷേത്രത്തിലൊരിക്കലും പ്രാർത്ഥിക്കാതെ, കേന്ദ്രസർക്കാർ ഓഫീസിൽ സാമ്പത്തിക ക്രമകേടിന് അന്വേഷണത്തിനു വിധേയനായ, സംസ്കൃതാക്ഷരം കൂട്ടിവായിക്കാൻ പോലുമറിയാത്ത, വേദപണ്ഡിതനാണെന്ന് സ്വയം പ്രസംഗിക്കുന്ന, ഹിന്ദുപേരും ജാതിപേരും നിലനിർത്തി ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന ഹിന്ദു ഈശ്വരന്മാരെ നിരന്തരം പ്രാർത്ഥിച്ച് ഫലമില്ലാതെ വന്നപ്പോൾ ക്രിസ്ത്യാനിയായ മേനോന്റെ ചരിത്രം കോട്ടയം പുതുപള്ളിയിലന്വേഷിക്കുക! ഹിന്ദുവി



Scanned with CamScanner

ന്റെപേരുവെച്ച് പച്ചക്കള്ളം പരിശുദ്ധമെന്നു പറയപ്പെടുന്ന ധ്യാനകേന്ദ്രങ്ങളിലൂടെ പ്രചരിപ്പിച്ചുള്ള മതംമാറ്റം. (11) ഷാലോം ടൈംസ് എന്ന കാരിസ്മാറ്റിക ക്രിസ്ത്യൻ മാഗസിന്റെ ചീഫ് എഡിറ്റർ ശ്രീ. ബെന്നി പുന്നത്തറ, (P.B. No. 10, Perambra-Calicult 673525) മേനോനെക്കുറിച്ച് ഇപ്രകാരം എഴുതിയിരിക്കുന്നു. പോട്ട ധ്യാനകേന്ദ്രത്തിൽ ഈ വിഷയത്തിൽ (യേശു പ്രജാപതിയാണെന്ന വിഷയത്തിൽ) ക്ലാസെടുക്കുന്ന ശ്രീ അരവിന്ദാക്ഷമേനോൻ പറഞ്ഞു : ശ്രീ. ജസ്റ്റീസ് സുബ്രഹ്മണ്യൻ പോറ്റിയാണ് ഈ വിഷയത്തെക്കുറിച്ച് ആദ്യമായി വ്യാഖ്യാനിച്ചതെന്നു... യേശു പ്രജാപതിയാണെന്ന് യേശു ജനിക്കുന്നതിന് സഹസ്രാബ്ദങ്ങൾക്ക് മുമ്പ് രചിച്ച വേദങ്ങളിൽ ഭാരതീയ ഋഷിവര്യന്മാർ വിവരിച്ചിട്ടുണ്ട് എന്ന വേദവരികളെ നിന്ദ്യമായി വ്യാഖ്യാനിക്കുന്നവരുടെ പേരും വിലാസവും. (1) Dr. Koshy Abraham, P.B. No. 5, Angadi P.O., Ranny-689674., (2) Dr. Joseph Padinjarekara, India Mukti Mission, Pulikal Kavala P.O., Kottayam - 686515, (3) Acharya Dayaprakash, Sat Tal Asram, Bhowali, P.O., Nainital, U.P-263132., (4) Br. Martin. P. Joseph, Lourdes Mount Ashram, Vattapara P.O., Trivandrum-28., (5) Sri. Arvindakasha Menon, Divine Retreat Centre, Muringoor, P.O., Chalakudy-680316., (6) Dr. P. Thomas Mathew, Cadavanal Tharayil Villa, Kodukulanji, P.O., Alapuzha-689505., (7) Sri.Benny Punnathra, P.B. No. 10, Perambra, 673525.

വേദങ്ങൾ ദുർവ്യാഖ്യാനം ചെയ്ത് ഹരിഹരപുത്രനായ നമഃ എന്ന വികൃതമായ പുസ്തകമെഴുതിയ ഡോ: പി. തോമസ് മാത്യുവിന്റെ വരികൾ ശ്രദ്ധിക്കുക. .... I am neither a Sanskrit Scholar nor a Scholar of Vedas, My humble part has been to compile the slokas and manthras from here and there...."

ഇതിന്റെ ലക്ഷ്യത്തെക്കുറിച്ച് ഡോ. മാത്യു പറയുന്നു. "One Acharya Dayaprakash from Sattaal Asram from Bhorali, in Himalayas, a vedic scholar and sanyasi is engaged in evangelisation of Hindu Yogis and Sanyasis in the Himalayas. He is a christian sanyasi using mostly vedas, geetha and upanishads to present Jesus Christ". എന്തിനുവേണ്ടിയാണ് വേദങ്ങളെ ദുർവ്യാഖ്യാനം ചെയ്യുന്നത്? ഡോ. ജോസഫ് പടിഞ്ഞാറെക്കര എഴുതുന്നു. ഭാരതീയർക്ക് ഭാരതീയ വേദേതിഹാസങ്ങളിലൂടെ ക്രിസ്തുവിനെ പരിചയപ്പെടുത്തിയാൽ അവരത് എളുപ്പം സ്വീകരിക്കും (മതം മാറ്റം എളുപ്പമാകും). Gospel for Indian in Indian cups.... (ഭാരതത്തിൽ ക്രൈസ്തവവൽക്കരണം കഴിഞ്ഞ രണ്ടായിരം വർഷങ്ങളായിട്ടും പുരോഗമിക്കാത്തത് ഈ പന്ഥാവ് സ്വീകരിക്കാത്തതിനാലാണത്രെ)

മുഹമ്മദ് ഗസ്നിയും, ഗോറിയും, ടൈമൂറും, ബാബറും, ലോഡിയും, കിൽജിയും... മെക്കോളയും..... വേദങ്ങൾ കത്തിച്ചിട്ടുണ്ട്. ക്ഷേത്രങ്ങൾ നശിപ്പിച്ചിട്ടുണ്ട്. ഭാരതത്തെ പുറത്തുനിന്നും ചൂഷണം ചെയ്തിട്ടുണ്ട്. എന്നാൽ ഇവരാരും ഭാരതീയ ചിന്താധാരകളെ നികൃഷ്ടമാംവിധം ദുർവ്യാഖ്യാനം



Scanned with CamScanner

ചെയ്ത് ഭാരതീയ ദേവന്മാരും ഋഷിമാരും ചേർന്ന് പ്രപഞ്ചചൈതന്യമായ പ്രജാപതിയെ തലയിൽ കാട്ടുവള്ളിചുറ്റി, ശരീരം ബന്ധിച്ച്, തൊലിമുറിയാതെ, എല്ലൊടിയാതെ, ചോര പുറത്തുവരാതെ, സ്വന്തക്കാർ തള്ളിപറിയിപ്പിച്ച്, അഗ്നിയിൽ ഹോമിച്ചു എന്നു എഴുതിയിട്ടില്ല. അതായത് ഭാരതീയ ദേവന്മാരും ഋഷിമാരും യേശുപ്രജാപതിയെ ഹോമിച്ചു. വിദേശീയർ ചെയ്തതിനേക്കാൾ നികൃഷ്ടമായി ഈ ദേശത്തിൽ ജനിച്ച് ഇവിടെ വളർന്ന് ഇവിടത്തെ പൈതൃകത്തെ ദുർവ്യാഖ്യാനം ചെയ്ത് ഹിന്ദുക്കളെ മതം മാറ്റാൻ ശ്രമിക്കുന്നവരെക്കുറിച്ച് എന്തു പറയണമെന്നും എഴുതണമെന്നും നിങ്ങൾ തീരുമാനിക്കുക!

ക്രൈസ്തവ മിഷനറിമാരുടെ ചതിയിലും വഞ്ചനയിലും ഉഴലുന്ന അരുണാചൽപ്രദേശം

ഏകദേശം 10 ലക്ഷം വരുന്ന ഗിരിവർഗക്കാരുടെ ചൈനാ അതിർത്തിയോട് ചേർന്നുകിടക്കുന്ന പ്രദേശം. അവർ 27 വിഭാഗത്തിൽപെടുന്നു. എല്ലാവിഭാഗവും സൂര്യനെ മാതാവായും ചന്ദ്രനെ പിതാവായും, മന്ത്രത്തിലും, തന്ത്രത്തിലും ചിലവിഭാഗം ശിവനേയും ആരാധിക്കുന്നു. ഇവരുടെ തനതായ സംസ്കാരം ശോഷിക്കാതെ നിലനിർത്താനായി ഇവിടെ മറ്റൊരു വിഭാഗം ജനതക്കും ഭൂമിക്കും കെട്ടിടങ്ങളും വിലക്കുവാങ്ങിക്കുവാൻ സാധിക്കില്ല. മതപരിവർത്തനം തടഞ്ഞിട്ടുള്ളതുമായ ഭാരതസർക്കാർ നിയമാവലി നിലനിൽക്കുന്നു. ഭാരതത്തിൽ റോമിന്റെ (ഇറ്റലിയുടെ) വ്യക്തമായ കൈകടത്തൽ ഏതാനും വർഷങ്ങൾക്കു മുമ്പ് ഡൽഹിയിലെ ഭരണത്തിലൂടെ ആരംഭിക്കുന്നതുവരെ ഇവിടെ മതപരിവർത്തനം കർശനമായി നിരോധിച്ചിരിക്കുന്നു. ഇന്നു നിരോധനം പരോക്ഷമായി നിലനിൽക്കുമ്പോഴും കേരളത്തിൽ നിന്ന് അരണാചൽപ്രദേശിലേക്കു വന്ന ഓരോ ക്രിസ്ത്യാനിയും നൂറുകണക്കിന് അരുണാചലികളെ ദിവസംകൊണ്ടു മതം മാറ്റുന്നു. നിഗാലാന്റിലെ 97% ഗിരിവർഗക്കാരെ ചതിച്ചും വഞ്ചിച്ചും, പറ്റിച്ചും ഭയപ്പെടുത്തിയും മതപരിവർത്തനം ചെയ്ത അതേരീതി തന്നെ ഈ 21-ാം നൂറ്റാണ്ടിലും കേരളത്തിലെ മിഷനറിമാർ ഇവിടെ വന്ന് നടപ്പിലാക്കുന്നു.

ഈ മതപരിവർത്തനത്തിനെതിരെ അവിടത്തെ മുഖ്യമന്ത്രി മുതൽ ക്രിസ്ത്യാനികളല്ലാത്ത മന്ത്രിമാരും നേതാക്കന്മാരും പ്രത്യക്ഷമായും പരോക്ഷമായും രംഗത്തുവരാൻ തന്നെ കാരണം കേരളത്തിൽ നിന്നിവിടെ വന്ന മിഷനറിമാരുടെ പ്രവർത്തനം അത്രക്കും നീചവും നിന്ദ്യവും അവിശ്വസനീയവും ക്രൂരവുമാണ്. ഇതാ ചർച്ച്യാനിറ്റിയുടെ വിചിത്രമായ പാത :

1. കേരളത്തിലെത്ര വിഭാഗം ക്രിസ്ത്യാനികളുണ്ടോ അവരുടെയെല്ലാം മിഷനറിമാർ ഇവിടെ വിലസി മതപരിവർത്തനം നടത്തുന്നു.
2. ശിവ കിൽസ് ജീസസ് സേവ്സ് എന്നതാണ് പ്രധാന മുദ്രാവാക്യം.
3. എവിടെയെല്ലാം ക്ഷേത്രങ്ങളുണ്ടോ, അവിടെയെല്ലാം തൊട്ടടുത്ത് കുരിശ് നാട്ടിയിട്ടുണ്ടാകും.
4. ഗ്രാമാധിപനെ മതംമാറ്റി കേരളത്തിലെ സെമിനാരികളിൽ ആഡംബരപൂർവ്വം ആയിച്ച്, താസിപ്പിച്ച്, സുഖിപ്പിച്ച്, ആ ഗ്രാമാധിപന്റെ കീഴിലുള്ളവരെ ദിവസങ്ങൾകൊണ്ട് മതം മാറ്റുന്നതിന് സമ്പ്രദായം.



Scanned with CamScanner

5. മരിച്ച വീടുകളിൽ ചെന്ന് പ്രാർത്ഥിച്ച് മരിച്ചയാളുടെ ആത്മാവിന്റെ ഉപദ്ര വമുണ്ടാകാതിരിക്കാൻ കുഴിച്ചിട്ട സ്ഥലത്തും വീട്ടിലും കുരിശുവച്ച് പ്രാർത്ഥി ക്കുന്നു.

6. ദിവസങ്ങൾകൊണ്ട് തദ്ദേശീയ ദേവതാചിത്രങ്ങളും ആചാരങ്ങളും മാറ്റി അവരെ വിചിത്രങ്ങളായ ആചാരങ്ങളിലൂടെ ക്രൈസ്തവരാക്കുന്നു.

7. സ്വന്തം തെറ്റുകൾ മനസ്സിലാക്കി മാതൃധർമ്മത്തിലേക്ക് തിരിച്ചു വരുന്ന വരെ ഭീഷണിപ്പെടുത്തി കുടുംബകലഹം സൃഷ്ടിക്കാൻ ബൈബിളിലെ മാത്യു വിന്റെ മാർഗം തന്നെ പ്രചരിപ്പിക്കുന്നു. (മാതൃ/മത്തായി 10.34-38). ഞാൻ വന്നത് ഭൂമിയിൽ സമാധാനം സ്ഥാപിക്കാനാണ് എന്ന് നിങ്ങൾ ധരിക്കരുത്; സമാധാനമല്ല വാളാണ് ഞാൻ കൊണ്ടുവന്നിരിക്കുന്നത്. ഞാൻ വന്നിരിക്കു ന്നത് മകനെ അപ്പന് എതിരായും, മകളെ അമ്മയ്ക്ക് എതിരായും, മരുമ ക്കളെ അമ്മായിഅമ്മയ്ക്കെതിരായും ഭിന്നിപ്പിക്കാനാണ്. ഒരാളുടെ ശത്രുക്കൾ അയാളുടെ കുടുംബത്തിൽപെട്ടവർ തന്നെയായിരിക്കും. എന്നെ സ്നേഹി ക്കുന്നതിൽ അധികം സ്വന്തം അപ്പനേയോ അമ്മയേയോ സ്നേഹിക്കുന്ന വൻ എനിക്ക് അയോഗ്യനാണ്. എന്നെ എനിക്ക് അയോഗ്യനാണ്. സ്വന്തം കുരിശും എടുത്ത് എന്നെ അനുഗമിക്കാത്തവൻ എനിക്ക് അയോഗ്യനാണ്. സ്വന്തം ജീവൻ കണ്ടെത്തുന്നവന് അത് നഷ്ടപ്പെടും. കൊല്ലാക്കൊലയ്ക്കും കുടുംബ ഛിദ്രത്തിനുമുള്ള അനുവാദ പത്രികയുമായി, രണ്ടായിരം വർഷ ങ്ങൾക്കു മുമ്പെഴുതിയ ഈ സന്ദേശം കേരളത്തിലെ മിഷനറിമാർ അക്ഷ രാർത്ഥത്തിൽ അരുണാചലികളുടെ കുടുംബത്തിൽ പ്രയോഗിക്കുന്നു.

8. ഗ്രാമമുഖ്യനെ മതം മാറ്റുന്നവർക്ക് ലക്ഷകണക്കിനുള്ള വേതനം നൽകു ന്നു. ഈ വേതന സംഖ്യ താഴെക്കിടയിലുള്ളവരെ മതം മാറ്റുന്നതനുസരിച്ച് വ്യത്യാസപ്പെട്ടുകൊണ്ടിരിക്കും.

9. മതം മാറ്റുമ്പോൾ അഥവാ ചതിയും വഞ്ചനയും പ്രത്യക്ഷമായി പുറത്ത റിയുമ്പോൾ, അവിടത്തുകാരായ ഗിരിവർഗ്ഗക്കാർ പ്രതിഷേധിക്കുമ്പോൾ, മത മൈത്രി തകർക്കാൻ ശ്രമിക്കുന്നു എന്ന് ഈ മിഷനറിമാർ ആക്രോശിക്കു ന്നു. നോട്ടീസടിച്ചും വഴിയോര പ്രസംഗങ്ങൾ നടത്തിയും മതേതരത്വം പ്രച രിപ്പിക്കാനും എല്ലാവരുടേയും മുന്നിൽ നല്ലവരായ മതേതരത്വ പ്രചാരകരാ യിട്ടവർ അഭിനയിക്കുന്നു.

10. ആട്ടിൻതോലിട്ട ചെന്നായ്ക്കളെന്ന് യേശുദേവൻ പറഞ്ഞത് ഇവരെക്കുറി ച്ചാണെന്നും മതസൗഹാർദ്ദ പ്രതിജ്ഞയുമെല്ലാം പുറത്ത്, അകത്ത് ചെന്നാ യയുടെ ഭാവവും.

11. മതപരിവർത്തനത്തിനെതിരെ ആരു പ്രതികരിച്ചാലും അത് ഹിന്ദുവർഗീയ വാദികളാണെന്നും ആർ.എസ്.എസും, വി.എച്ച്.പിയുമാണെന്നും പ്രചരിപ്പി ക്കുന്നത് സ്ഥിരം അടവായിരിക്കുന്നു.

12. ഹിന്ദു സ്കൂളുകളിലും ആശ്രമങ്ങളിലും പോയി എല്ലാ സൗജന്യവും സ്വീകരിക്കാൻ തദ്ദേശിയരെ നിർബന്ധിച്ച് അവിടെ നിന്നുള്ള സൗകര്യവും പള്ളിയിലെ മതവും സ്വീകരിക്കാൻ നിഷ്കളങ്കരായ ഗിരിവർഗ്ഗക്കാരെ അവർ

നിർബന്ധിക്കുന്നു. മരുന്നും പഠനവും അവിടെ, മതവും വിശ്വാസവും ഇവിടെ (പള്ളിയിൽ)

13. ഓരോ വീട്ടിലും വിദ്യാഭ്യാസമില്ലാത്ത ഭാര്യയെയും അമ്മയെയും ആദ്യം മതം മാറ്റുന്നു. കുടുംബകലഹം സൃഷ്ടിച്ച് ഭർത്താവിനെയും മക്കളെയും പിന്നീട് മതം മാറ്റുന്നതാണ് സർവ്വത്ര പ്രചാരത്തിലുള്ള മാർഗ്ഗം.

14. കേരളത്തിൽ നിന്നിവിടെ വന്ന് പ്രവർത്തിക്കുന്ന ക്രൈസ്തവ മിഷണറി മാർക്ക് കോടികളുടെ സംഭാവന ലഭിക്കുന്നതുകൊണ്ടും ഭരണത്തിലുള്ള അനവധി വ്യക്തികളെ മതം മാറ്റിക്കഴിഞ്ഞതുകൊണ്ടും പോലീസിലും ഭരണത്തിലും ഈ മതമാറ്റത്തിന്റേയും സമ്പത്തിന്റേയും സ്വാധീനത്തിലൂടെ അരുണാചലികളെ പൂർണമായും മതം മാറ്റാനുള്ള ലക്ഷ്യമായി കേരളീയ മിഷനറിമാർ പ്രവർത്തിക്കുന്നു.

15. അരുണാചലിനെ മറ്റൊരു നാഗാകലാപകാരികളുടെ കേന്ദ്രമാക്കാൻ ക്രൈസ്തവ അന്ധവിശ്വാസവും, ദുരാചാരവും, ഭാരതീയ പൈതൃകത്തി നെതിരായ പ്രചാരണങ്ങളും നിരന്തരം നടത്തി ദേശദ്രോഹം അനുദിനം നടക്കുന്നു.

16. ചൈനയോടു ചേർന്നുകിടക്കുന്ന അരുണാചലിനെ ഭാരതീയ സംസ്കൃതിക്കും ഭാരത്തിനുമെതിരെ തിരിച്ചുവിടാൻ നേതൃത്വം നൽകുന്നത് അക്ഷരാർത്ഥത്തിൽ കേരളത്തിലെ ഒരു വിഭാഗം ക്രൈസ്തവരാണ്. ഹൈന്ദവ വീക്ഷണങ്ങളെയെല്ലാം സംഘടിതമായി എതിർക്കുകയും അവിടത്തുകാരെ അതിനായി സംഘടിപ്പിക്കുകയും ചെയ്യുന്നു.

17. സൂര്യനെയും ചന്ദ്രനെയും അല്ല ആരാധിക്കേണ്ടതെന്നും അവയെ സൃഷ്ടിച്ച യഹോവയെ പൂജിച്ചില്ലെങ്കിൽ യഹോവ നിങ്ങളുടെ കുലത്തെ അടിയോടെ പിഴുതെറിയുമെന്നും ഭയപ്പെടുത്തിയുള്ള മതപരിവർത്തനം അനുസ്യൂതം നടക്കുന്നു. അതിനായി അവർ ബൈബിളുദ്ധരിക്കുന്നു.

18. ഈ പാവങ്ങളെ പറ്റിക്കാനുപയോഗിക്കുന്നവരി (യിരെമ്യ : 51 : 56) കർത്താവ് പ്രതികാരത്തിന്റെ ദൈവമാണ്. അവൻ നിശ്ചയമായും പകരം വീട്ടും.... (യിരെമ്യ 51 : 20-24) നീ എന്റെ ചുറ്റികയും യുദ്ധത്തിനുള്ള ആയുധവുമാണ്. നിന്നെകൊണ്ടു ഞാൻ ജനതകളെ തകർക്കുന്നു. നിന്നെകൊണ്ടു ഞാൻ രാജ്യങ്ങൾ തകർക്കുന്നു.. നിന്നെക്കൊണ്ടു ഞാൻ പുരുഷനേയും സ്ത്രീയേയും തകർക്കുന്നു.. വൃദ്ധനേയും ബാലനേയും.. യുവാവിനേയും യുവതിയേയും തകർക്കുന്നു. ബൈബിളിലെ ഈ വരികൾ നാഗാലാന്റിൽ അന്വർത്ഥമാക്കിയതുപോലെ അരുണാചലിനേയും വിഴുങ്ങുന്നു. കേരളീയ മിഷണറിമാരാണ് ഇതിനു പിന്നിൽ പ്രവർത്തിക്കുന്നവരെല്ലാം.

19. ഹിന്ദുക്കളേയും, ഗിരിവർഗ്ഗക്കാരേയും, സ്വധർമ്മത്തിനുവേണ്ടി പോരാടുന്നവരേയും ഹിന്ദുഭീകരവാദികളായും, വർഗ്ഗീയവാദികളായും മുദ്രകുത്തി അരമനകളിൽ വാണരുളുന്ന ബിഷപ്പുമാരും മെത്രാന്മാരും, അച്ചന്മാരും കുഞ്ഞാടുകളെക്കൊണ്ട് ധർമ്മദ്രോഹംചെയ്യിക്കുന്നു. ഭരണാധികാരികളുടെ ഒത്താശയോടെ, പണത്തിന്റെ ശക്തിയോടെ മതപരിവർത്തനം ജീവിത വ്രതമാക്കിയ മിഷനറിമാരിലൂടെ രാഷ്ട്രീയക്കാരുടെ മൗനാനുവാദത്തോടെ, ഇതു നടക്കുന്നു. ഇതു നമുക്ക് നിർത്തണ്ടെ?



Scanned with CamScanner

ചരിത്രഗവേഷകന്റെ പഠനഫലം

# മിഥ്യാ പുരുഷനായ സെന്റ് തോമസ്

പ്രൊഫ: സി.ഐ. ഐസക്, ചരിത്രവിഭാഗം, കോട്ടയം

ദീർഘമായി പാരമ്പര്യമവകാശപ്പെടുക എന്നത് ഏതു സമൂഹത്തിന്റെയും പൊതുസ്വഭാവമാണ്. സമൂഹരൂപവത്ക്കരണപ്രക്രിയയിൽ (Social formation) മിത്തുകൾ (myths) രൂപപ്പെട്ടുവരുന്നത് സ്വാഭാവികം തന്നെ. മിത്തുകൾക്ക് പലപ്പോഴും യാതൊരുവിധ ചരിത്രപശ്ചാത്തലവുമുണ്ടായിരിക്കില്ല. അത്തരത്തിൽ ശ്രദ്ധേയമായ പാരമ്പര്യവാദമാണ് കേരളത്തിൽ ക്രൈസ്തവർ (സുറിയാനി ക്രൈസ്തവർ) അവകാശപ്പെടുന്ന അപ്പോസ്തോലിക പാരമ്പര്യം അഥവാ സെന്റ് തോമസ് പാരമ്പര്യം. കേരളത്തിൽ ക്രിസ്തുമതം ജന്മം കൊള്ളുന്നത് ക്രിസ്തു ശിഷ്യനായ തോമസിൽക്കൂടിയാണ് എന്നു പറയുന്നത് കേവലം മിഥ്യയാണെന്ന് ചരിത്രപരമായി അല്പം വിശകലനം നടത്തിയാൽ മനസ്സിലാക്കാം. കേരളത്തിൽ യൂറോപ്യൻ രാജ്യങ്ങൾക്കുമുമ്പേ തന്നെ ക്രിസ്തുമതം എത്തി എന്നത് സത്യമാണ്. ആ സത്യത്തിന്റെ മറവിൽ നെയ്തെടുത്ത കഥയത്രെ മുകളിൽ സൂചിപ്പിച്ച സെന്റ് തോമസ് പാരമ്പര്യവാദം.

തികച്ചും ഹൈന്ദവസംസ്ക്കാരവും, പാരമ്പര്യങ്ങളും വച്ചു പുലർത്തിയിരുന്ന ഒരു ചെറിയ സമൂഹമായിരുന്നു ഇവിടത്തെ ആദിമക്രൈസ്തവർ. ഈ നില ഏതാണ്ട് പോർച്ചുഗീസുകാരുടെ വരവോളം തുടർന്നിരുന്നു എന്നത് ചരിത്രസത്യം മാത്രമാണ്. (ജാതിവ്യവസ്ഥിതിയും കേരളചരിത്രവും പി. കെ. ബാലകൃഷ്ണൻ. പുറം 345, ആദിമകേരള ക്രൈസ്തവർ. എൻ. കെ. ജോസ് പുറം 95) വിശ്വാസത്തിലും പ്രാർത്ഥനയിലും മാത്രം വ്യത്യാസമുണ്ടായിരുന്ന ഹൈന്ദവ സമൂഹമായിരുന്നു ചുരുക്കത്തിൽ ഇവിടത്തെ ക്രൈസ്തവ സമൂഹം, ഇന്നത്തെ കേരള ക്രൈസ്തവ സമൂഹം പരക്കെ വിശ്വസിച്ചുവരുന്ന സെന്റ് തോമസ് പാരമ്പര്യം പിൽക്കാലസാമ്രാജ്യതാൽപര്യവും, വൈദേശികമേൽക്കോയ്മാ താൽപര്യവും അടുച്ചേൽപ്പിച്ച കെട്ടുകഥയുടെ ആവർത്തനം മാത്രമാണ്. കേരളത്തിലെ ക്രൈസ്തവരുടെ ഭാരതീയ കാഴ്ച്ചപ്പാടുകളും, സവിശേഷതകളും ഇല്ലായ്മ ചെയ്ത് റോമിന്റെയോ അന്ത്യോക്യയുടെയോ ആധിപത്യം ഉറപ്പിക്കുക എന്ന തന്ത്രത്തിന്റെ പുനരുക്തി (tautology) മാത്രമാണ് സെന്റ് തോമസ് പാരമ്പര്യകഥയ്ക്ക് പിന്നിലുള്ളത്.

ക്രിസ്തുശിഷ്യനായ തോമസ് എ.ഡി. 52ൽ കൊടുങ്ങല്ലൂരെത്തി. ഇവിടത്തെ നമ്പൂതിരിമാരെ (ക്രിസ്തു) മാർഗ്ഗം ചേർത്ത് അവർക്കുവേണ്ടി കേര



Scanned with CamScanner

ളത്തിൽ പലയിടങ്ങളിലായി എട്ടു പള്ളികൾ സ്ഥാപിച്ചു എന്നും അതിനു ശേഷം കിഴക്കോട്ട് സഞ്ചരിച്ച് ഏതാണ്ട് മദ്രാസിനടുത്തുള്ള മൈലാപ്പൂരിൽ വച്ച് രക്തസാക്ഷിത്വം വരിച്ചു എന്നുമാണ് കഥ. ഇത് ആരുടെയോ ഭാവനാ വിലാസത്തിൽ മുളച്ച കഥയാവാം. പക്ഷേ ഈ കഥയുടെ ചരിത്രപശ്ചാത്തലം പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുണ്ട്. അത്തരത്തിലൊരു പരിശോധ നയ്ക്ക് 'തോമസി'ന്റെ പ്രായം, ഭൂമിശാസ്ത്രം, നമ്പൂതിരിസമൂഹത്തിന്റെ രൂപവത്ക്കരണം, പള്ളിസങ്കല്പം, യുക്തി തുടങ്ങിയ ചരിത്രപഠനായുധങ്ങൾ (tools of historical analyses) ഉപയോഗിക്കേണ്ടിയിരിക്കുന്നു. ഈ ലേഖനത്തിൽ അത്തരമൊരു ചെറിയ ഉദ്യമം മാത്രമാണ് ഉദ്ദേശിക്കുന്നത്.

എ.ഡി. 28-ൽ ആണ് ക്രിസ്തു ക്രൂശിക്കപ്പെടുന്നത്. ക്രിസ്ത്വബ്ദം 52-ൽ ആണ് തോമസ് കേരളത്തിൽ എത്തിയത് എന്നാണ് ഐതിഹ്യം. അതായത് ക്രിസ്തു ജനിച്ച് 56 വർഷങ്ങൾക്കുശേഷമാണ് തോമസ് കേരള ത്തിലെത്തിയത്. ക്രിസ്തു മുപ്പതു വയസ്സിനുശേഷമാണ് മതപ്രചരണം ആരം ഭിച്ചത്. ഇത് തീർച്ചയായും അന്നാട്ടിലെ ആളുകളുടെ ഗുരുവിനോടോ പ്രവാ ചകനോടോ ഉള്ള മനോഭാവം വെളിവാക്കുന്നു. ഗുരു അഥവാ പ്രവാചകൻ തീർച്ചയായും പക്വത ആർജ്ജിച്ചിരിക്കണം. അതുകൊണ്ടാവാം ക്രിസ്തുപോലും മതപ്രചരണം ആരംഭിക്കുന്നതിന് മുപ്പതുവർഷങ്ങൾ കാത്തിരുന്നത്. അങ്ങനെയാണെങ്കിൽ ശിഷ്യന്മാരായിത്തീർന്നവർക്ക് അക്കാ ലത്ത് മുപ്പതുവയസ്സിൽ അധികമാവാനാണ് സാധ്യത. അതുകൊണ്ട് തോമസ് ക്രിസ്തുശിഷ്യനാകുമ്പോൾ ഏതാണ്ട് 40-50 വയസ്സിനിടയിലാവാനാണ് സാധ്യത. ബൈബിൾ ഏതാണ്ട് ക്രിസ്ത്വബ്ദം 50 നും 70 നും ഇടയിലാണ് എഴുതപ്പെട്ടിരിക്കുന്നത്. ബൈബിൾ രചന തുടങ്ങുന്ന കാലത്ത് ശിഷ്യന്മാ രെല്ലാം തന്നെ മരിച്ചുകഴിഞ്ഞിരുന്നതായി ചരിത്രം സൂചന നൽകുന്നുണ്ട്. ക്രിസ്തുവോ ശിഷ്യന്മാരോ അല്ല ബൈബിൾ എഴുതിയത്. ക്രിസ്തുവി ന്റെയും ശിഷ്യന്മാരുടെയും ദർശനങ്ങൾ പിൽക്കാലത്ത് (എ.ഡി. 50-70) മൂപ്പ ന്മാർ എന്നു വിളിക്കപ്പെടുന്ന അപ്പോസ്തോലസംഘം ആണ് എഴുതിയതെന്ന് വേദശാസ്ത്രപണ്ഡിതന്മാർ വിശ്വസിക്കുന്നു. (ബൈബിൾ സമവാക്യങ്ങൾ, ഓശാന, പാല) ചുരുക്കത്തിൽ ക്രിസ്ത്വബ്ദം 50-നുമുമ്പ് എല്ലാ ശിഷ്യന്മാരും മരിക്കുകയോ, രക്തസാക്ഷിത്വം വരിക്കുകയോ ചെയ്തിരിക്കാം. ചരിത്രം തരുന്ന സൂചന ഇതാണ്. അഥവാ ക്രിസ്ത്വബ്ദം 52-ൽ കേരളത്തിലെത്തി യെങ്കിൽ അപ്പോൾ തോമസിന് എഴുപതു വയസ്സെങ്കിലുമുണ്ടാവാനാണ് സാധ്യത. ഇത്ര വൃദ്ധനായ ഒരു വ്യക്തിയ്ക്ക് പ്രതിബന്ധങ്ങളെ തരണം ചെയ്ത് അക്കാലത്ത് കേരളത്തിൽ എത്താനാകുമോ? അഥവാ എത്തി യാൽത്തന്നെ കേരളത്തിൽ അന്നു നിലനിന്നിരുന്ന വിവിധങ്ങളായ ഗ്രാമഭാ

ഷകളിലൂടെ (dialects) മതപ്രചരണം നടത്താൻ കഴിയുമോ? ഈ സംശയങ്ങൾക്ക് യുക്തിസഹമായ മറുപടി കണ്ടെത്തുകയേ വഴിയുള്ളു.

കേരളത്തിൽ തോമസ് എത്തി എന്നതിന് യാതൊരു ചരിത്രരേഖകളും ഇല്ല. കേരളത്തിലെത്തിയ തോമസിന്റേതെന്ന് അവകാശപ്പെടാവുന്ന ലേഖനങ്ങളോ സുവിശേഷങ്ങളോ ഉള്ളതായി ഒരു തെളിവുമില്ല. ബൈബിളിലെ പുതിയ നിയമത്തിന്റെ പകുതിഭാഗങ്ങളും പുതുതായി മതപരിവർത്തനം നടത്തിയ വിവിധ ദേശങ്ങളിലെ ആളുകൾക്കുള്ള നിർദ്ദേശങ്ങളെത്രെ. അത്തരത്തിൽ ഒരു ലേഖനം കേരള ക്രിസ്ത്യാനികളെ സംബന്ധിച്ച് അവകാശപ്പെടാനാവില്ല. അതുകൊണ്ട് കേരളത്തിൽ ക്രിസ്തുമതം എത്തിയത് ആരുടെയും ബോധപൂർവ്വമായ ശ്രമത്തിലൂടെ അല്ല എന്നു മനസ്സിലാക്കാം. കേരള ക്രൈസ്തവരെ സംബന്ധിച്ച് ഏറ്റവും പഴക്കം ചെന്ന ചരിത്രരേഖ തരിസ്സാപ്പള്ളി ചെപ്പേടാണ്. (A survery of Kerala History, A. Sreedharamenon 1970, പുറം 100) ഇതിന്റെ കാലപ്പഴക്കം ഏതാണ്ട് ഒൻപതാം നൂറ്റാണ്ട് (എ.ഡി. 849) ആണ് എന്നതും ചരിത്രന്വേഷകന്റെ ദൃഷ്ടിയിൽ മുകളിൽ സൂചിപ്പിച്ച വാദഗതിയെ സാധൂകരിക്കുന്നു.

കേരളത്തിൽ വന്ന തോമസ് നമ്പൂതിരിമാരേ മാർഗ്ഗം ചേർത്തു എന്നതു പരക്കെ വിശ്വസിക്കുന്നു. ഇതിനും യാതൊരു ചരിത്രപശ്ചാത്തലവും ഇല്ല. കേരളത്തിന്റെ സമൂഹരൂപവൽക്കരണം (Social formation) ചരിത്രം പരിശോധിച്ചാൽ ഏതാണ്ട് ക്രിസ്ത്വബ്ദം നാലാം നൂറ്റാണ്ടുവരെ നമ്പൂതിരി എന്ന സമൂഹം രൂപപ്പെട്ടിരുന്നില്ല എന്നു മനസ്സിലാക്കാം. (പി.കെ. ഗോപാലകൃഷ്ണൻ, കേരള സാംസ്കാരിക ചരിത്രം പുറം 206 മുതൽ 211 വരെ). ലോഗൻ, ഇളംകുളം എന്നിവരുടെ അഭിപ്രായത്തിൽ നമ്പൂതിരി സമൂഹം രൂപപ്പെടുന്നത് യഥാക്രമം ഏഴും, എട്ടും നൂറ്റാണ്ടുകളിലാണ്. ആ സ്ഥിതിക്ക് പിന്നെ എങ്ങനെ ഇല്ലാത്ത നമ്പൂതിരിയെക്കൊണ്ട് വരാത്ത തോമസിന് ക്രിസ്തുമാർഗ്ഗം സ്വീകരിപ്പിക്കാൻ കഴിയും ? ഈ മതപരിവർത്തനവാദം യുക്തിക്കു നിരക്കുന്നതാണോ? ഇതൊരു പുനരുക്തിവാദം (Circular arguement) മാത്രമാണ്. തോമസ് എന്ന ക്രിസ്തുശിഷ്യൻ ഭാരതത്തിന്റെ വടക്കുപടിഞ്ഞാറുള്ള കാൻഡഹാറിലാണ് എത്തിയത് എന്ന് ക്രൈസ്തവവേദശാസ്ത്രകാരന്മാർ പരക്കെ അംഗീകരിച്ചു തുടങ്ങിയ സത്യമാണ്. കാൻഡഹാറിലെത്തുക എന്നത് യുക്തിക്കു നിരക്കുന്നതത്രെ. നേരമറിച്ച് ഇരുപത് നൂറ്റാണ്ടുകൾക്ക് മുമ്പ് കേരളം പോലെ ഒരു സ്ഥലത്ത് ഒരു വിദേശി എത്തുകയും അവിടെയുള്ള ഉന്നതകുല ജാതരായ ആളുകളെ ക്രിസ്തുമതത്തിൽ ചേർക്കുകയും ചെയ്യുക എന്നത് പൊള്ളയായ പാരമ്പര്യവാദം തന്നെ എന്നതിനി സംശയമില്ല. (എൻ. കെ. ജോസ്, ആദിമകേരള ക്രൈസ്തവർ, 100, 104)



Scanned with CamScanner

തുടർന്ന് കിഴക്കോട്ട് സഞ്ചരിച്ച തോമസ് മൈലാപ്പൂർവരെ എത്തി എന്നാണ് വിശ്വാസം. ആ വിശ്വാസം ശരിയാണെങ്കിൽ എന്തുകൊണ്ട് സഹ്യ പർവ്വതത്തിന്റെ കിഴക്ക് ക്രൈസ്തവരോ, അവരുടെ ആരാധനാസ്ഥലങ്ങളോ കോളോണിയൻ കാലഘട്ടത്തിനുമുമ്പ് ഉണ്ടായില്ല എന്ന ചോദ്യം അവശേഷിക്കുന്നു. കേരളത്തിൽ മതപരിവർത്തനം നടത്തി എട്ടുപള്ളികളും സ്ഥാപിച്ചതിനുശേഷം നിബിഡവനങ്ങളിലൂടെ സഞ്ചരിച്ച് മൈലാപ്പൂരിലെത്തണമെങ്കിൽ എത്രകാലം വേണ്ടി വരും ? ഇത്രയും വൃദ്ധനായ തോമസിന് അത് സാധിക്കുമോ? ക്രിസ്ത്വാബ്ദം 72-ൽ മൈലാപ്പൂരിൽ രക്തസാക്ഷിത്വം വഹിച്ച തോമസിന്റെ ഏതെങ്കിലും അസ്ഥിയോ അതിന്റെ ഭാഗങ്ങളോ 1700-ലധികം വർഷം കേടുകൂടാതെ ഈ മണ്ണിൽ കിടക്കുമോ? (അത്തരത്തിലുള്ള ഒരു അസ്ഥിക്കഷണം മൈലാപ്പൂരിലുള്ള സെന്റ് തോമസ് മൗണ്ട് ദേവാലയത്തിൽ സൂക്ഷിച്ചിരിക്കുന്നത് ഈ ലേഖകന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ക്രിസ്തുമതചരിത്രം പരിശോധിച്ചാൽ പള്ളി (Church) രൂപപ്പെടുന്നത്. നാലാം നൂറ്റാണ്ടോടുകൂടി മാത്രമാണ് എന്നു മനസ്സിലാക്കാം. അതുവരെ ചെറിയ ക്രൈസ്തവസമൂഹങ്ങളുടെ കൂട്ടായ്മകൾ (Fellowship) മാത്രമാണുണ്ടായിരുന്നത്. ആരാധനാലയത്തെക്കുറിച്ച് സങ്കൽപ്പിക്കുവാൻപോലും കഴിയാതിരുന്ന കാലത്ത് കേരളത്തിലെത്തിയ വിദേശിയായ മതപ്രചാരകന് എങ്ങനെ എട്ടുപള്ളികൾ സ്ഥാപിക്കാൻ കഴിയും? മാത്രമല്ല ആ എട്ടുപള്ളികളിൽ മനുഷ്യവാസമില്ലാതിരുന്ന നിബിഡവനപ്രദേശങ്ങളായ നിലക്കലും മലയാറ്റൂരും ഉൾപ്പെടും എന്നു പറയുമ്പോഴേ ഈ കഥയുടെ പൊള്ളത്തരം മനസ്സിലാക്കാൻ കഴിയൂ. ചുരുക്കത്തിൽ ഈ പള്ളിസ്ഥാപനകഥ വെറും പാരമ്പര്യവാദത്തിലധിഷ്ഠിതമായ ഐതിഹ്യത്തിന്റെ സ്ഥാപനവൽക്കരണം (Institutionalization of a myth) മാത്രമാണെന്നതിൽ ലേശവും സംശയത്തിനവകാശമില്ല.

ക്രിസ്ത്വബ്ദം 325-ൽ ഏഷ്യമൈനറിലെ നിഖ്യ എന്ന സ്ഥലത്ത് വിവിധ ക്രൈസ്തവസമൂഹങ്ങളുടെ പ്രതിനിധികൾ ഒത്തുചേരുന്നതുവരെ ചിട്ടപ്പെടുത്തിയ ആരാധനാക്രമം പോലും ക്രൈസ്തവർക്ക് അവകാശപ്പെടാനുണ്ടായിരുന്നില്ല. ക്രിസ്തീയ വ്യവസ്ഥിതിക്കും അനുഷ്ഠാനങ്ങൾക്കും എതിരായരിരുന്നതുകൊണ്ട് ആദിമക്രൈസ്തവർ ആരാധനാക്രമം ഉണ്ടാക്കുന്നതിൽ താത്പര്യം കാട്ടിയിരുന്നില്ല എന്നതും ശ്രദ്ധേയമാണ്. പിന്നെ എങ്ങനെ തോമസിന് പള്ളികൾ സ്ഥാപിക്കാനും തദ്ദേശീയരായ മാർഗ്ഗവാസികൾക്ക് ആരാധനാക്രമം നൽകുവാനും കഴിയും ?

ക്രിസ്തുവിന്റെ എല്ലാ ശിഷ്യന്മാരും യൂറോപ്പിലും മദ്ധ്യേഷ്യയിലും റോമാസാമ്രാജ്യത്തിന്റെ ഇതരഭാഗങ്ങളിലും വസിച്ചിരുന്ന യൂദന്മാരെ ക്രിസ്തു



Scanned with CamScanner

മാർഗത്തിലേയ്ക്ക് നയിക്കുന്നതിനുവേണ്ടിയാണ് യത്നിച്ചത് എന്ന് ക്രൈസ്തവ വേദശാസ്ത്രപണ്ഡിതന്മാർ പോലും സമ്മതിക്കുന്ന സത്യമാണ്. (മത്തായിയുടെ സുവിശേഷം, അദ്ധ്യായം 10, വാക്യം 5) ക്രിസ്തുമതം ജനപ്രസ്ഥാനമായി തീരുന്നത് പോളിന്റെ വരവോടുകൂടിയാണ്. അതുകൊണ്ടു തന്നെ അവിശ്വാസികളുടെ അപ്പസ്തോലൻ (Aspostile of the Ge) എന്നാണ് വിളിച്ചിരുന്നത്. ഇതായിരുന്നു ആദിമ ക്രൈസ്തവമതത്തിന്റെ മതപ്രചരണതന്ത്രമെങ്കിൽ പിന്നെ ക്രിസ്തുശിഷ്യനും, യഹൂദനുമായ തോമസ്, യഹൂദന്മരല്ലാത്ത കേരളീയരെ ക്രിസ്തുമത്തിൽ ചേർക്കുവാൻ കൊടുങ്ങലൂരിലെത്തി എന്നത് ഭാവനാസൃഷ്ടിയല്ലാതെ മറ്റെന്താണ്? ക്രിസ്ത്വബ്ദം 70-ാം ആണ്ടിൽ റോമാക്രൈസ്തവർ ടൈറ്റസ് ജെറുസലേം പട്ടണം നശിപ്പിച്ച് റോമാസാമ്രാജ്യത്തിൽ നിന്ന് യഹൂദന്മാരെ ആട്ടിപ്പായിച്ചു. അതിനുശേഷമാണ് യഹൂദന്മാർ കേരളമുൾപ്പെടെയുള്ള സ്ഥലങ്ങളിൽ കുടിയേറ്റം നടത്തിയത്. അതുകൊണ്ട് ക്രിസ്ത്വബ്ദം 52-ാം ആണ്ടിൽ തോമസ് കേരളത്തിലെത്തി ഇവിടത്തെ യഹൂദന്മാരെ ക്രിസ്തുമതത്തിൽ ചേർക്കുവാൻ ശ്രമിച്ചതായി അനുമാനിക്കുവാൻ സാധ്യമല്ല.

ആദിമക്രൈസ്തവർ കുരിശ് അടയാളമായി സ്വീകരിച്ചിരുന്നില്ല എന്നത് പരക്കെ അംഗീകരിക്കുന്ന സത്യമാണ്. പിന്നെ എങ്ങനെയാണ് മാർത്തോമ്മാക്കുരിശു എന്നു വിളിക്കുന്ന സ്ലീഹാക്കുരിശ് കേരള ക്രൈസ്തവരുടെ പാരമ്പര്യത്തിന്റെ മുഖമുദ്രയാകുന്നത്? ചുരുക്കത്തിൽ കേരളത്തിലേയ്ക്ക് കടന്നുവരുന്ന പരദേശികളായ സ്വാർത്ഥവാഹകസംഘങ്ങളുടെ വ്യാപാര-രാഷ്ട്രീയ താല്പര്യങ്ങൾ സ്ഥാപിച്ചു കിട്ടുന്നതിനുവേണ്ടി പറഞ്ഞു പ്രചരിപ്പിച്ച കെട്ടുകഥകളുടെ ബിംബീകരണത്തിന്റെ ഫലമാണ് ഇന്നു കേരളക്രൈസ്തവർ പരക്കെ പറഞ്ഞുവരുന്ന സെന്റ് തോമസ് പാരമ്പര്യം.

പിന്നെ എങ്ങനെ ക്രിസ്തുമതം കേരളത്തിലെത്തി എന്ന ചോദ്യം അവശേഷിക്കുന്നു. സാർത്ഥവാഹകസംഘങ്ങളായിരിക്കാം ക്രിസ്തുമതത്തെ മലയാളക്കരയിലെത്തിച്ചത്. ക്രിസ്തുവിന്റെ ജനനത്തിനുമുമ്പു തന്നെ മൺസൂൺ വാതങ്ങളെ ആശ്രയിച്ചും വ്യാപാരിസംഘങ്ങൾ കടൽമാർഗ്ഗം കേരളത്തിലെത്തിയിരുന്നു. ബുദ്ധമതമുൾപ്പെടെയുള്ള മിഷണറി മതങ്ങൾ വ്യാപാരി സംഘങ്ങളോട് ബന്ധപ്പെട്ടാണ് മതപ്രചരണം നടത്തിയിരുന്നത് എന്ന സത്യം കൂടി ഇവിടെ കണക്കിലെടുക്കേണ്ടതുണ്ട്.

കറുത്ത യഹൂദന്മാരുടെ ജനനം പോലെ ആയിരിക്കാം ഒരു പക്ഷേ ക്രിസ്തുമതവും കേരളമണ്ണിൽ ജനിച്ചുവീണത്. യഹൂദന്മാരായ കച്ചവടക്കാർ വ്യാപാരാർത്ഥം ലോകത്തിന്റെ ഇതരഭാഗങ്ങളിലെത്തി തദ്ദേശീയരായ സ്ത്രീകളേ വിവാഹം കഴിച്ചിരുന്നു. (ഇത് ഏതാണ്ട് അറബിക്കല്ല്യാണത്തിന്റെ

രീതിയിലായിരുന്നു.) അവരിൽ ജനിച്ചിരുന്ന കുട്ടികളെ യഹൂദപാരമ്പര്യത്തിലും, ചിട്ടയിലും വളർത്തി, അങ്ങനെ കറുത്ത യഹൂദവർഗ്ഗം രൂപപ്പെട്ടു. ആചാരങ്ങളും, അനുഷ്ഠാനങ്ങളും, വിശ്വാസങ്ങളും തനി യഹൂദപാരമ്പര്യത്തിലധിഷ്ഠിതമാണ് എങ്കിലും നരവംശശ്സ്ത്രപരമായി (anthropologically ) ഈ കറുത്ത യഹൂദ സമൂഹങ്ങൾ വേറെ തന്നെ. ഇവർക്ക് വെളുത്ത യഹൂദസമൂഹങ്ങളോട് രൂപശാസ്ത്രപരമായ (morphological ) സാദൃശ്യമില്ല. ഈ രീതിയിലാവാം ആദിമ നൂറ്റാണ്ടുകളിൽ ക്രിസ്തുമതം കേരളത്തിലെത്തിയത്.

ആദിമനൂറ്റാണ്ടുകളിൽ കേരളത്തിലെത്തിയ ക്രൈസ്തവവ്യാപാരികൾക്ക് കേരളസ്ത്രീകളിൽ ജനിച്ചവരാകാം ഇവിടത്തെ ആദിമക്രൈസ്തവർ. കേരളത്തിലെ അക്കാലത്തെ സാമൂഹ്യവ്യവസ്ഥിതി അതിനെ സാധൂകരിക്കുന്നു. (Dr. Francis Day-Land of the Perumals, പുറം 323)ആദിമക്രൈസ്തവസമൂഹങ്ങൾ വ്യാപാരത്തിലും കൃഷിയിലും തല്പരരായിത്തീർന്നത് ഒരുപക്ഷേ ഈ കച്ചവടപാരമ്പര്യം കൊണ്ടായിരിക്കാം. ക്രിസ്ത്യാനികൾ അടുത്തകാലം വരെ വൈദേശീയഭാഷകൾ അവരുടെ ആരാധനാഭാഷയായി സ്വീകരിച്ചിരുന്നതും ഈ വൈദേശികബന്ധത്തെ സാധൂകരിക്കുന്നു. ക്രിസ്ത്യൻ സാമൂഹ്യബന്ധങ്ങൾ തദ്ദേശീയ സമൂഹങ്ങളിൽ നിന്ന് വിഭിന്നമായി തുടരുന്നതിന്റെ പശ്ചാത്തലവും ഇതാകാം. ചുരുക്കത്തിൽ കേരളത്തിലെ ക്രൈസ്തവർക്ക് സെന്റ് തോമസ് പാരമ്പര്യം അവകാശപ്പെടാൻ സാദ്ധ്യമല്ല. ഒരുപക്ഷേ മറിച്ച് ലോകത്തിലെ ഇതര ക്രൈസ്തവസമൂഹങ്ങളേക്കാൾ കൂടുതൽ കാലപ്പഴക്കം അവകാശപ്പെടാം.

സ്വാർത്ഥവാഹക മതമെന്ന നിലയിൽ ക്രിസ്തുമതം തുറമുഖപ്പട്ടണങ്ങളിൽ മാത്രം ഒതുങ്ങിനിൽക്കേണ്ടിയിരുന്നില്ലേ എന്ന ചോദ്യം ഉയർന്നേക്കാം. ക്രിസ്തുമതം കേരളം മുഴുവൻ എങ്ങനെ വ്യാപിച്ചു എന്ന വേറൊരു ചോദ്യവും ഉയർന്നേക്കാം. അതിനു മറുപടികിട്ടണമെങ്കിൽ ഇവിടത്തെ സാമൂഹരൂപവത്ക്കരണത്തിന്റെ ചരിത്രം കൂടി പഠിക്കേണ്ടിയിരിക്കുന്നു. ബൗദ്ധ സമൂഹത്തിന്റെ പതനം ഒരു പരിധിവരെ ക്രൈസ്തവ സമൂഹത്തിന്റെ വളർച്ചയെ സഹായിച്ചു. കേരളത്തിലെ ക്രൈസ്തവരെ മാർഗ്ഗപ്പിള്ളമാർ എന്നാണ് വിളിച്ചിരുന്നത്. ഇത് പിന്നീട് മഹാപിള്ള, മാപ്പിള എന്നായി മാറി. (തിരുവിതാംകൂറിൽ ക്രൈസ്തവരെ മാപ്പിളമാർ എന്നു വിളിക്കുന്നു.) – (എൻ. കെ. ജോസ്, ആദിമ കേരള ക്രൈസ്തവർ, പുറം 101, 102) ഇത് ബുദ്ധമാർഗത്തിൽ നിന്ന് ക്രിസ്തുമാർഗത്തിലേക്കുള്ള മാറ്റത്തെ സാധൂകരിക്കുന്നു. അഷ്ടാംഗമാർഗമാണല്ലോ ബുദ്ധമതത്തിന്റെ ആധാരശില. മോക്ഷത്തിനുള്ള മാർഗ്ഗം (Path) എന്ന നിലയിലാണ് മാർഗ്ഗം. ചേരൽ എന്ന പദം മതപരിവർത്തനത്തിന് നൽകി വന്നത്. അതുകൊണ്ട് കേരളത്തിലെ ക്രിസ്തുമതവ്യാപന



Scanned with CamScanner

ത്തിൽ ബുദ്ധമതത്തിനുള്ള പങ്ക് വ്യക്തമാകും.

സെന്റ് തോമസിന്റേത് എന്നു പറയുന്ന ചിത്രം സൂക്ഷ്മമായി പരിശോധിച്ചാൽ അത് ഏതോ ബോധിസത്വത്തിന്റെ ചിത്രത്തിന് രൂപഭേദം വരുത്തിയതാണ് എന്ന് മനസ്സിലാക്കാം. പിൽക്കാലത്ത് ബുദ്ധമതത്തിൽനിന്ന് ക്രിസ്തുമത്തിലേയ്ക്ക് മാർഗം ചേർന്ന് തദ്ദേശീയർ ആരാധിച്ചിരുന്ന ഏതോ ബോധിസത്വവിഗ്രഹത്തെ വികലപ്പെടുത്തി കേരള ക്രിസ്തുമതധാരയിൽ ചേർത്തതാവാം ഇന്ന് കേരള ക്രൈസ്തവർ കാണുന്ന സെന്റ് തോമസിന്റേതെന്നും പറയുന്ന വിഗ്രഹം (ക്രൈസ്തവഭാഷയിൽ രൂപം). ഈ വാദം സാധൂകരിക്കുന്നതിന് പഴയ റോമാചരിത്രം കൂടി പരിഗണിക്കേണ്ടതുണ്ട്. റോമിലെ ക്രൈസ്തവർ അവരുടെ പഴയദേവന്മാരുടെ വിഗ്രഹങ്ങൾക്ക് ക്രിസ്തുമതത്തിലെ വിശുദ്ധന്മാരുടെ പേരുകൾ നൽകി പുനഃപ്രതിഷ്ഠിച്ച കഥ ചരിത്രസത്യമാണല്ലോ. (ഇന്ന് ക്രൈസ്തവർ ആരാധിക്കുന്ന സൂക്ഷിക്കുന്ന ക്രിസ്തുവിന്റേതുൾപ്പെടെയുള്ള എല്ലാരൂപങ്ങളും പഴയ റോമാക്കാരുടെ ദൈവങ്ങളുടേതാണ്). അതുപോലെ സെന്റ് തോമസിന്റെ കാര്യത്തിലും സംഭവിച്ചതാകാനുള്ള സാധ്യത തള്ളിക്കളഞ്ഞുകൂടാ. ക്രൈസ്തവരുടെ ഇടയിൽ ഉപയോഗിക്കുന്ന മാർഗം, പള്ളി തുടങ്ങിയ പദങ്ങൾ ബൗദ്ധസമൂഹങ്ങളുടെ സംഭാവനയാണ്. അടുത്തകാലം വരെ ക്രൈസ്തവസ്ത്രീകൾ ഉപയോഗിച്ചുപോന്ന വസ്ത്രധാരണരീതി പോലും ബുദ്ധമത പാരമ്പര്യത്തിന്റെ ഉത്തമോദാഹരണമത്രെ.

പി.കെ. ബാലകൃഷ്ണ൯്റെ ഭാഷയിൽ പറഞ്ഞാൽ, "സ ജാതിക്ക് പൂർവ്വകാല മാഹാത്മ്യം കണ്ടെത്താവുന്ന ചരിത്രകഥാരചനയിൽ നാം മത്സരിച്ച് വൈഭവം പ്രകടിപ്പിക്കുന്നു." കേരളത്തിലെ ക്രൈസ്തവരും ഇതിൽ നിന്ന് ഭിന്നമല്ല. ചുരുക്കത്തിൽ ക്രിസ്തുമതം മലയാളക്കരയിലെത്തിയത് ആരുടെയും ബോധപൂർവ്വമായ ശ്രമത്തിൽ നിന്നല്ല, മറിച്ച് ചരിത്രപരമായ കാരണങ്ങളാലാണ്. പിൽക്കാലവൈദേശീയ താത്പര്യങ്ങൾ തദ്ദേശീയ ക്രൈസ്തവസമൂഹത്തിലൂടെ സ്ഥാപിച്ചെടുക്കുന്നതിനുവേണ്ടി മെനഞ്ഞെടുത്ത കഥയാണ് സെന്റ്തോമസ് പാരമ്പര്യം.

*******

**അസത്യത്തിന്റേയും അധർമ്മത്തിന്റേയും മറ്റൊരു ഉദാഹരണം കൂടി!**

**മദറിന്റെ രോഗശാന്തി സംഭവം ശരിയല്ലെന്ന് ബംഗാൾ മന്ത്രി (പത്രവാർത്ത)**

**കൊൽക്കത്ത : മദർ തെരേസയെ വിശുദ്ധയായി പ്രഖ്യാപിക്കുന്നതിന് വത്തിക്കാൻ തെളിവായി അംഗീകരിച്ച അത്ഭുത രോഗശാന്തി സംഭവം ശരിയല്ലെന്ന വാദവുമായി പശ്ചിമബംഗാൾ ആരോഗ്യമന്ത്രി രംഗത്തെത്തി. പശ്ചി**



Scanned with CamScanner

മബംഗാളിലെ തെക്കൻ ജിനാപ്പൂർ ജില്ലയിലെ മോണിക്ക ബെർസ എന്ന യുവതിയുടെ അണ്ഡാശയത്തിൽ വളർന്ന് ട്യൂമർ, മദർ തെരേസയുടെ പ്രത്യേക പ്രാർത്ഥനയാലും അനുഗ്രഹത്താലും ഭേദപ്പെട്ടുവെന്ന പള്ളി അധികാരികളുടെ റിപ്പോർട്ട് വത്തിക്കാൻ കഴിഞ്ഞ ആഴ്ച അംഗീകരിച്ചിരുന്നു. എന്നാൽ ഈ സംഭവം ശരിയല്ലെന്നും മോണിക്കയുടെ രോഗം മാറിയത് മരുന്നു കഴിച്ചതുകൊണ്ടാണെന്നും ബംഗാൾ ആരോഗ്യമന്ത്രി സൂര്യകാന്ത മിശ്ര പറയുന്നു. ഇതിൽ ഒരു അത്ഭുതവും നടന്നിട്ടില്ലെന്നും ആസ്പത്രി രേഖകളെ അടിസ്ഥാനമാക്കിക്കൊണ്ട് മന്ത്രി വാദിക്കുന്നു.

1998 ലാണ് മോണിക്കയുടെ അണ്ഡാശയത്തിലെ ട്യൂമർ കണ്ടുപിടിച്ചത്. മരുന്നുകൾ കഴിച്ചിട്ടും ഫലമമില്ലാതെ വന്നപ്പോൾ, മോണിക്കയുടെ കഴുത്തിൽ മദർതെരേസയുടെ മുദ്രയുള്ള ലോക്കറ്റ് ധരിച്ച് പ്രത്യേക പ്രാർത്ഥനകൾ നടത്തി. ഇതേ തുടർന്ന് 1998 സെപ്റ്റംബർ 5 ന് ആദിവാസി യുവതിയുടെ രോഗം ഭേദപപ്പെട്ടുവെന്നാണ് പള്ളി അധികൃതരുടെ റിപ്പോർട്ട്. ബംഗാളിലെ ബലൂർഘട്ട് ആശുപത്രിയിൽ മോണിക്കയെ ചികത്സയ്ക്ക് വിധേയമാക്കിയെന്നും ഇതേത്തുടർന്നാണ് യുവതിയുടെ രോഗം ഭേദമായതെന്നുമാണ് ആരോഗ്യമന്ത്രി പറയുന്നത്.

മോണിക്കയ്ക്ക് ക്ഷയരോഗബാധയെ തുടർന്നാണ് അണ്ഡാശയത്തിൽ ട്യൂമർ വളർന്നത്. നിരവധി പരിശോധനകൾക്കു ശേഷമാണ് ട്യൂമർ കണ്ടുപിടിച്ചതെന്ന് യുവതിയെ ചികിത്സിച്ച ഡോ. തരുൺ ബിശ്വാസ് വെളിപ്പെടുത്തി. ക്ഷയരോഗത്തിന് ഒൻപത് മാസത്തെ തുടർചികിത്സ നടത്തിയ ശേഷമാണ് മോണിക്കയുടെ അസുഖം ഭേദമായതെന്നും ഡോക്ടർ പറയുന്നു.

മന്ത്രിയുടെയും ആസ്പത്രി അധികൃതരുടെയും വാദങ്ങളോട് ഇവിടത്തെ കത്തോലിക്കാപള്ളി അധികൃതർ പ്രതികരിച്ചിട്ടില്ല.

*******

## സെ. ഫ്രാൻസിസ് സേവ്യർ വിശുദ്ധനോ? അതോ മഹാപാപിയോ? ചരിത്രം തിരുത്താനൊരു പള്ളിക്കൃഷിയും (ഡോ: സി.ഐ. ഐസക്)

ഏതാനും ദിവസങ്ങൾക്ക് മുൻപ് (നവംബർ 17) നമ്മുടെ കൊച്ചിയിലെത്തിയിരുന്നു. തോമാസ്ലീഹായുടെ ഭാരതപ്രവേശനത്തിന്റെ 1950-ാം വാർഷികവും, ഫ്രാൻസീസ് സേവ്യറുടെ സ്വർഗ്ഗീയ പ്രവേശനത്തിന്റെ (ചരമം) 450-ാം വാർഷികവും ആചരിക്കുന്നതിന്റെ ഭാഗമായുള്ള വിശ്വാസസംഘമത്തിന്റെ ഉദ്ഘാടനപരിപാടിയിലും അദ്ദേഹം പങ്കെടുത്തു. ഈ അവസരത്തിൽ രണ്ടു സംഭവങ്ങളുടെയും യഥാർത്ഥസ്വരൂപം എന്താണ് എന്ന് ഒരു അന്വേഷണം നടത്തുന്നത് ഉചിതമായിരിക്കും എന്നു വിശ്വസിക്കുന്നു.



Scanned with CamScanner

കേരളീയ സമൂഹത്തിൽ ക്രിസ്തുമത സാന്നിദ്ധ്യം പ്രകടമാകുന്നത് മദ്ധ്യേക്ഷയിൽ ഇസ്ലാമിന്റെ വ്യാപനത്തോടുകൂടിയാണ്. അവിടങ്ങളിൽ നടന്ന ക്രൂരമായ മതപീഡനങ്ങളിൽ നിന്നും മോചനം നേടി പാഴ്സികളും ക്രിസ്ത്യാനികളും ഭാരതത്തിലെത്തി. ഭാരതം പണ്ടുമതലേ നിരാശ്രയരുടെ അഭയ കേന്ദ്രമായിരുന്നു. ക്രിസ്ത്യാനികളുടെ പീഡനങ്ങളിൽ നിന്നും രക്ഷപ്പെട്ട ജൂതർ കണ്ടെത്തിയ അഭയസ്ഥാനം ഭാരതമായിരുന്നല്ലോ. അവരുടെ രക്തം വീഴാത്ത ഒരേ ഒരു നാടും ഇതായിരുന്നു. ഈ കേട്ടറിവാകാം ക്രസ്ത്യാനികളേയും പാഴ്സികളേയും ഭാരതത്തിലെത്തിച്ചത്. അങ്ങിനെയാണ് ക്രിസ്തുമതം ആദ്യമായി കേരളത്തിലെത്തുന്നത്. ഇവിടുത്തെ പുരാതന ക്രിസ്ത്യൻ തറവാട്ടുകാർ സുറിയാനി (സിറിയയിൽ നിന്ന് കുടിയേറിയവർ) ക്രിസ്ത്യാനികൾ എന്ന് അറിയപ്പെടാനായി ആഗ്രഹിക്കുന്നത്. ഇന്ന് നാം ഇവിടെ കാണുന്ന തരത്തിലൊരു ക്രിസ്തുമതം ഇവിടെ സൃഷ്ടിച്ചത്. ഫ്രിങ്കി-ഫ്രാൻസീസ് സേവ്യർ കൂട്ടുകെട്ടാണ്.(അ) വിശുദ്ധനായ ഫ്രാൻസീസ് സേവ്യറുടെ വിശുദ്ധിയുടെ രഹസ്യങ്ങളെ അവലോകനം ചെയ്യുവാൻ ഈ അവസരം ഉപയോഗിച്ചുകൊള്ളട്ടെ.

സ്പെയിനിലെ ലിസ്ബൺ തുറമുഖത്തു നിന്നു 1541 ൽ ഭാരതത്തിലേക്ക് കപ്പൽകയറിയ ഒരു ജസ്യൂട്ട് പാതിരിയാണ് നമ്മുടെ കഥാപാത്രം. ഭാരതത്തിലും (8 വർഷം) പൂർവ്വേഷ്യയിലുമായി ഒരു ദശകത്തിലധികം കാലഘട്ടം ക്രിസ്തുമത പ്രചരണത്തിലേർപ്പെട്ട ഈ പാതിരിയെപ്പറ്റി നിരവധി കെട്ടുകഥകൾ സഭ തന്നെ പ്രചരിപ്പിച്ചിട്ടുണ്ട്. ഇയാളുടെ യഥാർത്ഥ സ്വഭാവം മനസ്സിലാക്കണമെങ്കിൽ ഈ കെട്ടുകഥകൾക്കപ്പുറമുള്ള ചരിത്രത്തിലേക്ക് കടന്നു ചെല്ലണം. മദ്ധ്യകാല മുസ്ലീം ചക്രവർത്തിമാരെപ്പോലും ലജ്ജിപ്പിക്കത്തവിധം കേരളത്തിലെ ക്രിസ്ത്യാനികളുടെ ഇടയിൽ അസഹിഷ്ണുതയുടെ വിത്തുകൾ ചിലപ്പോഴൊക്കെ മുളയ്ക്കാറുണ്ട്. അത് ശബരിമല തീവെയ്പായിട്ടും പൂങ്കാവന കയ്യേറ്റമായും കാലഘട്ടങ്ങളിലൂടെ ഇന്നും അവതരിക്കുന്നുണ്ട്. ഭാരതത്തിൽ നിലവിലുണ്ടായിരുന്ന ക്രിസ്തുമതത്തെ ഫ്രിങ്കി മതാന്ധതയുടെ ഉപഉല്പന്നമാക്കിത്തീർത്തതിൽ ഈ പാതിരിയുടെ സേവനം അവിസ്മരണീയമത്രെ!

1542-ൽ കേരളത്തിലെത്തിയ ഫ്രാൻസീസ് സേവ്യർ എന്ന ജസ്യൂട്ട് പാതിരി കന്യാകുമാരി മുതൽ തിരുനെൽവേലി വരെയുള്ള സ്ഥലങ്ങളിലെ പരവന്മാരേയും, മത്സ്യബന്ധനം തൊഴിലാക്കിയിട്ടുള്ളവരെയും കൂട്ടമതപരിവർത്തനത്തിനു വിധേയമാക്കി. ഈ സംഭവം വിജയനഗരസാമ്രാജ്യത്തെ കണക്കിലധികം ചൊടിപ്പിച്ചു. വിജയനഗരരാജാവ് രാമരായ വിഠലയുടെ

കീഴിൽ ഒരു സൈന്യത്തെ അയച്ചാണ് ഈ കൂട്ടമാറ്റപ്രക്രിയയ്ക്ക് തടയിട്ടത്. തുടർന്ന് മണ്ഡലം വ്യാപിപ്പിച്ചു. അങ്ങനെ മലബാർ തീരത്തെ കർമ്മ മേഖലയാക്കിയ പാതിരി സാമ-ദാന-ദണ്ഡ ഉപായങ്ങളിലൂടെ ഈ പ്രദേശങ്ങളിൽ മത്സബന്ധനം തൊഴിലാക്കിയിട്ടുള്ള ജാതികളെ കൂട്ടത്തോടെ മതപരിവർത്തനം ചെയ്യിച്ചു. ഇന്ന് ലത്തീൻ കത്തോലിക്കർ എന്ന് അറിയപ്പെടുന്ന മുഴുവൻ ക്രൈസ്തവരും ഫ്രാൻസീസ് സേവ്യറുടെ പ്രേഷിത പ്രവർത്തനത്തിന്റെ ഉൽപന്നങ്ങളാണ്.

കൂടാതെ, ഇവിടെ ഉണ്ടായിരുന്ന ഒരു ചെറിയ ക്രൈസ്തവ സമൂഹത്തെ ഭാരതീയ പാരമ്പര്യങ്ങളിൽ നിന്നും സംസ്കാരത്തിന്റെ മുഖ്യധാരയിൽ നിന്നും പറിച്ച് റോമാസഭയുടെയും ഫ്രിങ്കികളുടെയും അധികാരത്തിന്റെ കീഴിലാക്കാൻ ഈ പാതിരിയും അനുയായികളും ശ്രമിച്ചത് നിരവധി സംഘർഷങ്ങൾ സൃഷ്ടിക്കുന്നതിന് ഇടയാക്കി. തദ്ദേശീയ ക്രിസ്ത്യാനികളെ ലത്തീൻവൽക്കരിക്കുകയും അഹിന്ദുക്കളാക്കിത്തീർക്കുകയും ചെയ്യാനുള്ള അവരുടെ ആദ്യശ്രമം കൂനൻകുരിശ് സത്യത്തിൽ എത്തിച്ചു. ഇന്നും അവസാനിക്കാത്ത സംഘർഷങ്ങൾക്കു കാരണം ക്രൈസ്തവർക്കു നൽകിയ സംഭാവനയാണ് എന്നത് വിസ്മരിക്കാനാവുന്നില്ല.

ഗോവയിൽ എത്തിച്ചേർന്ന ഈ പാതിരി അവിടെ കാട്ടിക്കൂട്ടിയ ഹീന കൃത്യങ്ങൾക്ക് ഇന്നത്തെ നമ്മുടെ ശിക്ഷാനിയമമനുസരിച്ച് ശിക്ഷവിധിക്കുകയാണെങ്കിൽ 1200 കൊല്ലം കഠിനതടവും കഴുമരവും ഒന്നിച്ചുകൊടുക്കുവാൻ തക്ക പാതകങ്ങൾ അദ്ദേഹം ചെയ്തിട്ടുണ്ട്. നിരവധി ഹിന്ദുശിശുക്കളെ തട്ടിയെടുത്തു മതപരിവർത്തനം ചെയ്ത് ഈ വിശുദ്ധൻ കാണിച്ച മാതൃക ഇന്നും ഇവിടെ അനാഥാലയങ്ങളുടെ മറവിൽ അരങ്ങേറുന്നത് ഒരു പക്ഷേ നാം ശ്രദ്ധിക്കുന്നുണ്ടാവുന്നില്ല. ശവങ്ങൾ അന്വേഷിച്ച് കഴുകൻ നടക്കുന്നതുപോലെയാണ് ഈ കൂട്ടർ അനാഥന്മാരെ അന്വേഷിച്ച് നടക്കുന്നത്.

ഗോവയിലെ ഗൗഡസാരസ്വതർ (കൊങ്കിണികൾ) എന്ന സമൂഹത്തെ ചതുരുപായങ്ങളിലൂടെ കത്തോലിക്കരാക്കുക എന്ന വിക്രിയയായിരുന്നു നമ്മുടെ കഥാപാത്രായ വിശുദ്ധന്റെ ഹോബി. ഈ ഹോബിക്ക് വിധേയരാവാതെ സ്വന്തം വിശ്വാസം കാത്തുസൂക്ഷിക്കാൻ ശ്രമിച്ചവരെ കൂട്ടത്തോടെ ചുട്ടുകരിക്കാൻ നേതൃത്വം നൽകിയ വിശുദ്ധനാണ് ഇദ്ദേഹം. ഈ വിശുദ്ധന്റെ പീഡനകൾ സഹിക്കാതെ എല്ലാം ഉപേക്ഷിച്ചോടിയവരുടെ പിന്മുറക്കാരാണ് നമ്മുടെ നാട്ടിലെ കൊങ്കിണികൾ. അവരോട് ചോദിച്ചാൽ ഈ ക്രൂരനായ പാതിരി അഴിച്ചുവിട്ട മർദ്ദനകളുടെ നീറുന്ന ഓർമ്മകൾ ഒരു കഥ പോലെ അവർക്ക് പങ്കുവെയ്ക്കാനുണ്ടാവും. മതത്തിന്റെ പേരിൽ ഭാരതത്തിൽ ഹൈന്ദവരെ കൂട്ടക്കൊല ചെയ്ത ആദ്യ ക്രൈസ്തവ പുരോഹിത



Scanned with CamScanner

നാണ് ഇയാൾ. ഇയാളുടെ 450-ാം സ്വർഗ്ഗ (നരക) പ്രവേശനത്തിന് ഭാരതത്തിന്റെ പ്രഥമപൗരനെ തന്നെ കണ്ടെത്തിയത് ഒരു ഗൂഢാലോചനയുടെ ഭാഗമാണ്. ഹിന്ദുക്കളെ അടച്ചാക്ഷേപിക്കുകയും ഒരു പരിധിവരെ ഭീഷണിപ്പെടുത്തുകയും ചെയ്യുന്നതായിരുന്നു ഈ നടപടി. 2002 നവംബർ 17 ലെ മനോരമ പത്രത്തിന്റെ ഞായറാഴ്ചപ്പതിപ്പിൽ കർദ്ദിനാൾമാർ വർക്കി വിതലയത്തിന്റെ പേരിൽ വന്ന ലേഖനം ഇങ്ങനെ പറയുന്നു. സ്വന്തം രാജ്യത്തു ജനിക്കാത്ത മതത്തിൽ വിശ്വസിക്കുന്നവരെ വിദേശികളായി മുദ്രകുത്തുന്ന ചിന്തയുടെ അപകടത്തെക്കുറിച്ച് ലോകത്തിലെ വിവിധരാഷ്ടീയങ്ങളിൽ ഇന്ത്യാക്കാരുണ്ടെന്നതിനാൽ നാം ബോധവാന്മാരാവണം ഈ അടിവരയിട്ടിരിക്കുന്ന ഭാഗം ഭാരതത്തിലെ 80 കോടിയിലധികം വരുന്ന ഹിന്ദുക്കൾക്കു നേരെ നടത്തിയ ഭീഷണിയല്ലാതെ മറ്റെന്താണ്? ചുരുക്കത്തിൽ ഹൈന്ദവസഹോദരന്മാരെനിഷ്ഠൂരമായി കൊലചെയ്തവന്റെ 450-ാം ചരമവാർഷികം പ്രഥമ പൗരനെക്കൊണ്ടു തന്നെ നടത്തിച്ചത് ഹൈന്ദവസമൂഹത്തെ ആക്ഷേപിച്ചതിനു തുല്യമാണ്. ഇതാ അവിശുദ്ധന്റെ വരികൾ : "When I have finished baptizing people, I order them to destroy the huts in which they keep idols and I have them beak the status of their idols into tiny pieces, since they are now Christians. I could never come to an end describing to you the great consolation which fills my soul when I see idols being destroyedby the hand of those who had been idolaters".

ഗോവയിലെ കൊങ്കിണി സമൂഹത്തോട് ഈ പുരോഹിതന്റെ നേതൃത്വത്തിൽ അരങ്ങേറിയ ക്രൂരതകൾ ചെങ്കിഷ്ഖാനെപ്പോലും ലജ്ജിപ്പിക്കുന്ന തരത്തിലുള്ളതായിരുന്നു. മദ്ധ്യകാല മുസ്ലീം ഭരണാധികാരികളെപ്പോലും പിന്നിലാക്കുന്ന തരത്തിലായിരുന്നു ക്രൂരനായ ഈ പുരോഹിതൻ ക്ഷേത്രങ്ങൾ തല്ലിതകർക്കുന്നതിന് നേതൃത്വം നൽകിയത്. ഇയാൾ യൂറോപ്പിലുള്ള പള്ളിമോലളന്മാർക്ക് അയച്ച കത്തിലെ ഒരു വാചകം മാത്രം മതി ഇയാൾക്ക് രാഷ്ട്രീയ അധികാരം കൂടി കിട്ടിയിരുന്നെങ്കിൽ ഔറംഗസീബിനെയും, ടിപ്പു സുൽത്താനെയും ബഹുദൂരം പിന്നിലാക്കിയേനെ എന്നും മനസ്സിലാക്കുവാൻ. ഫ്രാൻസിസ് സേവ്യർ പ്രസ്തുത കത്തിൽ ഇങ്ങനെ പറയുന്നു. "I told the new christians to demolish the shrines of the idols and saw to it that they crushed the images into dust, I could not express to you the consolation it gave me to watch the Idols being destroyed by the very hands of those who recently used to workship"

(ഞാൻ പുതുതായി മതപരിവർത്തനം ചെയ്ത് ക്രിസ്ത്യാനികളായവരോട് അവരുടെ ക്ഷേത്രങ്ങൾ നശിപ്പിക്കുവാൻ ആവശ്യപ്പെട്ടു. അവർ അതു



Scanned with CamScanner

നശിപ്പിക്കുന്നതു ഞാൻ കണ്ടു. വന്ദിച്ച കൈകൾ കൊണ്ടുതന്നെ ഈ വിഗ്രഹങ്ങളെ തകർക്കുന്നത് കണ്ടതിന്റെ ആശ്വാസം എനിക്ക് നിന്നോട് പറയാവതല്ല)

വിശ്വാസത്തിന്റെ സംരക്ഷണത്തിനുവേണ്ടി ബലിദാനികളാകേണ്ടി വന്ന നിരവധി ഹതഭാഗ്യർ ചിന്തിച്ച രക്തത്തിന്റെ ഗന്ധം ഇന്നു അവിടുത്തെ കാറ്റിനുണ്ട്. അവർ പടുത്തുയർത്തിയ നിരവധി ക്ഷേത്രങ്ങൾ ഇടിച്ചു നിരത്തി പള്ളിപണിത ഈ പുരോഹിതൻ 1552 ൽ മരിച്ചു എങ്കിലും താൻ മുൻകൈയെടുത്തു സ്ഥാപിച്ച മതവിചാരണ കോടതി (Court of inquisition) 1560 മുതൽ 1812 വരെ ഗോവയിലെ നിരവധിയായ മനുഷ്യജീവനുകളെ പീഡിപ്പിക്കുകയോ നിഗ്രഹിക്കുകയോ ചെയ്തിട്ടുണ്ട്. ഈ കൊടുംക്രൂരന്റെ ഭൗതിക ശരീരം ഗോവയിലെ ബോംജീസസ് ബസലിക്കയിലെ ചില്ലുപേടകത്തിൽ സൂക്ഷിച്ചുവെച്ചിരിക്കുന്നു. നാളെ കാലം അതിന്റെ ചുവട്ടിൽ ഒരു മഹാപാപിയുടെ അന്ത്യവിശ്രമം എന്നു രേഖപ്പെടുത്തിയാൽ അത്ഭുതത്തിനവകാശമില്ല. ഹിന്ദുവിന്റെ വിശാലമനസ്ക്കത ഒന്നുകൊണ്ടുമാത്രമാണ്. ഈ ഭൗതിക ശരീരം അവിടെ നിലനിർത്തുവാൻ അനുവദിച്ചിരിക്കുന്നത്. മറ്റേതെങ്കിലും രാജ്യത്തായിരുന്നെങ്കിൽ പൊതുജനം കൈകാര്യം ചെയ്തേനേ. സോവിയറ്റു യൂണിയൻ തകർന്നപ്പോൾ ലെനിനും, മാർക്സും, ഏംഗൽസും ഒക്കെ കടപുഴകി വീണത് നാം ഗിനിസ്ക്രീനിലൂടെ കണ്ടതല്ലേ? നരവംശത്തോട് ഇത്ര ക്രൂരത കാട്ടിയ ഫ്രാൻസിസ് സേവ്യർ വിശുദ്ധനോ? അതോ മഹാപാപിയോ? തീരുമാനിക്കേണ്ടത് കാലം തന്നെ. മദർ തെരേസ്സയെ വിശുദ്ധയാക്കാൻ വേണ്ടി അത്ഭുതങ്ങൾക്കായി അലഞ്ഞുതിരിയുന്ന പാപം ഇടയന്മാർക്ക് ഈ മഹാപാപിയായ വിശുദ്ധൻ കോടികൾ നേടിക്കൊടുക്കുന്ന Assest ആണല്ലോ.

ചരിത്രം തിരുത്താനൊരു പള്ളിക്കൃഷി : ഇന്ന് കേരളത്തിൽ പല സ്ഥലങ്ങളിലും നിലനിൽക്കുന്ന പഴയ പള്ളികൾ (ക്രിസ്ത്യൻ, മുസ്ലീം) പൊളിച്ച് പുതിയവ അതിന്റെ സ്ഥാനങ്ങളിൽ പണിയുക എന്ന നടപടി സർവ്വസാധാരണമായിരിക്കുന്നു. ചില സ്ഥലങ്ങളിലൊക്കെ വിശ്വാസികൾ ഇത്തരം നടപടികളെ എതിർക്കുന്നതായി ഉള്ള പത്രറിപ്പോർട്ടുകളും കാണുന്നുണ്ട്. ഇത്തരമൊരു പള്ളി പൊളിക്കൽ നാടകം ഇപ്പോൾ കോട്ടയം ജില്ലയിലെ രാമപുരം എന്ന സ്ഥലത്ത് സജീവമായിരിക്കുന്നു. എന്നതാണീപള്ളി പൊളിച്ചു പണിയുന്നതിന്റെ മനഃശാസ്ത്രം?

ക്രിസ്തുമതം കേരളത്തിൽ ചേക്കേറിയത് പൊതുവർഷം 52-ൽ ആണ് എന്നാണല്ലോ വെയ്പ്.1952-ൽ ക്രിസ്തുമതം ഭാരതത്തിൽ ചേക്കിടം നേടിയതിന്റെ പത്തൊമ്പതാം ശതാബ്ദി ആഘോഷിക്കുവാൻ വേണ്ടി ഇവിടു



Scanned with CamScanner

ത്തെ കത്തോലിക്കാ സഭ വത്തിക്കാനെ സമീപിച്ചതിന്റെ കഥ കാലപ്പഴക്കം കൊണ്ട് പലരും മറന്നു കാണുമെന്ന് കരുതുന്നു. എന്തുതന്നെ ആയിരുന്നാലും ഇവിടുത്തെ ആദ്ധ്യ ക്രിസ്ത്യാനികൾക്ക് വത്തിക്കാന്റെ പ്രഖ്യാപനം ഒട്ടും സ്വീകാര്യം ആയിരുന്നില്ല. അതുകൊണ്ട് അവർ സ്വന്തം നിലയിൽ തോമാശ്ലീഹായുടെ ആഗമനത്തിന്റെ 1900 ആണ്ട് അന്ന് സമുചിതമായിത്തന്നെ ആഘോഷിച്ചിരുന്നു. ഇവിടുത്തെ സഭകൾ തോമാശ്ലീഹ ഏഴര (ഏറ്റുമാനൂരെ ഏഴരപൊന്നാനയ്ക്ക് പകരമായിരിക്കാം) പള്ളികൾ ഇവിടെ സ്ഥാപിച്ചിരുന്നതായി തന്നെ വിശ്വസിച്ചും, വിശ്വസിപ്പിച്ചും പോരുന്നു. ആ ഏഴരപ്പള്ളികളിൽ രണ്ടെണ്ണങ്ങളിൽ ഒന്ന് മലയാറ്റൂരിലെ ശിവക്ഷേത്രം നശിപ്പിച്ച് കുരിശു നാട്ടി പുനർസൃഷ്ടിച്ചു. മറ്റൊന്ന് ശബരിമല ശ്രീ ധർമ്മശാസ്ത്രത്തിന്റെ പൂങ്കാവനത്തിൽ കുരിശുനട്ട് തട്ടിക്കൂട്ടുവാനുള്ള ശ്രമം ഇവിടെ അടുത്ത കാലത്തായി വർദ്ധമാനമായിക്കൊണ്ടിരിക്കുന്ന ഹൈന്ദവബോധത്തിന്റെ മുമ്പിൽ നടക്കാതെയും പോയി. ഈ പശ്ചാത്തലത്തിൽ വേണം ഇപ്പോഴത്തെ പള്ളി പൊളിച്ചു പണിയലിന്റെ മനഃശാസ്ത്രം പരിശോധിക്കേണ്ടത്.

കഴിഞ്ഞ രണ്ട് ദശകങ്ങൾക്കിടയിൽ ഏതാണ്ട് ആയിരം പള്ളികളെങ്കിലും പൊളിച്ചുപണിതിട്ടുള്ളതായി കണക്കാക്കപ്പെടുന്നു. കേരളത്തിന്റെ സാമ്പത്തിക രംഗത്ത് ന്യൂനപക്ഷങ്ങൾ (ഇവിടെ ക്രിസ്ത്യാനികൾ) ക്കുണ്ടായിരുന്ന സാമ്പത്തിക മേൽകോയ്മയുടെ ഒരു ഭാഗം സഭയ്ക്ക് കൈവശപ്പെടുത്താനുള്ള ഉദ്യമമായി മാത്രം ഈ പള്ളി പൊളിച്ചുപണിയലിനെ കാണുന്നതിൽ അർത്ഥമില്ല. അതിലധികമായി പാലയൂർ (ഗുരുവായൂർ) ഉൾപ്പെടെ തിരുവിതാംകൂറിലും കൊച്ചിയിലുമായി പതിനാറാം നൂറ്റാണ്ടുമുതൽ പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യം വരെ കേരളത്തിലെ നിരവധി ഹൈന്ദവ ക്ഷേത്രങ്ങൾ ക്രിസ്തുമത ഭ്രാന്ത് നശിപ്പിക്കപ്പെട്ടതായി ചരിത്രം സാക്ഷ്യപ്പെടുത്തുന്നു. ഫ്രാൻസിസ് സേവ്യർ (അ) വിശുദ്ധന്റെ മതഭ്രാന്തന് മുമ്പിലായിരുന്നു കേരളത്തിലെ ആദ്യത്തെ ക്ഷേത്ര ധ്വംസനം അരങ്ങേറിയത്. കൊല്ലം ജില്ലയിലെ തേവലക്കരയിലെ ക്ഷേത്രവും കൊച്ചിരാജ്യത്തെ പള്ളുരുത്തി ക്ഷേത്രവുമായിരുന്നു ആദ്യമായി കേരളത്തിൽ നടന്ന ക്ഷേത്രം പൊളിക്കൽ (എ. ശ്രീധരമേനോൻ, സർവ്വേ ഓഫ് ഹിസ്റ്ററി, 1970, കോട്ടയം, പുറം. 228, 229) സി.എം. ആഗൂർ എന്ന സായിപ്പ് രചിച്ച ചർച്ച് ഹിസ്റ്ററി ഓഫ് ട്രാവൻകൂർ (1902) എന്ന ഗ്രന്ഥത്തിന്റെ ഏഴ്, എട്ട്, ഒമ്പത് പുറങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്ന വസ്തുതകൾ കൂടി ഇവിടെ പരിശോധിക്കുന്നത് നന്നായിരിക്കുമെന്ന് കരുതുന്നു. അദ്ദേഹം പ്രസ്തുത ഗ്രന്ഥത്തിൽ പറയുന്നു. 1816 ൽ 19, 524 ക്ഷേത്രങ്ങളും 301 പള്ളികളും തിരുവിതാംകൂറിൽ ഉണ്ടായിരുന്നുവെന്ന്, 1891 ൽ അവ യഥാക്രമം 9,364 (ക്ഷേത്രങ്ങൾ) ഉം, 1,116 (പള്ളികൾ) ആയി മാറിയിരിക്കുന്നു. അതേ സമയം മലബാർ കളക്ടറായിരുന്ന വില്യം ലോഗൻ



Scanned with CamScanner

1887 ൽ പ്രസിദ്ധീകരിച്ച മലബാർ മാന്വലിൽ പറയുന്നത് ലാറ്റിൻ കത്തോലിക്കർക്ക് കേരളത്തിന്റെ മൂന്ന് പ്രവിശ്യകളിലുമായി (തിരുവിതാംകൂർ, കൊച്ചി, മലബാർ) 40 പള്ളികളെ അന്നുണ്ടായിരുന്നുള്ളൂവെന്ന് (മലബാർ മാന്വൽ, മലയാള പരിഭാഷ, പുറം 228). യൂറോപ്യൻമാരുടെ ആക്രമണം മുതൽ 19 -ാം നൂറ്റാണ്ടിന്റെ ആരംഭദശകം വരെ കേരളത്തിൽ പരമാവധി 300-350 പള്ളികളിൽ കൂടുതൽ ഉണ്ടായിരുന്നിരിക്കാൻ വഴിയില്ല.

നേരെ മറിച്ച് 1816 മുതൽ 1891 വരെയുള്ള കാലഘട്ടത്തിൽ തിരുവിതാംകൂറിൽ മാത്രമായി 10,160 ഹൈന്ദവ ക്ഷേത്രങ്ങൾ നശിപ്പിക്കുകയും അവയുടെ സ്ഥാനത്ത് 815 പള്ളികൾ ഉയരുകയും ചെയ്തു എന്നതായി ആഗൂറിന്റെ പള്ളി ചരിത്രത്തിൽ നിന്ന് മനസ്സിലാക്കാം. അവയിലൊന്നായിരുന്നു പാലയൂരിലെ വായിച്ചിട്ടുണ്ടാകുമല്ലോ? ഏതാണ്ട് 300 കിലോമീറ്റർ നീളവും പരമാവധി 100 കിലോമീറ്റർ വീതിയും ഉള്ള (ഉദ്ദേശ്യം 12,000 നീളവും പരമാവധി 100 കിലോ മീറ്റർ (ഉദ്ദേശ്യം 12,000 ച.കി.മീ വരുന്ന) ഒരു ചെറിയ ദേശത്ത് തിരുവിതാംകൂറിൽ, (അ) വിശുദ്ധനായ ഫ്രാൻസിസ് സേവ്യർ തുടക്കമിട്ട ക്ഷേത്രനശീകരണ പ്രക്രിയ അഭംഗുരം തുടർന്നു. ഇങ്ങനെ നശിപ്പിക്കപ്പെട്ട ക്ഷേത്രങ്ങളുടെ എണ്ണം ആനുപാതികമായി നോക്കിയാൽ ഉത്തരഭാരതത്തിൽ മുസ്ലീം ഭരണാധികാരികൾ എല്ലാംകൂടി നശിപ്പിച്ച ക്ഷേത്രങ്ങളെക്കാൾ എത്ര അധികമാവും ഇവിടുത്തേത്.

ഫ്രാൻസിസ് സേവ്യർ 18-ാം നൂറ്റാണ്ടിൽ കേരളത്തിന്റെ തീരപ്രദേശങ്ങളിൽ പ്രേക്ഷിതവേല തുടങ്ങുമ്പോൾ ഇവിടുത്തെ തുറമുഖപട്ടണങ്ങളിൽ മാത്രമായി ഒതുങ്ങിക്കഴിഞ്ഞിരുന്ന ഏതാനും കുടുംബങ്ങൾ മാത്രമായിരുന്ന ഒരു ചെറിയ സമൂഹമായിരുന്നു ഇവിടുത്തെ സുറിയാനി ക്രിസ്ത്യാനികളുടേത്. ഫ്രാൻസിസ് സേവ്യറുടെ അസഹിഷ്ണുതയും ഒപ്പം മതഭ്രാന്തും കൊണ്ടാണ് ഇവിടുത്തെ ക്രിസ്ത്യാനികളുടെ ജനസംഖ്യ പെരുകിത്തുടങ്ങിയത്. പോർട്ടുഗീസുകാരുടെ (ഫ്രിങ്കികളുടെ) മതഭ്രാന്തിൽ നിന്ന് കേരളത്തിലെ ജൂതന്മാർക്കുപോലും മോചനമുണ്ടായിരുന്നില്ല. മതപീഡനത്തെത്തുടർന്ന് കൊടുങ്ങല്ലൂരിൽ നിന്ന് 1565 ൽ ജൂതർ പറവൂർ, മാള, ചേന്ദമംഗലം, എറണാകുളം തുടങ്ങിയ ഹിന്ദുശക്തി കേന്ദ്രങ്ങളിൽ അഭയം തേടി (എ) ശ്രീധരമേനോൻ, അതേ പുസ്തകം, പുറം 228). തുടർന്ന് ബ്രിട്ടീഷ് മിഷണറിമാരുടെ സേവനങ്ങളുംകൂടി പൂർത്തീകരിക്കപ്പെട്ടപ്പോൾ കേരളത്തിലെ ക്രൈസ്തവ സാന്നിദ്ധ്യം 1951 ൽ 20.8 ശതമാനമായി ഉയർന്നു.

പൊതുവർഷം 849ൽ വേണാട് രാജാവായ അയ്യനടികൾ തിരുവടികൾ കൊല്ലത്തെ ക്രിസ്ത്യൻ കച്ചവടക്കാർക്ക് ഒരു പള്ളി പണിയാനുള്ള



Scanned with CamScanner

അനുവാദം നൽകികൊണ്ടുള്ള കൽപ്പന (തെരസാപ്പള്ളി ചെപ്പേട്ട്) യാണ് കേരളത്തിലെ പള്ളികളുമായി ബന്ധപ്പെട്ട ആദ്യ ചരിത്ര രേഖ. ക്രിസ്ത്യാനികളുടെ സജീവ കേന്ദ്രമായ കോട്ടയത്തു പോലും ഒരു പള്ളി നിലവിൽ വരുന്നത് 1350 ൽ ആയിരുന്നു. കോട്ടയം ജില്ലയിലെ ആദ്യത്തെ പള്ളി എന്ന് അവകാശപ്പെടാവുന്ന ചരിത്രരേഖ ഉള്ളത് ഈ (വലിയ) പള്ളിക്കാണ് എന്നത് വിസ്മരിക്കാവുന്നതല്ല. ചുരുക്കത്തിൽ ഇവിടെ പള്ളി ഒരു വ്യവസായമാകുന്നത് യൂറോപ്യൻ ആധിപത്യത്തിലൂടെയായിരുന്നു.

ഈ ചരിത്രസത്യങ്ങളെ എല്ലാം മറച്ചുവെച്ചിട്ട് ആയിരത്തിതൊള്ളായിരത്തിലധികം കൊല്ലങ്ങളുടെ പാരമ്പര്യം അവകാശപ്പെടുന്ന നിരവധി പള്ളികൾ ഇന്ന് കേരളത്തിലുണ്ട്. (അതിലൊന്നാണ് കോട്ടയം ജില്ലയിലെ രാമപുരം ഫൊറായിൻ പള്ളി), പഴക്കം ഏറെ അവകാശപ്പെടുന്ന പള്ളികളുടെ പഴക്കം നാളെ ചോദ്യം ചെയ്യപ്പെട്ടേക്കാം. കാരണം ശാസ്ത്രം ഏറെ വളർന്നിരിക്കുന്നു. കാലപ്പഴക്കം നിർണ്ണയിക്കാനുള്ള സംവിധാനങ്ങൾ ഇന്ന് ശാസ്ത്രത്തിന്റെ പക്കലുണ്ട്. അപ്പോൾ ഈ പള്ളികൾ നിലനിൽക്കുന്നത് ഇവിടുത്തെ ക്രൈസ്തവസഭകൾ പറഞ്ഞു പരത്തിയ പാരമ്പര്യവാദത്തിന് തിരിച്ചടി ആയേക്കാം പഴയ പള്ളികൾ നശിപ്പിച്ചതിനുശേഷം പുതിയ പള്ളികളുടെ നിർമ്മാണത്തിനുള്ള ശ്രമം.

പള്ളികൾ പൊളിക്കുമ്പോൾ ഉണ്ടാകുന്ന എതിർപ്പ് സഭതന്നെ സൃഷ്ടിക്കുന്ന പുകമറയാണോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഇത്തരം എതിർപ്പുകളിലും ഒരു പുതിയ ഓറൽ ചരിത്ര രചനയല്ലേ നടക്കുന്നത് എന്ന് തോന്നുന്നു. പള്ളികൾ പൊളിക്കുന്നതിനെതിരെ എതിർപ്പുമായി രംഗത്തുവരുന്നവർ പൊളിക്കപ്പെടുന്ന എല്ലാ പള്ളികൾക്കും ആയിരത്തിലധികം വർഷത്തെ പഴക്കമുണ്ടെന്നവകാശപ്പെടുന്നു. എന്നാൽ എതിർക്കുന്നവരോ സഭയോ ഇത്തരം പള്ളികളുടെ കാലപ്പഴക്കം നിർണ്ണയിക്കാൻ ഒരു ശ്രമവും നടത്തിയതായി കാണാൻ കഴിയുന്നില്ല. കുറ്റവാളികളുടെ തെളിവുനശിപ്പിക്കൽ പോലയോ, തൊണ്ടി മുതൽ ഒളിപ്പിക്കൽ പോലെയോ എത്രയും വേഗം മനുഷ്യദൃഷ്ടിയിൽ നിന്ന് (ചരിത്ര ദൃഷ്ടിയിൽ നിന്ന്) ഇത്തരം പഴയ പള്ളികൾ പൊളിച്ചു നീക്കുക എന്നതാണ് ഇപ്പോൾ കാണുന്ന പ്രവണത.

പൗരാണികത അവകാശപ്പെടുന്ന പള്ളികൾ സംരക്ഷിക്കപ്പെടേണ്ടതില്ലേ? പഴയ പള്ളികൾക്ക് കുഞ്ഞാടുകളുടെ ആധ്യാത്മികാവശ്യങ്ങൾ നിറവേറ്റാൻ ബുദ്ധിമുട്ടുണ്ടെങ്കിൽ ധാരാളം ഭൂമി സ്വന്തമായിട്ടുള്ള ഇടവകൾ എന്തുകൊണ്ട് മറ്റൊരു സൗകര്യപ്രദമായ സ്ഥലത്ത് പുതിയ പള്ളി നിർമ്മിച്ച് പഴയ പള്ളിയെ ചരിത്രസ്മാരകമായി നിലനിർത്തുന്നില്ല? ദൈവശാസ്ത്രപ



Scanned with CamScanner

രമായി ക്രൈസ്തവർ പള്ളി നിൽക്കുന്ന സ്ഥലത്തിന് ഒരു പ്രാധാന്യവും നൽകാത്ത സ്ഥിതിക്ക് എന്തുകൊണ്ട് പുതിയ പള്ളികൾക്ക് സൗകര്യപ്രദമായ മറ്റ് സ്ഥലങ്ങൾ കണ്ടെത്താതെ പഴയ പള്ളികൾ പൊളിച്ച് അതിലെ ചരിത്രപരമായ തെളിവുകൾ പോലും നശിപ്പിച്ചിട്ട് പുതിയ പള്ളികൾ പണിയുന്നു?

ഇതുപോലെ ഒട്ടേറെ ദുരൂഹതകൾ നിറഞ്ഞതാണ് ഇപ്പോൾ നടക്കുന്ന പള്ളി വ്യവസായം? പിന്നോക്ക ഹിന്ദുക്കൾ തിങ്ങിപ്പാർക്കുന്ന ഗ്രാമങ്ങൾ കണ്ടെത്തി അവിടങ്ങളിലൊക്കെ ഏതെങ്കിലും വിശുദ്ധന്റെയോ, സാക്ഷാൽ തോമാശ്ലീഹയുടെയോ പാദസ്പർശമേറ്റതുകൊണ്ടോ, അവിടെ ഉയർന്നു നിൽക്കുന്ന പള്ളിയുടെ പറഞ്ഞുപരത്തിയ കാലപ്പഴക്കം കൊണ്ടോ പവിത്രമായതായി അവകാശപ്പെടണമെങ്കിൽ ഇത്തരം പള്ളിക്കൃഷികൾ അനിവാര്യമാണ്. അതും ഇതൊരു ദീർഘകാല കർമ്മപരിപാടിയുടെ ഭാഗം കൂടി ആകുമ്പോൾ? പിന്നീടൊരിക്കൽ, പോപ്പ് ഭാരതത്തിന്റെ പരമാധികാരം കണക്കിലെടുക്കാതെ മലയാറ്റൂരി (ശിവക്ഷേത്രം) നെ അന്തർദ്ദേശീയ തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിച്ചതുപോലെ, ഇത്തരം സ്ഥലങ്ങളുടെ സാമൂഹ്യ ജീവിതത്തിലെ ഹൈന്ദവ ചിഹ്നങ്ങളെ മായിച്ച് ക്രൈസ്തവ ചിഹ്നങ്ങൾ കൽപ്പിച്ചുകൊണ്ട് അവരെയും ക്രൈസ്തവ വൽക്കരിക്കാനുള്ള ആഗോള ഗൂഢാലോചനയുടെ ഭാഗമാണ് ഈ പള്ളിക്കൃഷി.

16-ാം നൂറ്റാണ്ടു മുതൽ ഇവിടെ രൂപപ്പെട്ട രാഷ്ട്രീയ സാഹചര്യങ്ങളുടെ തണലിൽ കൂണുപോലെ മുളച്ചുപൊന്തിയ കുരിശുകളും, പള്ളികളും കേരളത്തിലിന്നൊരു വ്യവായമായി മാറിയിരിക്കുന്നു. അതും കോട്ടയത്തെ പത്രമുത്തശ്ശികളെപ്പോലെ പണ്ടാരോ അച്ചടിച്ച നോട്ടീസോ ലഘുരേഖയോ പത്രങ്ങളാക്കി... പൊതുജനത്തെ തെറ്റിദ്ധരിപ്പിച്ച്... കൂടെ അതിന്റെ പിതൃത്വവുമേറ്റെടുത്തിട്ട് സ്വയം പത്രമുത്തശ്ശികളായി ഞെളിയുന്നതുപോലെ പള്ളികൾ പൊളിച്ച് അതിന്റെ തെളിവുകൾ കൂടിനശിപ്പിച്ച് പണ്ട് പരശുരാമൻ കേരളം സൃഷ്ടിച്ച് ഞങ്ങളുടെ പള്ളിയെയാണ് ഇവിടം നോക്കാനേൽപ്പിച്ചത് എന്ന് നാളെ പറയുകയാണിതിന്റെയൊക്കെ ലക്ഷ്യം. ഇവിടെ ഹിന്ദുക്കൾ ന്യൂനപക്ഷമാകുമ്പോൾ തങ്ങളാണീ നാടിന്റെ യഥാർത്ഥ ഉടമകളാണെന്ന് വിളംബരം ചെയ്ത് ഇവിടെ ഹിന്ദുക്കൾ ന്യൂനപക്ഷമാകുമ്പോൾ തങ്ങളാണീ നാടിന്റെ യഥാർത്ഥ ഉടമകളെന്ന് വിളംബരം ചെയ്ത് മറ്റൊരു നാഗാലാന്റ് ഇവിടെ സൃഷ്ടിക്കുവാനുള്ള ആദ്യ അദ്ധ്യയന രചനയാണീ പള്ളി പുതുക്കിപ്പണിയലിന്റെ ശാസ്ത്രം.



Scanned with CamScanner

## കർത്താവിന്റെ സന്ദേശം!

കർത്താവ് അരുളി ചെയ്യുന്നു. നീ എന്റെ ചുറ്റികയും യുദ്ധത്തിനുള്ള ആയുധവുമാണ്. നിന്നെകൊണ്ടു ഞാൻ ജനതകളെ തകർക്കുന്നു. നിന്നെ കൊണ്ടു ഞാൻ രാജ്യങ്ങളെ തകർക്കുന്നു. നിന്നെ കൊണ്ടു ഞാൻ കുതിരയെയും കുതിരക്കാരനേയും തകർക്കുന്നു. നിന്നെ കൊണ്ടു ഞാൻ തേരിനേയും തേരാളിയേയും തകർക്കുന്നു. നിന്നെ കൊണ്ടു ഞാൻ പുരുഷനേയും സ്ത്രീയേയും തകർക്കുന്നു. നിന്നെ കൊണ്ടു ഞാൻ ബാലനേയും വൃദ്ധനേയും തകർക്കുന്നു. നിന്നെ കൊണ്ടു ഞാൻ യുവാവിനേയും യുവതിയേയും തകർക്കുന്നു. നിന്നെകൊണ്ടു ഞാൻ ഇടയനേയും അയാളുടെ ആറ്റിൻപറ്റത്തേയും തകർക്കുന്നു. നിന്നെകൊണ്ടു ഞാൻ ദേശാധികാരികളേയും സേനാധിപന്മാരേയും തകർക്കുന്നു... നിങ്ങളുടെ മുന്നിൽവെച്ചു തന്നെ ഞാൻ പകരം വീട്ടും; കർത്താവാണിത് അരുൾ ചെയ്യുന്നത്.
(ബൈബിൾ : യിരെമ്യ : 51 – 20 മുതൽ 25 വരെ)

കർത്താവിന്റെ ദിനം കൊതിക്കുന്ന നിങ്ങൾക്ക് ദുരിതം. കർത്താവിന്റെ ദിനം നിങ്ങൾക്കെന്തിനാണ്? അതു വെളിച്ചമല്ല, ഇരുട്ടാണ്, സിംഹത്തിന്റെ മുമ്പിൽ നിന്ന് ഓടിയവൻ കരടിയുടെ മുമ്പിൽ ചെന്നു പെടുന്നതു പോലെയാണ് ഇത്.... കർത്താവിന്റെ ദിനം ഇരുട്ടല്ലേ? വെളിച്ചമല്ലല്ലോ. പ്രകാശമില്ലാത്ത ഇരുട്ടല്ലേ അത്? നിങ്ങളുടെ തിരുനാളുകൾ ഞാൻ വെറുക്കുന്നു, ഞാൻ തള്ളിക്കളയുന്നു, കർത്താവ് അരുളി ചെയ്യുന്നു:
ബൈബിൾ : ആമോസ്: 5 – 18 മുതൽ 22 വരെ)

Scanned with CamScanner